SYRIAN CHURH CASE

ORDER

OF

THE TRAVANCORE - COCHIN HIGH COURT

IN

REVIEW PETITION NO. 42 OF 1122.

---

by

Chief Justice C. Kunhiraman

Justice P. K. Subramaniya Iyer

and

Justice Joseph Vithayathil.

Translated into Malayalam

By

P. P. JOHN B. A. B. L.

Published by

MODERN BOOK-STALL, KOTTAYAM.

Price Re. 1

Printed at The Victory Press, Kottayam.

1952.

ശുദ്ധിപത്രം

പേജ്	വരി	അശുദ്ധം	ശുദ്ധം
1	24	നിദാന്ത	നിതാന്ത
1	30	പുലിക്കാട്ടുതുകലൻ	പുലിയാട്ടു തുകലൻ
8	25	I. L. R.	L. R.
15	25	ശരിയംണെങ്കിൽ	ശരിയാണെങ്കിൽ
27	8	ട്ടുതള്ളല്ല	ട്ടുള്ളതല്ല
40	19	കേസ്നിൽ	കേസ്സിൽ
41	25	വൈദീകകുറാവും	വൈദീക കുററവും
42	30	alteration plea	alternative plea
44	6	കാഴെ	താഴെ
51	26	കാതോലിക്കാ	കത്തോലിക്കാ
52	1	കാതോലിക്കാ	കത്തോലിക്കാ
53	28	കാതോലിക്കാ	കത്തോലിക്കാ
57	9	അപ വാദികളെ	അവ വാദികളെ
58	19	10	10-ാം
65	7	സ് താത്തിക്കോൽ	സ് താത്തിക്കോൻ
66	20	സ് താത്തിക്കോൽ	സ് താത്തിക്കോൻ
68	15	സ് താത്തിക്കോൽ	സ് താത്തിക്കോൻ
70	25	വ്യവസ്ഥപ്പെട്ടത്തിയിരിക്കണം	വ്യവസ്ഥപ്പെട്ടതായിരിക്കുന്നു.

തിരുവിതാംകൂർ-കൊച്ചി
ഹൈക്കോടതിയിൽ

ഹാജർ മി. സി. കൻഹിരാമൻ ചീഫ് ജസ്റ്റീസ്.
മി. ജസ്റ്റീസ് പി. കെ. സുബ്രമണ്യഅയ്യർ.
മി. ജസ്റ്റീസ് ജോസഫ് വിതയത്തിൽ.

അപ്പീൽ 119-ൽ 1-ാം നമ്പരിൽ (തിരുവിതാംകൂർ) റിവ്യൂഹർജി 1122-ൽ നമ്പർ 42.

റിവ്യൂഹർജിക്കാർ (അപ്പീൽ 1-ം 2-ം പ്രതികൾ)

1. കോട്ടയം വിജയപുരം പകുതി ഗോവിന്ദപുരം കരയിൽ പഴയ സിമ്മനാരിയിൽ ഇരിക്കും കിഴക്കിന്റെ കാതോലിക്കായും മലങ്കരമെത്രാനും ആയ മോറാൻമാർ ബസ്സേലിയോസ് (ഹർജിയിലെ വിവരണം ആകുന്നു.)

2. മൂവാറ്റുപുഴ തിരുമാറാടി പകുതിയിൽ പാമ്പാക്കുട കരയിൽ പാലപള്ളിയിൽ പുത്തൻപുരയിൽ മാണി പൌലൂസ് കത്തനാർ.

ഹർജിക്കാർക്കുവേണ്ടി അഡ്വക്കേറ്റന്മാർ.

മെസ്സേഴ്സ് എൻ. പി. എൻജിനീയർ
,, ഈ. ജെ. ഫിലിപ്പോസ്
,, പി. ഐ. സൈമൺ
,, എം. എബ്രഹാം

റിവ്യൂ എതിർ ഹർജിക്കാർ (അപ്പീൽവാദികളും 4-ം 5-ം 7-ം അപ്പീൽപ്രതികളും)

1. ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽ ഇരിക്കും നിരണം വന്ദ്യ ദിവ്യശ്രീ പൌലൂസ് മാർ അത്താനാസ്യോസ് മലങ്കര മെത്രാപ്പോലീത്താ.

2. മൂവാറ്റുപുഴ താലൂക്കിൽ കോതമംഗലം പകുതിയിൽ പുതുപ്പാടി കരയിൽ പൂക്കുന്നേൽ അവിരാ ജോസഫ് കത്തനാർ.

3. കൊച്ചി സംസ്ഥാനത്തു കണയന്നൂർ താലൂക്കിൽ മുളന്തുരുത്തി ഗ്രാമത്തിൽ പുലിക്കോട്ടുതുകലൻ പൈലോ അവിരാ.

4. കോട്ടയം ഗോവിന്ദപുരം കരയിൽ സിറിയൻ സിമ്മനാരിയിൽ താമസം യാക്കോബ് കത്തനാർ സ്കറിയാ കത്തനാർ.

5. പുതുപ്പള്ളി പകുതിയിൽ തോട്ടക്കാട്ട മുറിയിൽ പ്ളാ പറമ്പിൽ കുഞ്ഞൻ ജോർജ്ജ് ശെമ്മാശ്ശൻ.

6. കോട്ടയം വേളൂർ കരയിൽ പുത്തനങ്ങാടിയിൽ ഉള്ളാട്ടിൽ തൊമ്മി ഇത്താക്ക്

1-ം 3-ം എതിർ ഹർജിക്കാർക്കുവേണ്ടി അഡ്വൊക്കേററന്മാർ

മെസ്സേഴ്സ് അച്ചുത റാം
,, കെ. പി. എബ്രഹാം
,, ററി. കെ. ജോസഫ്
,, വി. ഒ. മർക്കോസ്
,, കെ. ററി. നൈനാൻ

1951 ഒക്ടോബർ 24, 25, 26, 30, 31 നം-കളിലും നവംബർ 1-ം 2-ം നം-കളിലും ഈ റവ്യൂഹർജി സംഗതി വാദം കേട്ടശേഷം 21-12-52-ൽ കോടതി താഴെ വരുന്ന ഉത്തരവ് പ്രസ്താവിച്ചു. ഉത്തരവ്.

ജോസഫ് വിതയത്തിൽ—ജെ

1. 119-ൽ അപ്പീൽ 1-ാം നമ്പർ കേസ്സിൽ മുൻതിരുവിതാംകൂർ ഹൈക്കോടതിയിലെ മൂന്ന ജഡ്ജിമാർ ഉൾപ്പെട്ട ഒരു ഫുൾബെഞ്ചിന്റെ വിധിയേ, ഇൻഡ്യൻസിവിൽനടപടി നിയമം 47-ാം ഉത്തരവ് 1-ാം റൂളിന് സമമായ തിരുവിതാംകൂർ സിവിൽ നടപടി നിയമം 45-ാം ഉത്തരവ് 1-ാം റൂൾ അനുസരിച്ച് പുനരായി കേൾക്കണമെന്ന് 1-ം 2-ം അപ്പീൽ പ്രതിഭാഗത്തേക്കുവേണ്ടി ബോധിപ്പിച്ചിട്ടുള്ള ഒരു ഹർജിയാണ് ഇത്. ഈ റവ്യൂഹർജിയിൽ പറയിച്ചിട്ടുള്ള വാദമുഖങ്ങൾ ശരിയായി മനസ്സിലാക്കുന്നതിന് കക്ഷികൾ തമ്മിലുള്ള തക്കത്തിന്റെ ചരിത്രംകൂടി മനസ്സിലാക്കിയിരിക്കേണ്ടതാണ്. അന്യായപട്ടിക വസ്തുക്കൾ മലങ്കര യാക്കോബായ സുറിയാനി സഭവകയാണ്. വാദികളുടെ വാദം അനുസരിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസ് ഈ സഭയുടെ വൈദീകമേലധ്യക്ഷനാണ്. എന്നാൽ അദ്ദേഹം സഭയുടെ ആത്മീക തലവൻ മാത്രമാണെന്നാണ് പ്രതികളുടെ വാദം. മാർത്തോമ്മാ സഭയുടെ രൂപവൽക്കരണത്തിന് ഹേതുഭൂതമായ തിരുവിതാംകൂർ റോയൽക്കോടതിയിൽ 1064-ൽ ഉണ്ടായ വിധിയിൽ (DY അക്കം) പാത്രിയർക്കീസിന് മലങ്കര യാക്കോബായ സഭയിലുള്ള സ്ഥാനം പ്രഖ്യാപിച്ചിട്ടുണ്ട്. മലങ്കരസഭയിൽ പാത്രിയർക്കീസിനുള്ള വൈദീക മേലധികാരം മലങ്കരസഭയിലുള്ള ജനങ്ങളും മെത്രാപ്പോലീത്തന്മാരും വളരെ കാലമായി അംഗീകരിച്ചിട്ടുള്ളതാണെന്നും, സഭയുടെ ആത്മീക കാര്യങ്ങൾ നിർവഹിക്കുന്നതിന് മെത്രാന്മാരെ നേരിട്ടോ അധികാരപ്പെടുത്തിയ പ്രതിനിധികൾ മുഖാന്തിരമോ വാഴിക്കുക, മാമ്മോദീസായ്ക്കും മറ്റും ഈ രാജ്യത്തുള്ള പള്ളികൾക്ക് ആവശ്യമുള്ള മൂറോൻ കൊടുക്കുക, സഭയുടെ ആത്മീയ ഭരണത്തിൽ പൊതുവായി മേൽനോട്ടം വഹിക്കുക, എന്നിവ ആ വൈദീക മേലധികാരത്തിൽ ഉൾപ്പെടുന്നവയാണെന്നും, പാത്രിയർക്കീസിന്റെ അധികാരം സഭയുടെ ലൗകീകങ്ങളുടെ ഭരണം ഉൾക്കൊള്ളത്തക്കവിധം വിസ്തൃതമായിട്ടില്ലെന്നും, ആ വിഷയത്തിൽ ഇതു രണ്ടു സ്വതന്ത്ര സഭയാണെന്നും, മലങ്കര സഭയിലെ മെത്രാപ്പോലീത്താ സ്വദേശിയും ഉമ്പാർകാരനായിരിക്കണമെന്നും അദ്ദേഹത്തെ പാത്രിയർക്കീസ് നേരിട്ടോ അധികാരപ്പെടുത്തിയ പ്രതിനിധി മുഖാന്തിരമോ വാഴിക്കപ്പെടുകയും മെത്രാപ്പോലീത്താ ആയി ജനങ്ങളാൽ സ്വീകരിക്കപ്പെടുകയും ചെയ്യണമെന്നും, ഈപ്രകാരം ആയാൽ മാത്രം അദ്ദേഹത്തിനു മലങ്കരസഭയിലെ ആത്മീകവും ലൗകീകവും ആയ കാര്യങ്ങളിൽ ഭരണം നടത്താൻ സിദ്ധിക്കുകയുള്ളു എന്നും, ഈ വിധിയിൽ (EX:-DY) തീരുമാനിച്ചിട്ടുണ്ട്. ഇത് സഭയെ പ്രതിനിധീകരിച്ചിട്ടുള്ള ഒരു വ്യവഹാരം ആയിരുന്നു. അതിൽ ഉണ്ടായ വിധി തങ്ങളെ ബന്ധിക്കുന്നതാണെന്ന് ഈ കേസ്സിലെ ഇരു ഭാഗക്കാരും സമ്മതിക്കുന്നു.

2. ഇന്ത്യയുടെ സ്റ്റേററ് സെക്രട്ടറി 1088-ൽ ബോധിപ്പിച്ചതും ററി. എൽ. ആർ. Vol 41-ൽ പ്രസ്താവിച്ചിട്ടുള്ളതുമായ കേസ്സിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കര യാക്കോബായ സഭയിന്മേലുള്ള അധികാരത്തെപ്പററി വീണ്ടും തിരുവിതാംകൂർ ഹൈക്കോടതിയിലെ ഒരു ഫുൾബെ

ങ്ങ് പരിചിന്തിച്ചു. മാർ ഗീവറുഗീസ് ദീവന്നാസ്സ്യോസിനെ അബ്ദുള്ളാ പാത്രിയർക്കീസ്സ് 1086-ൽ മുടക്കുകയും തൽ സ്ഥാനത്തേക്കു മലങ്കര മെത്രാപ്പോലീത്താ ആയി മാർ ക്രറിലോസ്സിനെ നിയമിക്കുകയും ചെയ്തതു മൂലമാണ് കേസ്സ് ഉണ്ടായതു്. തന്റെ മുടക്ക് അസാധുവാണെന്നും, മലങ്കര മെത്രാപ്പോലീത്താ ആയിട്ടും മെത്രാപ്പോലീത്താ ട്രസ്റ്റി ആയിട്ടും താൻ തന്നെയാണ് തുടരുന്നതെന്നും മാർ ഗീവറുഗീസ് ദീവന്നാസ്സ്യോസ് വാദിച്ചു. 1808-ൽ അന്നത്തെ മലങ്കര യാക്കോബായ സഭയിലെ മെത്രാപ്പോലീത്താ ഈസ്റ്റ് ഇന്ത്യാ കമ്പനിയെ ഏല്പിച്ചിരുന്ന ഒരു ഫണ്ടിന്റെ പലിശ വാങ്ങിക്കുന്നതിന് അവകാശമുള്ള ശരിയായ ട്രസ്റ്റികൾ ആരാണെന്ന് തീരുമാനിക്കുന്നതിന് വേണ്ടിയായിരുന്നു ആ വ്യവഹാരം ബോധിപ്പിച്ചതു്. പാത്രിയർക്കീസ് മാർ ഗീവറുഗീസ് ദീവന്നാസ്സ്യോസിനെ മുടക്കിയതു് സാധുവാണോ അല്ലയോ എന്നുള്ളതായിരുന്നു ആ കേസ്സിൽ തീരുമാനിക്കേണ്ട സംഗതി. എപ്പിസ്കോപ്പന്മാരെയും, മെത്രാന്മാരേയും സ്വതന്ത്രനിലയിൽ വാഴിക്കുന്നതിനും മുടക്കുന്നതിനും ഉള്ള അധികാരം അന്ത്യോഖ്യാ പാത്രിയർക്കീസ്സിനുണ്ടെന്നും അതിലേക്ക് മെത്രാന്മാരുടെ സുന്നഹദോസ് വിളിച്ചു കൂട്ടുകയോ, സുന്നഹദോസ് മുഖാന്തിരം നടപടി നടത്തുകയോ ചെയ്യേണ്ട ആവശ്യം ഇല്ലെന്നും, വാഴിക്കപ്പെടുന്ന മെത്രാപ്പോലീത്താ മലങ്കര സ്വദേശിയും ജനങ്ങളാൽ സ്വീകരിക്കപ്പെട്ട ആളും ആയിരുന്നാൽ മാത്രം മതിയെന്നും പ്രസ്തുത കേസ്സിൽ ഫുൾബെഞ്ച് തീരുമാനിച്ചു. മലങ്കര യാക്കോബായ സുറിയാനിസഭയെ ബന്ധിക്കുന്നതായി സഭ അംഗീകരിച്ചിട്ടുള്ളതും സ്വീകരിച്ചിട്ടുള്ളതും 18 അക്കം (ഈ കേസ്സിൽ ബി. പി. അക്കം) കാനോനാണെന്നും "എ" അക്കം (ഈ കേസ്സിലെ 26 അക്കം) കാനോനല്ലെന്നും ആ കേസ്സിൽ തീരുമാനിച്ചു. സഭാ സ്വത്തുക്കളുടെ ദുർഭരണമോ അപഹരണമോ ഉണ്ടാകുന്ന പക്ഷം, സഭയുടെ വൈദികമേലദ്ധ്യക്ഷൻ എന്ന നിലയിൽ പാത്രിയർക്കീസിൽ നിക്ഷിപ്തമായിരിക്കുന്ന ആത്മീക ഭരണത്തിന്മേലുള്ള പൊതു ഭരണാധികാരം പ്രയോഗിച്ച് യുക്തമെന്നു തോന്നുന്ന ആത്മീക

ശിക്ഷ നൽകുന്നതിന് അധികാരം ഉണ്ടെന്നും, അപഹരണം ദുർഭരണം എന്നിവയ്ക്കു് ലൗകികം കൂടാതെ ഒരു ആത്മീക വശം കൂടി ഉണ്ടെന്നും പ്രസ്തുത കേസ്സിൽ ജഡ്ജിമാർ തീരുമാനിച്ചിട്ടുണ്ട്. ഈ കാരണങ്ങളാൽ മുടക്കു മൂലം മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും മെത്രാപ്പോലീത്താ ട്രസ്റ്റിസ്ഥാനവും മാർ ഗീവറുഗീസ് ദിവന്നാസ്സ്യോസിനു നഷ്ടപ്പെട്ടു എന്നും കോടതി തീരുമാനിച്ചു. ഈ വിധി പ്രസ്താവിച്ച് ഉദ്ദേശം രണ്ടു കൊല്ലങ്ങൾക്കു് ശേഷവും രണ്ടു ജഡ്ജിമാർ ഉദ്യോഗത്തിൽ നിന്നും വിരമിച്ചതിനു ശേഷവും പ്രസ്തുത വിധി പുനപരിശോധന ചെയ്യണമെന്നുള്ള ഒരപേക്ഷ ആ കേസ്സിലെ ഒന്നു മുതൽ മൂന്നു വരെ പ്രതികൾ ബോധിപ്പിച്ചു. ജഡ്ജിമെന്റിന്റെ പകർപ്പിനുള്ള അപേക്ഷ തിരുവിതാംകൂർ ഹൈക്കോടതിയുടെ ആഫീസിൽ നിന്നും രണ്ടു വർഷക്കാലത്തേക്കു് കാണാതെ പോയി എന്നും ഒടുവിൽ അജ്ഞാതനായ ഒരാൾ അതു് അഞ്ചൽ വഴി ആഫീസിലേക്കു് അയച്ചു കൊടുത്തു എന്നും അറിയുന്നു. ഇതു് റിവ്യൂ ഹർജി ബോധിപ്പിക്കുന്നതിനുണ്ടായ താമസത്തിനു കാരണമായി പറഞ്ഞു. പ്രസ്തുത വിധിയിൽ കാനോനന്റെ സാധുതത്വത്തെ പററിയും, സുന്നഹദോസിന്റെ ഇടപെടൽ കൂടാതെ പാത്രിയർക്കീസ്സിനു മുടക്കുന്നതിനുള്ള അധികാരത്തെപ്പററിയും പാത്രിയർക്കീസിനു മുടക്കുന്നതിനുള്ള അധികാരം പ്രയോഗിച്ചതിൽ പരോക്ഷമായ ഉദ്ദേശങ്ങൾ ഒന്നും ഇല്ലായിരുന്നെന്നും ഉള്ള തീരുമാനങ്ങൾ ഇരു കക്ഷികളേയും ബന്ധിക്കുന്നതാണെന്നുള്ള വ്യവസ്ഥയിൽ റിവ്യൂ സ്വീകരിച്ചു. അപ്പീൽ പുനർവാദം കേട്ടതിൽ മുടക്ക് സ്വാഭാവിക നീതിക്കനുസ്സരണമായി നടത്തിയിട്ടില്ലാത്തതിനാൽ അസാധുവാണെന്ന് വിധിച്ചു. ഈ വിധി (T. L. R. Vol-45 Page 116)-ൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

3. മാർ ദിവന്നാസ്സ്യോസിനെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയതിന് ശേഷം അദ്ദേഹം, തുർക്കി സുൽത്താനാൽ ഫർമാൻ പിൻവലിപ്പിക്കപ്പെട്ട അന്ത്യോഖ്യയിലെ പാത്രിയർക്കീസ്സായിരുന്ന അബ്ദുൽ മിശിഹായെ മലബാറിലേക്കു് ക്ഷണിച്ചു. അബ്ദുൽ മിശിഹാ പാത്രിയർക്കീസായി ഭരണം നടത്തുന്നില്ലെന്നും അദ്ദേഹത്തെ സുന്നഹദോസു കൂടി

തൽസ്ഥാനത്തു നിന്നു നീക്കം ചെയ്തിട്ടുള്ളതാണെന്നു പ്രതികളും, അദ്ദേഹം മരണം വരെ പാത്രിയർക്കീസായിരുന്നു എന്നു പ്രതികളും വാദിക്കുന്നു. അബ്ദൽ മിശിഹാ മാർ ഗീവറുഗീസ് ദിവന്നാസ്സ്യോസിന്റെ മുടക്ക് അസാധുവാണെന്നു പ്രഖ്യാപിക്കുകയും മലങ്കരയിൽ ഒരു കാതോലിക്കേറ്റു സ്ഥാപിച്ചു കൊണ്ടു 80 അക്കം കല്പന പുറപ്പെടുവിക്കുകയും ചെയ്തു. മാർ ഈവാനിയോസ്സും, മാർ പീലക്സീനോസ്സും ആയിരുന്നു ആദ്യത്തെ രണ്ടു കാതോലിക്കാമാർ.

1104-ൽ 1-ാം പ്രതിയെ കാതോലിക്കാസ്ഥാനത്തേക്കു പ്രതിഷ്ഠിച്ചു ഉയർത്തി. മാർ ഗീവറുഗീസ് ദിവന്നാസ്യോസ് ഈ കേസ്സിലെ രണ്ടും മൂന്നും പ്രതികളായ കൂട്ടുട്രസ്റ്റികളോടു കൂടി മലങ്കര മെത്രാപ്പോലീത്തായും മെത്രാപ്പോലീത്തൻ ട്രസ്റ്റിയായും തുടർന്നു. അദ്ദേഹത്തിന്റെ 109-ലെ മരണശേഷം മലങ്കരമെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുന്നതിനായി ഒന്നാം പ്രതിയും അദ്ദേഹത്തിന്റെ പക്ഷത്തെ മെത്രാപ്പോലീത്തന്മാരും കൂടി 11—5—110-ൽ മലങ്കര അസോസ്യേഷന്റെ ഒരു യോഗം എം. ഡി. സിമ്മനാരിയിൽ വിളിച്ചുകൂട്ടുകയും ആ യോഗം ഒന്നാം പ്രതിയെ മലങ്കര മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കുകയും ചെയ്തു. സഭക്കു ഇതരന്മാരായി കണക്കാക്കപ്പെട്ട ഒന്നാം പ്രതിയോടും അദ്ദേഹത്തിന്റെ അനുയായികളോടും കൂടി സഹകരിക്കരുതെന്നു പാത്രിയർക്കീസ് മാർ അപ്രേം അദ്ദേഹത്തിന്റെ പക്ഷത്തുള്ള ജനങ്ങൾക്കു "Z" അക്കം കല്പന അയച്ചിരുന്നതുകൊണ്ടു പാത്രിയർക്കീസ് പക്ഷത്തുള്ള പള്ളിപ്രതിനിധികൾ പ്രസ്തുതയോഗത്തിൽ സംബന്ധിച്ചിരുന്നില്ല. ആ യോഗത്തിൽവെച്ചു കാതോലിക്കാ കക്ഷി എന്നറിയപ്പെടുന്ന പ്രതികളും അവരുടെ അനുയായികളും കൂടി സഭക്കു "AM" അക്കം ഭരണഘടന അംഗീകരിച്ചു. ഒന്നാം വാദിയും പാത്രിയർക്കീസ് പക്ഷത്തുള്ള ഇടവക മെത്രാപ്പോലീത്തന്മാരും ചേർന്നു പാത്രിയർക്കീസ് പക്ഷത്തുള്ള പള്ളിപ്രതിനിധികളുടെ ഒരു യോഗം 6-1-111-ൽ കരിങ്ങാച്ചിറവിളിച്ചു കൂട്ടുകയും പ്രസ്തുത യോഗത്തിൽവെച്ചു ഒന്നാം വാദിയെ മലങ്കര മെത്രാപ്പോലീത്താ ആയും രണ്ടും മൂന്നും വാദികളെ അദ്ദേഹത്തിന്റെ കൂട്ടുട്രസ്റ്റികളായും തിരഞ്ഞെടുക്കുകയും ചെയ്തു.

4. മലങ്കര യാക്കോബായ സുറിയാനി സമുദായത്തിലെ നിയമാനുസരണമുള്ള ട്രസ്റ്റികൾ വാദികളാണെന്നും, പ്രസ്തുത സമുദായം വക അന്യായപട്ടിക വസ്തുക്കൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതിനു പ്രതികൾക്കവകാശമില്ലെന്നും പ്രഖ്യാപിക്കുന്നതിനും, ടി വസ്തുക്കൾ കീഴ്കട ആദായസഹിതം വാദികൾക്കു കൈവശപ്പെട്ടതായി കിട്ടുന്നതിനും മററു ഇതര നിവൃത്തികൾക്കും ആയി 113-ൽ വാദികൾ ഈ കേസ്സ് ഫയലാചെയ്തു. വാദികൾ അവരുടെ വ്യക്തിപരമായ നിലയിലും ട്രസ്റ്റിന്റെ ഗുണാനുഭവസ്ഥന്മാർ എന്ന നിലയിലും കൂടിയാണു വ്യവഹാരപ്പെട്ടിട്ടുള്ളതു്. മലങ്കര യാക്കോബായ സമുദായത്തിനുവേണ്ടി പ്രാതിനിധ്യപരമായി വ്യവഹാരപ്പെടുന്നതിനു സിവിൽ നടപടി നിയമം 1-ാം ഉത്തരവ് 8-ാം റൂൾഅനുസരിച്ചു വേണ്ട അനുവാദം കോടതി നൽകിയിരുന്നു. അന്യായത്തിൽ വിവരിച്ചിട്ടുള്ള പല കാരണങ്ങളാൽ പ്രതികൾ മലങ്കര യാക്കോബായ സുറിയാനി സഭയുടെ ട്രസ്റ്റികളായിരിക്കാൻ അയോഗ്യരും അപ്രാപ്തരും ആണെന്നുമാത്രമല്ല അവർ സ്വമേധയാ സഭ വിട്ടുപോകുകയും, പാത്രിയർക്കീസിന്റെ അധികാരത്തെ ധിക്കരിച്ചുകൊണ്ടു "AM" അക്കം ഭരണഘടനയോടുകൂടി ഒരു പുതിയ സഭ രൂപവൽക്കരിക്കുകയും ചെയ്തു എന്നുള്ളതാണു ഈ വ്യവഹാരത്തിന്റെ അടിസ്ഥാനം. മലങ്കര യാക്കോബായ സുറിയാനി സമുദായത്തിൽ തങ്ങൾ ന്യായമായി നിയമിക്കപ്പെട്ട ട്രസ്റ്റികളാണെന്നും, ആ സ്ഥാനത്തിനു തങ്ങൾ ഒരു വിധത്തിലും അയോഗ്യരല്ലെന്നും, തങ്ങൾ സഭ വിട്ടുപോയിട്ടില്ലെന്നും, പാത്രിയർക്കീസിനു ഇല്ലാത്ത അധികാരങ്ങൾ അദ്ദേഹത്തിനുണ്ടെന്നു അവകാശപ്പെടുന്ന വാദികൾ സഭ വിട്ടുപോയിട്ടുള്ളവരാണെന്നും, വാദികളെ ട്രസ്റ്റികളായി തിരഞ്ഞെടുത്ത യോഗം നിയമാനുസരണം വിളിച്ചുകൂട്ടിയതല്ലെന്നും പ്രതികൾ തർക്കിച്ചു. 1 മുതൽ 3 വരെ പ്രതികൾ മലങ്കര യാക്കോബായ സുറിയാനിസഭയുടെ നിയമാനുസരണമുള്ള ട്രസ്റ്റികളാണെന്നുകണ്ടു ജില്ലാകോടതി അന്യായം ചിലവുസഹിതം തള്ളി വിധിച്ചു. ഈ വിധിയിന്മേൽ വാദികൾ അപ്പീൽ ബോധിപ്പിച്ചു. ചീഫ്ജസ്റ്റീസ് കൃഷ്ണസ്വാമി അയ്യരും ജഡ്ജിമാരായ നോക്സും, സത്യനേശനും കൂടിയു

ള്ള ഫുൾബെഞ്ചിൽ അപ്പീൽ വാദം കേട്ടു. ഈ ഫുൾബെഞ്ചു വിധി 1946 T. L. R. 683 -ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ പേജുകളെ ആസ്പദമാക്കിയായിരിക്കും ആ ജഡ്ജ്മെന്റിനെപ്പറ്റി ഈ ഉത്തരവിൽ പ്രസ്താവിക്കുന്നത്.

5. മി. ജസ്റ്റിസ് നോക്സും മി. ജസ്റ്റിസ് സത്യനേശനും, പ്രതികളല്ല വാദികളാണ് മലങ്കര യാക്കോബായ സുറിയാനി സഭയിലെ നിയമാനുസൃത ട്രസ്റ്റികളെന്ന് കണ്ട് അപ്പീൽ അനുവദിക്കുകയും, ചീഫ് ജസ്റ്റിസ് കൃഷ്ണസ്വാമി അയ്യർ ഭിന്നാഭിപ്രായം രേഖപ്പെടുത്തുകയും, ഭൂരിപക്ഷാഭിപ്രായത്തിനനുസരണമായി ഡിക്രി പുറപ്പെടുവിക്കുകയും ചെയ്തു. പ്രതികളും അവരുടെ അനുയായികളും, A M അക്കം ഭരണഘടന സ്വീകരിച്ചതു മൂലം, മലങ്കര യാക്കോബായ സുറിയാനി സഭ സ്വമേധയാ വിട്ടു പോയി എന്നും, അവർ പുതുതായി അവർക്കു വേണ്ടി ഒരു സഭ രൂപവൽക്കരിച്ചു എന്നുള്ളതുമാണ് ഭൂരിപക്ഷ ജഡ്ജിമാരുടെ തീരുമാനത്തിന്റെ അടിസ്ഥാനം. കാനോനനുസരിച്ചും സഭയുടെ കീഴ്നടപ്പനുസരിച്ചും ഇരു കക്ഷികളേയും, ബന്ധിക്കുന്ന കോടതി വിധികളനുസരിച്ചും സുസ്ഥാപിതമായ പാത്രിയർക്കീസിന്റെ വൈദിക മേലധികാരത്തെ A M അക്കം ഭരണഘടന നിഷേധിക്കുന്നു എന്നായിരുന്നു പണ്ഡിതന്മാരായ ജഡ്ജിമാരുടെ അഭിപ്രായം. പാത്രിയർക്കീസിന്റെ ആത്മീക പരമാധികാരം സഭയുടെ ഒരു മൗലിക തത്വമായി ഈ ട്രസ്റ്റ് സ്ഥാപകന്മാർ പരിഗണിച്ചിരുന്നു എന്ന് ജഡ്ജിമാർ അഭിപ്രായപ്പെട്ടു. ഹാറിചർച്ച് കേസിൽ (I. L. R. 1904 Page 515) പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള തത്വങ്ങളെ ആസ്പദമാക്കി നോക്കുമ്പോൾ ട്രസ്റ്റിന്റെ ലക്ഷ്യത്തിൽ നിന്നും ഉള്ള ഈ വ്യതിയാനം മൂലം പ്രതികളും അനുയായികളും മലങ്കര യാക്കോബായ സുറിയാനി സഭയ്ക്കു ഇതരന്മാരായി തീർന്നു എന്നും ജഡ്ജിമാർ അഭിപ്രായപ്പെട്ടു. വാദികളെ ട്രസ്റ്റികളായി തെരഞ്ഞെടുത്ത യോഗം ശരിയായി വിളിച്ചുകൂട്ടിയിട്ടുള്ളതാണെന്നും, പ്രതികളും അവരുടെ അനുയായികളും പ്രസ്തുത യോഗത്തിലേക്കു ക്ഷണിക്കപ്പെടുവാൻ

അർഹരായിരുന്നില്ല എന്നും, വാദികൾ മലങ്കര യാക്കോബായ സുറിയാനി സഭയുടെ ട്രസ്റ്റികളായി നിയമാനുസൃതമായി തിരഞ്ഞെടുക്കപ്പെട്ടവരാണെന്നുംകൂടി ജഡ്ജിമാർ തീരുമാനിച്ചു.

6. എ. എം. അക്കം പാത്രിയർക്കീസിന്റെ ആത്മീക പരമാധികാരത്തെ ധിക്കരിക്കുന്നതായി തീരുമാനിക്കുന്നതിന് ജസ്റ്റിസ് നോക്സ് പറയുന്ന കാരണങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം.

1) "ഭരണം നടത്തുന്ന പാത്രിയർക്കീസിനെ അവഗണിച്ച് ഒരു കാതോലിക്കായെ അഭിഷേകം ചെയ്യുന്നതിനനുവദിക്കുന്ന ഭരണഘടനയിലെ വ്യവസ്ഥ കീഴ്നടപ്പിൽ നിന്നുള്ള സ്പഷ്ടമായ ഒരു വ്യതിയാനമാണ്. (P. 727)"

2) "മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിന് പാത്രിയർക്കീസിന്റെ സമ്മതം ഉണ്ടായിരിക്കണമെന്ന് ഒരു വ്യവസ്ഥ ഭരണഘടനയിൽ ഇല്ല. ഇതു മുൻനടപടിയിൽ നിന്നുള്ള ഒരു വ്യത്യാസമാണ്"" (P. 729.)

3) "പ്രാദേശിക സുന്നഹദോസിന്റെ സഹകരണത്തോടുകൂടി മലങ്കരയിൽ മെത്രാന്മാരെ കാതോലിക്കോസ് വാഴിക്കണമെന്നും, അവർക്ക് സ്താത്തിക്കോൻ നൽകണമെന്നും ഭരണഘടനയിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. (AM അക്കം 107-108 വകുപ്പുകൾ). കാതോലിക്കോസ് തന്നെ നിയമാനുസൃതം നിയമിതനാകുന്നില്ലെങ്കിൽ ഈ വ്യവസ്ഥകൾ പാത്രിയക്കീസിന്റെ അധികാരത്തെ പ്രത്യക്ഷത്തിൽ അതിലംഘിക്കുന്നവയായിരിക്കും." (P. 730.)

4) റിശ്ശീസ്സാ ലഭിക്കുന്നതിനു പാത്രിയക്കീസിനുള്ള അവകാശത്തെ ഭരണഘടന നിഷേധിച്ചു. ഇതു സഭയുടെ കാനോൻ ചട്ടങ്ങളിൽ നിന്നും, കീഴ്നടപടിയിൽ നിന്നു ഉള്ള ഒരു വ്യതിയാനമാണ്. (P. 734.) അഭിജ്ഞനായ ജഡ്ജിയുടെ തീരുമാനങ്ങൾ 734-ം 735-ം വശങ്ങളിൽ കൊടുത്തിട്ടുള്ളതു താഴെ കാണിക്കുന്ന പ്രകാരമാണ്.

"കേസ്സിന്റെ ഈ ഭാഗത്തെ സംഗ്രഹിച്ചാൽ, പാത്രിയർക്കീസിന്റെ പരമാധികാരത്തെ കാതോലിക്കാകക്ഷി ശ

ക്തിയായി വെറുക്കുകയും, ട്രസ്റ്റ്സ്വത്തുക്കൾ തങ്ങൾക്ക് നഷ്ടപ്പെടാതെ, അധികാരത്തോട് മറുതലിക്കുന്നതിനു സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യുന്നതിന് അവർ സന്നദ്ധരാകുകയും ചെയ്യുന്നുള്ളതു് സ്പഷ്ടമായി കാണാം. അവർ ന്യായമായ അതിരു് കടന്നുപോയോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. സഭയുടെ അംഗീകൃതകാനോൻ ചട്ടങ്ങളുടേയും, സംഗതമായ കോടതി വിധികളുടേയും വെളിച്ചത്തിൽ ഭരണഘടനയെ വീക്ഷിക്കുന്ന പക്ഷം താഴെവരുന്ന അനുമാനങ്ങൾക്ക് ഇടം ലഭിക്കുന്നു.

1. പ്രതിഭാഗക്കാർ ഭരണംനടത്തുന്ന പാത്രിയർക്കീസ്സിനെ അംഗീകരിക്കുന്നില്ല. വിശ്വാസസംബന്ധമായ സംഗതികളിൽ (മററു സംഗതികളുടെ കൂട്ടത്തിൽ) അദ്ദേഹത്തിന്റെ മേലധ്യക്ഷത പരിമിതമാക്കുന്നതിനു പര്യാപ്തമായ നിബന്ധനകൾക്കധീനമായല്ലാതെ അദ്ദേഹത്തെ അവർ അംഗീകരിക്കുന്നതുമല്ല.

2. സഭയുടെ അംഗീകൃത കാനോൻ അവർ നിഷേധിച്ചു.

3. പാത്രിയർക്കീസ്സിന്റെ അനുമതികൂടാതെ കാതോലിക്കോസ്സിനെ അഭിഷേകം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുകയും, അങ്ങിനെ കാതോലിക്കാ സ്ഥാനത്തേക്കോ, മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കോ തിരഞ്ഞെടുക്കപ്പെടുന്ന ആളിനെ പററി വിസമ്മതിക്കുന്നതിന് അദ്ദേഹത്തിനുള്ള അധികാരത്തെ ഉന്മൂലനം ചെയ്യുകയും, പട്ടത്വം നൽകുക, മൂറോൻ കൂദാശചെയ്ക, മുതലായ സംഗതികളിൽ അദ്ദേഹത്തിനുള്ള അവകാശങ്ങളെ കുറയ്ക്കുകയും ചെയ്തു.

4. മലങ്കരനിന്ന് പാത്രിയർക്കീസ്സിനുള്ള വരുമാനത്തെ കാതോലിക്കോസ്സിന് നൽകുന്നതിനു സമ്മതിച്ചു."

ഈ ഭാഗം താഴെകാണിക്കുന്ന പ്രസ്താവനയോടുകൂടിയാണ് അഭിജ്ഞനായ ജഡ്ജി ഉപസംഹരിച്ചിരിക്കുന്നതു്.

"ഒരു സഭയുടെ അദ്ധ്യക്ഷനെ അടിക്കടി നിഷേധിക്കുന്നവർക്കു ആ സഭയിലെ അംഗത്വം നശിക്കുമെന്നുള്ളതു് തർക്കരഹിതമാണെന്ന് എനിക്കു വ്യക്തമാണ്. ഇവിടെ ഒരു എ

തിരാളിയെ നിർത്തി, സഭാതലവന് ചെല്ലേണ്ടതായ വരുമാനങ്ങളെ അദ്ദേഹത്തിനു നൽകുന്നതിനാൽ ഈ നിലയെ അവർ ദൃഢീകരിക്കുകയും ചെയ്യുന്നു. മാർത്തോമ്മാക്കാർ 50 കൊല്ലങ്ങൾക്കുമുൻപ് ചെയ്തതു തന്നെയാണ് കതോലിക്കാകക്ഷി ഇപ്പോൾ ചെയ്യുന്നതു്. എന്നാൽ മാർത്തോമ്മാക്കാർ അന്ത്യോഖ്യാബന്ധം പ്രത്യക്ഷമായിതന്നെ തിരസ്കരിച്ചു എന്നുള്ള വ്യത്യാസമേയുള്ളു."

7. ട്രസ്റ്റികളായി വാദികളുടെ തിരഞ്ഞെടുപ്പിന്റെ സാധുതയെ പററി അഭിജ്ഞനായ ജഡ്ജി 739-ാം വശത്തു് പരാമർശിച്ചിട്ടുണ്ടു്. വാദികളെ നിയമാനുസൃതം ട്രസ്റ്റികളായി തിരഞ്ഞെടുത്തിട്ടുള്ളതാണെന്നു് അദ്ദേഹം തീരുമാനിച്ചു. ഒന്നാം പ്രതിയെ നിയമാനുസരണം ട്രസ്റ്റിയായി തിരഞ്ഞെടുത്തിട്ടുള്ളതല്ലെന്നും, രണ്ടും മൂന്നും പ്രതികളെ ട്രസ്റ്റിസ്ഥാനത്തുനിന്നും നിയമാനുസൃതം നീക്കം ചെയ്തിട്ടുള്ളതാണെന്നുമുള്ള ജഡ്ജിയുടെ അഭിപ്രായത്തിന് കാരണങ്ങൾ ജഡ്ജിമെൻറിൽ 740-ാം വശത്തു കാണിച്ചിട്ടുണ്ടു്. അതു പ്രതികൾ സഭക്കു ഇതരന്മാരായിത്തീർന്നുപോയി എന്നുള്ളതാണ്. ഈ തീരുമാനങ്ങളുടെ ഫലമായി 741-ാം വശത്തു് അഭിജ്ഞനായ ജഡ്ജി, ഈ കേസ്സിൽപെട്ട ട്രസ്റ്റുവസ്തുക്കളുടെ ട്രസ്റ്റികൾ വാദികളാണെന്നും, പ്രതികളാരും ട്രസ്റ്റികളല്ലെന്നും തീരുമാനിച്ചു.

8. ജസ്റ്റീസ് സത്യനേശൻ അദ്ദേഹത്തിന്റെ ജഡ്ജിമെൻറ് ആരംഭിക്കുന്നതു് താഴെ കാണിച്ചിട്ടുള്ള പ്രസ്താവനയോടുകൂടിയാണ്.

"എന്റെ സഹോദരൻ ജസ്റ്റീസ്നോക്സ് രേഖപ്പെടുത്തിയിട്ടുള്ള വിധിന്യായങ്ങളിലും വിധിയിലും ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഈ അപ്പീലിൽ അന്തർഭവിച്ചിരിക്കുന്ന കേസ്സിന്റെ ചില വശങ്ങളെ സംബന്ധിച്ചുമാത്രമെ പ്രതിപാദിക്കുന്നതിന് ഞാൻ ഉദ്ദേശിക്കുന്നുള്ളു." (Page 751) ഈ കേസ്സിൽ ആലോചനാവിഷയമായിരിക്കുന്ന അതിപ്രധാന സംഗതി "പ്രതികൾ പുരാതന സഭയിൽനിന്നും വേർപെട്ട് ഒരു പുതിയസഭ രൂപവൽക്കരിച്ചോ എന്നുള്ളതാണ്." എന്നു 754-ാം വശത്തു് അഭിജ്ഞനായ ജഡ്ജി പറയുന്നു

പിന്നീട് അദ്ദേഹം ഫ്റീചർച്ച് കേസ്സും, അതിൽ പ്രഖ്യാപിക്കപ്പെട്ട തത്വങ്ങളെപ്പററിയും പരിചിന്തനം ചെയ്യുന്നു. (Pages 755-760) സഭയുടെ അംഗീകൃത കാനോനനുസരിച്ചും കോടതി വിധികളനുസ്സരിച്ചും പാത്രിയർക്കീസ്സിന്റെ വൈദീകമേലധികാരം മലങ്കര യാക്കോബായ സുറിയാനി സഭയുടെ ഒരു മൌലികതത്വമാണോ എന്ന പ്രശ്നത്തെപ്പററി, പിന്നീടദ്ദേഹം പ്രതിപാദിക്കുകയും, അപ്രകാരം ആണെന്നു തീരുമാനിക്കുകയും ചെയ്യുന്നു (P. 761-778) 779 മുതൽ 794 വരെയുള്ള വശങ്ങളിൽ അദ്ദേഹം കാതോലിക്കാ സ്ഥാപനത്തെപററി പരിചിന്തനം ചെയ്യുകയും, പാത്രിയർക്കീസ്സിന്റെ സഹകരണം കൂടാതെയുള്ള കാതോലിക്കാസൃഷ്ടി പാത്രിയർക്കീസ്സിനു സഭയുടെ മേലുള്ള വൈദീകമേലധികാരത്തെ പരിമിതപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് എന്നു തീരുമാനിക്കുകയും ചെയ്യുന്നു. പിന്നീട് അദ്ദേഹം, AM അക്ക ഭരണഘടന സ്വീകരിച്ചതുകൊണ്ടു പ്രതികളും അവരുടെ അനുയായികളും സഭക്കു ഇതരന്മാരായിത്തീർന്നോ എന്നുള്ള പ്രശ്നത്തെപററി പ്രതിപാദിക്കുന്നു. (Pages 796 to 806) 800-ാം വശത്തു് എ. എം. അക്കത്തെപ്പററി അദ്ദേഹം ഇപ്രകാരം പറയുന്നു. "മലങ്കരസഭയെ അന്ത്യോഖ്യാ പാത്രിയർക്കീസ്സിന്റെ അധികാരത്തിൽനിന്നു വിടുർത്തി സ്വതന്ത്രമാക്കുന്നതിലേക്കു മാർ ഗീവറുഗീസ് ദിവന്നാസ്യോസ് സമാരംഭിച്ച ഒരു ദീർഘകാല സംരംഭത്തിന്റെ പൂർത്തീകരണമായിരുന്നു എ. എം. അക്കം എന്നാണു കാണുന്നത്. അതിനു തടസ്സങ്ങളോ, ശങ്കകളോ, കാലതാമസമോ നേരിട്ടെങ്കിൽ അതിനുള്ളകാരണം അന്ത്യോഖ്യാ പാത്രിയർക്കീസ്സിനു കീഴിലുള്ള മലങ്കര സഭ വക ട്രസ്റ്റ് സ്വത്തുക്കൾ സുരക്ഷിതമാക്കുകയും, പാത്രിയർക്കീസിനാൽതന്നെ മലങ്കരസഭാസ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെടുന്നില്ലെങ്കിൽ "പാത്രിയർക്കീസ്" എന്ന പദംകൊണ്ടു് ചില്ലറ പൊടിക്കൈകൾ പ്രയോഗിക്കേണ്ടിയിരുന്നതിനാലും, യാക്കോബായ സഭയുടെ യഥാർത്ഥവും ന്യായവുമായ മേലദ്ധ്യക്ഷൻ ആയ അന്ത്യോഖ്യാ പാത്രിയർക്കീസിനോടു് വിശ്വസ്തവും യഥാർത്ഥവുമായ ഭക്തി പരിപാലിച്ചവരുന്ന ഒരു എതിർകക്ഷി ഉണ്ടെന്നുള്ളതിനാലും ആയിരുന്നു." പിന്നീട് അദ്ദേഹം എ. എം. അക്കത്തിലെ വിവിധവകുപ്പു

കൾ വിശകലനം ചെയ്യുകയും "കിഴക്കൻ ഓർത്തഡോക്സ് സഭ"യുടെ പരമാധികാരിയായി കാതോലിക്കോസിനെസ്ഥാപിച്ചിരിക്കുന്നു എന്നും ഭരണഘടന അനുസരിച്ചു് പാത്രിയർക്കീസ് യഥാർത്ഥത്തിൽ സഭയുടെ വൈദികമേലദ്ധ്യക്ഷനോ, പരമഗുരുവോ പോലും അല്ലെന്നും കാണുന്നു. (P·P. 802-803) കാനോൻ അനുസ്സരിച്ച് പാത്രിയർക്കീസിനുള്ളതും, മററാരെങ്കിലും സ്വാതപഹരിക്കുന്നെങ്കിൽ അവൻ സഭയിൽനിന്നു വേർതിരിക്കപ്പെടണമെന്നു് നിഷ്ക്കർഷിച്ചിരിക്കുന്നതുമായ റിശീസാ, അവകാശമുറക്കു് കാതോലിക്കാക്കു് സിദ്ധിക്കേണ്ടതാണെന്നുള്ള ഭരണഘടനയിലെ വ്യവസ്ഥ കാനോൻ ചട്ടങ്ങൾക്കു വിരുദ്ധമാണ്. (P. 803) കാതോലിക്കാസ്ഥാനത്തേക്കോ മെത്രാപ്പോലീത്താ സ്ഥാനത്തേക്കോ തിരഞ്ഞെടുക്കപ്പെടുന്ന ആളിനെ തിരസ്കരിക്കപ്പെടുന്നതിനു് പാത്രിയർക്കീസിനധികാരമില്ല എന്നുള്ള വ്യവസ്ഥയും അഭിജ്ഞനായ ജഡ്ജിയുടെ അഭിപ്രായത്തിൽ കാനോൻ ചട്ടങ്ങൾക്കു് വിരുദ്ധമാണ്. അതനുസ്സരിച്ച് പാത്രിയർക്കീസിന്റെ ഇഷ്ടത്തിനു വിപരീതമായി ഒരു മപ്രിയാനൊ, മെത്രാപ്പോലീത്തായോ വാഴിക്കപ്പെടരുതു്. (Page 804) ഈ കാരണങ്ങളാൽ എ. എം. അക്കം ഒരു പുതിയതും വ്യത്യസ്തവും ആയ ഒരു സഭ രൂപവൽക്കരിച്ചതായി അദ്ദേഹം തീരുമാനിച്ചു. (P. 804 and 806) ഒന്നു മുതൽ മൂന്നു വരെ പ്രതികൾ മലങ്കര യാക്കോബായ സുറിയാനി സഭ വിട്ടുപോയിട്ടുള്ളവരാകയാൽ സഭ വക സ്വത്തുക്കളുടെ നിയമാനുസൃത ട്രസ്റ്റികളല്ലെന്നും അദ്ദേഹം തീരുമാനിച്ചു. കൂടാതെ, വാദികളെ സഭയുടെ ട്രസ്റ്റികളായി നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതാണെന്നും, അപ്രകാരം തിരഞ്ഞെടുത്ത യോഗത്തിൽ സംബന്ധിക്കുന്നതിനു് ഒന്നാം പ്രതിയുടെ കീഴിലുള്ള പള്ളികൾ ക്ഷണിക്കപ്പെടുവാൻ അവകാശം ഇല്ലെന്നും തീരുമാനിച്ചു.

9. ഒന്നാം പ്രതിയും അദ്ദേഹത്തിന്റെ അനുയായികളും സഭയ്ക്കു ഇതരന്മാരായിപോയി എന്നു പ്രഖ്യാപിച്ചുകൊണ്ടും, അവരുമായി സംസർഗ്ഗം ചെയ്യരുതെന്നു് ആജ്ഞാപിച്ചുകൊണ്ടും പാത്രിയർക്കീസ്. 27-2-110 നോടടുത്തു് "Z" അക്കം കല്പന പുറപ്പെടുവിച്ചതു കൊണ്ടു് പാത്രിയർ

ക്കീസും അനുയായികളും ഒന്നാം പ്രതി ഉൾപ്പെട്ട കക്ഷി
യിൽ നിന്നും വേർ പിരിഞ്ഞതായി പരിഗണിക്കണ
മെന്നും, ആയതിന്റെ ഫലമായി പാത്രിയർക്കീസ് ആത്മീ
ക തലവനായി ഉണ്ടായിരുന്ന സഭ ശിഥിലീകരിച്ചു പോ
യി എന്നും, കാതോലിക്കോസിനെ കൂടാതെ പാത്രിയർ
ക്കീസും അദ്ദേഹത്തെ അനുസരിക്കുന്നവരെയും ഉൾപ്പെടുത്തി
പാത്രിയർക്കീസ് ഒരു നൂതന സഭ രൂപവൽക്കരിച്ചു എന്നു
ള്ളതുമായിരുന്നു ചീഫ് ജസ്റ്റീസ് കൃഷ്ണസ്വാമി അയ്യരുടെ
അഭിപ്രായം (പേജ് 823) അദ്ദേഹത്തിന്റെ ഈ അനുമാന
ങ്ങൾ ഇരു കക്ഷികളും അംഗീകരിച്ചിട്ടുള്ള നിലയുടെ യഥാ
ർത്ഥതയെ ബാധിക്കുന്നില്ലെന്നും, ട്രസ്റ്റിൽ അവർക്കുള്ള ഗു
ണാനുഭാവാവകാശങ്ങളെ മാത്രം സ്പർശിക്കുന്നതാണെന്നും അ
ഭിജ്ഞനായ ചീഫ് ജസ്റ്റീസ് വ്യക്തമാക്കിയിട്ടുണ്ട് (പേ
ജ് 823) പാത്രിയർക്കീസ് പുരാതന യാക്കോബായ സുറി
യാനി സഭയുടെ സാക്ഷാത്തായ ഒരു ഘടകമാകയാൽ, അദ്ദേ
ഹം സഭയ്ക്കു പുറത്തു പോയപ്പോൾ, കാതോലിക്കാ കക്ഷിക്കും
ആ പുരാതന യാക്കോബായ സഭ നഷ്ടീഭവിച്ചു എന്നും അ
ങ്ങിനെ ആ സഭ നാമാവശേഷമായി തീർന്നു എന്നും കൂടി
അദ്ദേഹം തീരുമാനിച്ചു. (A 841) വിജ്ഞാനിയായ ചീഫ്
ജസ്റ്റീസിന്റെ വാക്കുകളിൽ ഇതിന്റെ ഫലം താഴെ പറയു
ന്ന പ്രകാരമാണ്.

"പാത്രിയർക്കീസിനെ ഉൾക്കൊള്ളുന്ന ഒരു സഭയും,
പാത്രിയർക്കീസ് ഇല്ലാത്ത മററൊന്നും, ഇങ്ങനെ രണ്ടു നൂ
തന സഭകൾ മലങ്കരയിൽ സംജാതമായി. അതിനാൽ പു
രാതന മലങ്കര യാക്കോബായ സഭയുടെ ഉപയോഗാർത്ഥം അ
തിന്റെ തുടർച്ചയ്ക്കു വേണ്ടി അതിന്റെ കാര്യക്ഷമതക്കാ
യി സ്ഥാപിതമായിട്ടുള്ള ട്രസ്റ്റുകൾ അപജയപ്പെട്ടുപോകുന്നു.
എന്നാൽ അവ പബ്ളിക്കായുള്ളതും, മതപരവും, ധർമ്മപര
വും ആയ ട്രസ്റ്റുകളാകയാൽ "സൈപ്രസ്സ്" തത്വം പ്രയോ
ഗിച്ച് അതുപോലെയുള്ള ഇതര സ്ഥാപനങ്ങളുടെ ഗുണത്തി
നുവേണ്ടി വിനിയോഗിക്കപ്പെടണമെന്ന് ആജ്ഞാപിക്കു
വാൻ ഒരു "എക്വിററി" കോടതി എന്ന നിലയ്ക്കു ഈ
കോടതിക്ക് അധികാരം ഉണ്ട്. എന്നാൽ ഈ തത്വം പ്ര

യോഗിക്കുക എന്നും ട്രസ്റ്റ് നിരുപയോഗമായിത്തീരുമോ
എന്നും ഉള്ള സംഗതികൾ ധർമ്മ സ്ഥാപന സംരക്ഷകനായ
ദിവാൻജി കക്ഷിയല്ലാതിരിക്കെ തീരുമാനിക്കപ്പെടാവുന്ന
തല്ല." പുരാതന യാക്കോബായ സഭയെ പ്രതിനിധീക
രിക്കുന്നതിന് രണ്ടു കക്ഷികൾക്കും അവകാശം ഇല്ലാത്തതി
നാൽ അന്യായം തള്ളേണ്ടതാണെന്നും കൂടി ചീഫ് ജസ്റ്റീ
സ് പ്രസ്താവിച്ചിട്ടുണ്ട്. അതിനെ തുടർന്നു 843-ാം വശ
ത്ത് അദ്ദേഹം ഇപ്രകാരം പറയുന്നു. "നിരുപയോഗമായി
തീർന്ന ട്രസ്റ്റിന്റെ സ്വത്തുക്കളെ സംബന്ധിച്ച് അവയുടെ
പരിരക്ഷണത്തിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതി
ന് ദിവാൻജിക്ക് അവകാശം ഉണ്ടെന്നാണ് എന്റെ അ
ഭിപ്രായം" എ. എം. അക്കു ഭരണഘടന സ്വീകരിച്ചതു
മൂലം കാതോലിക്കാ കക്ഷി സഭയ്ക്കു ഇതരന്മാരാകുകയും നൂ
തനമായ ഒരു സഭ സ്ഥാപിച്ചിരിക്കുന്നതായി പരിഗണിക്കു
കയും ചെയ്യാമോ എന്നുള്ള പ്രശ്നത്തെപ്പററി, അദ്ദേഹം
സ്വീകരിച്ചിട്ടുള്ള മേൽ പ്രസ്താവിച്ച അനുമാനത്തിന്റെ സ്വ
ഭാവത്തിന്, പരിചിന്തനം ചെയ്യേണ്ട ആവശ്യമില്ലെന്നും
അഭിജ്ഞനായ ജഡ്ജി അഭിപ്രായപ്പെട്ടു. (P 844) അഥ
വാ ഈ സംഗതിയിൽ ഒരു തീരുമാനം ആവശ്യമാണെങ്കിൽ
അദ്ദേഹം കീഴ്ക്കോടതിയുടെ അഭിപ്രായത്തോടു യോജി
ച്ചുകൊണ്ട് എ. എം. അക്കം പാത്രിയർക്കീസിന്റെ അധി
കാരത്തെ നിഷേധിക്കുന്ന ഒന്നല്ലെന്നും, ഒന്നാം പ്രതിയും അ
ദ്ദേഹത്തിന്റെ അനുയായികളും സഭ വിട്ടുപോയിട്ടില്ലെന്ന്
തീരുമാനിക്കും എന്നുംകൂടി ചീഫ്ജസ്റ്റീസ് പ്രസ്താവിച്ചി
ട്ടുണ്ട്. (P. 844)ഈ തീരുമാനം ശരിയല്ലെങ്കിൽ വാദി
കൾ നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ട്രസ്റ്റികൾ
അല്ലെന്നാണ് വിജ്ഞാനിയായ ചീഫ് ജസ്റ്റീസിന്റെ അഭി
പ്രായം. എന്നാൽട്രസ്ററു സ്വത്തുക്കളുടെ വിനിയോഗം
പര്യാപ്തമായ നടപടിമുഖാന്തിരം തീരുമാനിക്കേണ്ട ധർമ്മം
ദിവാൻജിയിൽ നിക്ഷിപ്തമാണെന്നുള്ളതാണ് തന്റെ പരി
ചിന്തനാഫലമായ അഭിപ്രായമെന്ന് അദ്ദേഹം പ്രസ്പഷ്ട
മാക്കിയിട്ടുണ്ട്. (P. 845)

10. തിരുവിതാംകൂർ മഹാരാജാവ് ജഡ്ജ്മെന്റ്
സ്ഥിരപ്പെടുത്തിയശേഷം ഉടനെതന്നെ ജസ്റ്റീസ് സത്യനേ

ശൻ ഹൈക്കോടതി ജഡ്ജി ഉദ്യോഗം പരിത്യജിക്കുകയും ജില്ലാക്കോടതി ജഡ്ജിയായി തിരിച്ചു പോകുകയും ചെയ്തു. ഇതിനുശേഷം ഈ റവ്യൂഹർജി ഫയൽചെയ്തു. റവ്യൂഹർജിയിൽ 92 കാരണങ്ങൾ കാണിച്ചിട്ടുണ്ട്, പിന്നീടുള്ള ഒരു ഹർജിയിൽ 5 കാരണങ്ങൾ കൂടി കൂട്ടിയിട്ടുണ്ട്. ചീഫ് ജസ്റ്റീസ് കൃഷ്ണസ്വാമിഅയ്യർ, ജഡ്ജിമാരായ നോക്സ്, കൃഷ്ണപിള്ള എന്നിവർ ഉൾപ്പെട്ട ബഞ്ചിൽ ആദ്യമായി റവ്യൂഹർജിയെപ്പററി വാദംകേട്ടു. പക്ഷെ യാതൊരുത്തരവും അവർ പുറപ്പെടുവിച്ചില്ല; അഥവാ ജസ്റ്റീസ് കൃഷ്ണപിള്ളയുടെ വാക്കുകളിൽ "നിയമാനുസൃതമായി യാതൊരുത്തരവും കോടതിയിൽ പ്രസ്താവിക്കപ്പെട്ടില്ല." അധിക കാലതാമസംകൂടാതെ ജസ്റ്റീസ് നോക്സ് ഹൈക്കോടതിയിൽനിന്നും റിട്ടയർ ചെയ്തു. ചീഫ്ജസ്റ്റിസ് കൃഷ്ണസ്വാമി അയ്യരും കുറെകഴിഞ്ഞു റിട്ടയർചെയ്തു. അതിനുശേഷം ജസ്റ്റിസ് കൃഷ്ണപിള്ള, ജസ്റ്റിസ്ഹബീബ്മഹമ്മദ്, ജസ്റ്റിസ് ഗോവിന്ദപിള്ള എന്നിവർ ഉൾപ്പെട്ട ബഞ്ചിൽ ഈ റവ്യൂഹർജി വാദത്തിനുവന്നു. അപ്പീൽ തീരുമാനിക്കുന്നതിനു പങ്കെടുക്കാത്ത ഈ മൂന്നു ജഡ്ജിമാർക്കും ഈ റവ്യൂഹർജിയെപ്പററി വാദം കേൾക്കുന്നതിനു അധികാരം ഉണ്ടോ എന്നുള്ള പ്രശ്നത്തെപ്പററി അവർ വാദം കേട്ടു. ഹർജിയുടെ സാരാംശത്തെപററിയും വാദം നടന്നു. ഇതു സംബന്ധിച്ച് അഭിജ്ഞന്മാരായ ജഡ്ജിമാരുടെ ഉത്തരവ് 1948 T. L. R. 1-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അധികാരത്തെ പററി ഉന്നയിച്ച പ്രശ്നത്തെപ്പററി എല്ലാ ജഡ്ജിമാരും പ്രത്യേകിച്ച് ജസ്റ്റിസ് കൃഷ്ണപിള്ള സുദീർഘമായി പ്രതിപാദിക്കുകയും, അവർ ഏകാഭിപ്രായമായി റവ്യൂഹർജി സംഗതി കേൾക്കുന്നതിനു അവർക്ക് അധികാരം ഉണ്ടെന്നു റവ്യൂഹർജിക്കാരനു അനുകൂലമായി തീരുമാനിച്ചു. റവ്യൂഹർജിയുടെ സാരാംശത്തിലേക്കും പ്രവേശിച്ച് സാമാന്യം സുദീർഘമായി പ്രതിപാദിക്കുകയും, റവ്യൂഹർജിയിലും അതോടനുബന്ധിച്ച് പിന്നീട് സമർപ്പിക്കപ്പെട്ട ഹർജിയിലും അടങ്ങിയിട്ടുള്ള 97 കാരണങ്ങളെപററിയും വാദം കേൾക്കുന്നതിനായി എതൃഹർജിക്കാർക്ക് നോട്ടീസ് കൊടുക്കുന്നതിനു ഉത്തരവിട്ടു.

11. നോട്ടീസ് കൊടുക്കുന്നതിനു ഉത്തരവിട്ട ജഡ്ജിമാരുടെ മുമ്പാകെ തന്നെ റവ്യൂഹർജിയുടെ അവസാന വാദവും കേൾക്കുന്നതിനായി വന്നു. അഭിജ്ഞരായ, ജഡ്ജിമാരുടെ മുൻ ഉത്തരവിൽ അധികാര പ്രശ്നത്തെപററിയും ഹർജിയുടെ സാരാംശത്തെപററിയും അവർക്കുള്ള അഭിപ്രായം സുവ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് അവർതന്നെ ഈ റവ്യൂഹർജി വാദം കേൾക്കുന്നതിനെ എതൃത്തുകൊണ്ട് എതൃഹർജിക്കാർ ആക്ഷേപം ബോധിപ്പിച്ചു. ഈ ആക്ഷേപം തള്ളപ്പെടുകയും, അധികാരപ്രശ്നത്തെപററി ഇരുഭാഗക്കാരുടേയും വാദം കേൾക്കുകയും ചെയ്തു. എന്നാൽ അവർ ഈ പ്രശ്നം തീരുമാനിക്കാതെ, അഞ്ചുജഡ്ജിമാർ ഉൾപ്പെട്ട ഒരു ഫുൾബഞ്ചിലേക്ക് റെഫർ ചെയ്തു. ആയതിൻപ്രകാരം അധികാരപ്രശ്നത്തെപ്പററിയുള്ളവാദം, റവ്യൂഹർജി സംഗതിക്ക് നോട്ടീസുകൊടുക്കുന്നതിനു ഉത്തരവിട്ട മൂന്ന് ജഡ്ജിമാരും, ജസ്റ്റിസ് ശങ്കരനും, ജസ്റ്റിസ് മാത്യു മുരിക്കനും ഉൾപ്പെട്ട ഫുൾബെഞ്ചിൽ വാദംകേട്ടു. ഈ ഫുൾ ബഞ്ചിന്റെ തീരുമാനം 1949 T. L. R. 303-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഞ്ചുജഡ്ജിമാരും അവരവരുടെ ഉത്തരവുകൾ പ്രത്യേകം എഴുതിയിട്ടുണ്ട്. ഈ കാലഘട്ടത്തിനിടയിൽ ചീഫ്ജസ്റ്റിസായി തീർന്ന ജസ്റ്റിസ് കൃഷ്ണപിള്ളയും ജസ്റ്റിസുമാരായ ഹബീബ് മഹമ്മദും, ഗോവിന്ദപിള്ളയും അവരുടെ മുൻഉത്തരവിൽ പ്രകടിപ്പിച്ചിരുന്ന അഭിപ്രായം മുറുകെ പിടിച്ചുകൊണ്ട്, ഈ പ്രശ്നം റവ്യൂഹർജിക്കാർക്ക് അനുകൂലമായി തീരുമാനിച്ചു. ബാക്കി രണ്ടു ജഡ്ജിമാരുടെയും തീരുമാനം റവ്യൂഎതിർ ഹർജിക്കാർക്കനുകൂലമായിട്ടായിരുന്നു. ഭൂരിപക്ഷാഭിപ്രായം റവ്യൂഹർജിക്കാർക്കനുകൂലമായിരുന്നതിനാൽ, ഹർജിയുടെ സാരാംശത്തെപററി വാദം കേൾക്കേണ്ടതായി വന്നു. ഈ സാഹചര്യങ്ങളിലാണ് ഈ ഹർജിയെപ്പററി വാദം കേൾക്കുന്നതിനായി ഞങ്ങളുടെ മുമ്പാകെ വന്നത്.

12. ഹർജിയുടെ സാരാംശത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പായിട്ട്, എതൃഹർജിക്കാരുടെ അഭിജ്ഞനായ അഭിഭാഷകൻ ഉന്നയിച്ച ഒരു പ്രാരംഭതടസ്സവാദത്തെപ്പററി പരി

ചിന്തനം ചെയ്യേണ്ടതു് ആവശ്യമായിരിക്കുന്നു. ഈ വാദം താഴെക്കാണിക്കുംപ്രകാരം ആണു്; ഈ കേസ്സിലെ ജഡ്ജ്മെൻറു്, തിരുവിതാംകൂർ ഹൈക്കോർട്ടു് ആക്ട് 11-ാം വകുപ്പനുസ്സരിച്ചു് തിരുവിതാംകൂർ മഹാരാജാവിനാൽ കല്പിക്കപ്പെട്ട ഒരു ജഡ്ജ്മെൻറാണു്. ആ ജഡ്ജ്മെൻറു് 12-ാം വകുപ്പനുസ്സരിച്ചു് പുനരായി കേൾക്കുന്നതിനനുവദിക്കുന്നപക്ഷം പുതുതായി ഉണ്ടാകുന്ന ജഡ്ജ്മെൻറു് 11-ാം വകുപ്പനുസ്സരിച്ചു് മഹാരാജാവിൻേറതുതന്നെയായിരിക്കണം. ഈ സംഗതിയിൽ മഹാരാജാവ് പ്രയോഗിച്ചുവന്ന അധികാരം നീതിന്യായ നിരുറവയുടെ മൂലം എന്ന നിലയിലും രാജാവ് എന്ന നിലയിലും അദ്ദേഹത്തിൽ നിക്ഷിപ്തമായിട്ടുള്ള വ്യക്തിപരമായ വിശേഷാധികാരമാണു്. അതു് കവനൻറു് അനുസരിച്ചു് രാജപ്രമുഖനു് സിദ്ധിക്കുന്നില്ല. ആയതുകൊണ്ടു് റിവ്യൂഹർജി അനുവദിക്കുകയാണെങ്കിൽ തന്നെ ഫലപ്രദമായ ഒരു ജഡ്ജ്മെൻറ് ഈ കേസ്സിൽ ഉണ്ടാകുവാൻ നിവൃത്തിയില്ല. അതിനാൽ റിവ്യൂഹർജി, സാരാംശത്തിൽ പ്രവേശിക്കാതെ തന്നെ തള്ളേണ്ടതാണെന്നു വാദിച്ചു. 11-ാം വകുപ്പനുസ്സരിച്ചു് തിരുവിതാംകൂർ മഹാരാജാവ് പ്രയോഗിച്ചുകൊണ്ടിരുന്ന അധികാരം ഇപ്പോൾ രാജപ്രമുഖനു് പ്രയോഗിക്കാം എന്നാണ് അഭിജ്ഞനായ റിവ്യൂഹർജിക്കാരുടെ അഭിഭാഷകൻെറ വാദം. കവനൻറിലെ ആർട്ടിക്കിൾ 3 (a) ആണു് അദ്ദേഹം ആശ്രയിക്കുന്നതു്. അതു് ഇപ്രകാരമാണു്. "കവനൻറിൽ ചേരുന്ന ഏതെങ്കിലും സ്റേറററിലെ ഭരണാധികാരിക്കുള്ള അവകാശങ്ങളും കർത്തവ്യങ്ങളും അധികാരങ്ങളും ആ സ്റേറററിൻെറ ഭരണത്തിനു് അനുബന്ധപ്പെട്ടതാണെങ്കിൽ അവ യുണൈറഡ് സ്റേറററിൽ നിക്ഷിപ്തമായിരിക്കും" അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ 11-ാം വകുപ്പനുസ്സരിച്ചു് മഹാരാജാവ് പ്രയോഗിച്ചുവന്നിരുന്ന അധികാരം സ്റേറററിൻെറ ഭരണത്തോടനുബന്ധിക്കപ്പെട്ട ഒരു അധികാരമാണെന്നും അതു് മഹാരാജാവിൻെറ വ്യക്തിപരമായ ഒരവകാശമല്ലെന്നാണു്. നിയമത്തിൻെറ നടത്തിപ്പിനെപററിയും [illegible]ത്തെപററിയും ഉള്ള 124-ലെ 1-ാം ഓർഡിനൻസിലെ [illegible] വകുപ്പുകളിലും അഭിജ്ഞനായ അഭിഭാഷകൻ [illegible]. ഹൈക്കോർട്ടു് ആക്ട്

11-ാം വകുപ്പനുസരിച്ചുള്ള ഒരു ജഡ്ജ്മെൻറ് സ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം രാജപ്രമുഖനുണ്ടോ എന്നുള്ള പ്രശ്നത്തെപററി ഈ കേസ്സിൽ പരിചിന്തനം ചെയ്യേണ്ട ആവശ്യം ഉണ്ടെന്നു് ഞങ്ങൾക്കു് തോന്നുന്നില്ല. തിരുവിതാംകൂർകൊച്ചി ഹൈക്കോർട്ടു്ഓർഡിനൻസു് (Ordinance 2 of 124) മൂലം തിരുവിതാംകൂർ ഹൈക്കോർട്ടു് ആക്ട് റദ്ദ്ചെയ്യപ്പെട്ടിട്ടുണ്ടു്. ആ ഓർഡിനൻസിലെ 8-ാം വകുപ്പ് താഴെ കാണിക്കുന്ന പ്രകാരമാണു്.

"ഈ ഓർഡിനൻസ് നടപ്പിൽ വരുന്നതിനു മുമ്പായി തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള ഹൈക്കോടതികളിൽ ആരംഭിച്ചിട്ടുള്ള സകല നടപടികളും പുതിയ ഹൈക്കോടതിയിൽ ആരംഭിച്ചതായി പരിഗണിച്ചു് അവ തുടരുന്നതാണു്. അപ്രകാരമുള്ള നടപടികളിൽ നിലവിലുള്ള ഏതെങ്കിലും ഹൈക്കോടതി എന്തെങ്കിലും ഉത്തരവ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അവ ആ ഹൈക്കോടതിയുടെ തന്നെയല്ല പുതിയ ഹൈക്കോടതിയുടെയും ഉത്തരവായിട്ടു പരിഗണിക്കപ്പെടും"

അയ്യായിരം രൂപാക്കു് മേൽ സലയുള്ള അപ്പീലുകൾ ഒരു ഫുൾബഞ്ച് കേൾക്കേണ്ടതാണെന്നുള്ള സംഗതിയെപററിയാണു് 25-ാം വകുപ്പ് പ്രസ്താവിക്കുന്നതു്. ഫുൾബഞ്ചിൻെറ ജഡ്ജ്മെൻറു് സ്ഥിരപ്പെടുത്തുന്നതിനായി രാജപ്രമുഖൻെറ പക്കൽ സമർപ്പിക്കപ്പെടണമെന്നതിൽ വ്യവസ്ഥയില്ല. ഫുൾബെഞ്ചിൻെറ ജഡ്ജ്മെൻറു് റിവ്യൂചെയ്യുന്നതിനുള്ള വ്യവസ്ഥയാണു് 26-ാം വകുപ്പിലുള്ളതു്. അതു് ഇപ്രകാരമാണു്.

"ഈ ഓർഡിനൻസിലെ 25-ാം വകുപ്പനുസ്സരിച്ചു വിധിക്കുന്ന കേസ്സുകളിലെ ജഡ്ജ്മെൻറിനെ സംബന്ധിച്ചു് തിരുവിതാംകൂർ കൊച്ചി സിവിൽ നടപടി നിയമത്തിനു് വിധേയമായി, ഒരു ഫുൾബഞ്ചിനു് റിവ്യൂ സ്വീകരിക്കാവുന്നതാണു്."

ആകയാൽ, റിവ്യൂ സ്വീകരിക്കുന്നപക്ഷം ഈ കോടതിയിലെ ഒരു ഫുൾബെഞ്ചിനു് ഫലപ്രദമായ ഒരു ജഡ്ജ്മെ

ന്റ് പുറപ്പെടുവിക്കുവാൻ സാധിക്കുമെന്നും, തിരുവിതാംകൂർ ഹൈക്കോടതിയുടെ 11-ാം വകുപ്പ് റിവ്യൂ സ്വീകരിക്കുന്നതിനു തടസ്സമല്ലെന്നും വ്യക്തമാണ്. ആയതുകൊണ്ട് പ്രാരംഭ തടസ്സവാദം തള്ളിയിരിക്കുന്നു.

13. ഇനി ഹർജിയുടെ സാരാംശത്തിലേക്ക് പ്രവേശിക്കേണ്ടിയിരിക്കുന്നു. മുമ്പ് പ്രസ്താവിച്ചിട്ടുള്ളതുപോലെ ഹർജിക്കാർ 97 കാരണങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇതു 12 പ്രധാന കാരണങ്ങളായി ചുരുക്കുകയും ആയതിലേക്ക് ഹർജിക്കാരുടെ അഡ്വക്കേറ്റ് ഒരു മെമ്മോ ഈ കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ഈ ഹർജി സംഗതി ഞങ്ങളുടെ മുമ്പാകെ വാദിച്ചു, ഹർജിക്കാരുടെ അഭിജ്ഞനായ അഭിഭാഷകൻ മി. എൻജിനീയർ, അദ്ദേഹത്തിന്റെ വാദം മേൽപ്രസ്താവിച്ച കാരണങ്ങളിൽ പരിമിതപ്പെടുത്തി. തിരുവിതാംകൂർ സിവിൽനടപടി നിയമം 45-ാം ഓർഡർ 1-ാം വകുപ്പിലുള്ള 1-ാം ഉപവകുപ്പിന്റെ ആദ്യഭാഗം ഈ കേസ്സിന് ബാധകമാകുമെന്ന് അദ്ദേഹം വാദിച്ചില്ല. മറുവിധത്തിൽ പറയുന്നതായാൽ ഡിക്രി പാസ്സാക്കിയ സമയം ഹർജിക്കാരുടെ അറിവിൽപ്പെടാതിരുന്നതോ, അവർക്ക് ഹാജരാകുവാൻ നിവൃത്തിയില്ലാതെ വന്നിട്ടുള്ളതോ ആയതും തെളിവിൽ പുതിയതും പ്രാധാന്യം അർഹിക്കുന്നതും ആയ എന്തെങ്കിലും വസ്തുത ഈ കേസിൽ കണ്ടുപിടിച്ചതായി അദ്ദേഹം വാദിച്ചില്ല. തന്റെ കേസ്സിനുവേണ്ടി അദ്ദേഹം ആശ്രയിച്ചതു് "റിക്കാർട്ടിൽ പ്രഥമദൃഷ്ട്യാൽ ഉള്ള തെറ്റോ, പിശകോ" അല്ലെങ്കിൽ "മറ്റെന്തെങ്കിലും മതിയായ കാരണങ്ങളോ" എന്ന ഒന്നാം ഉപവകുപ്പിന്റെ രണ്ടാം ഭാഗത്തിലായിരുന്നു. പ്രിവികൌൺസിലില് Chhajju Ram V. Naiki (49 Indian appeals 144) എന്ന കേസ്സിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള തത്വം സ്വീകരിച്ചുകൊണ്ട് "മറ്റെന്തെങ്കിലും മതിയായ കാരണങ്ങൾ" എന്ന നിർവചനത്തിന്റെ അർത്ഥം, ആ കാരണങ്ങൾ, ആ ഉപവകുപ്പിന്റെ ആദ്യഭാഗത്തു പറഞ്ഞിട്ടുള്ള "റിക്കാർട്ടിൽ പ്രഥമദൃഷ്ട്യാ ഉള്ള തെറ്റോ, പിശകോ" അ[illegible]കിൽ "തെളിവിൽ പുതിയതും പ്രാധാന്യം അർഹിക്കുന്ന[illegible] ഇത കോടതിയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ

സാധിക്കാത്തതു് ക്ഷന്തവ്യമാണെന്നോ ഉള്ള കാരണങ്ങളോട് സാദൃശ്യമുള്ളതായിരിക്കണമെന്ന് അഭിജ്ഞനായ അഭിഭാഷകൻ സമ്മതിച്ചു. ആകയാൽ ഈ കേസ്സിലെ ജഡ്ജ്മെന്റിൽ, പ്രത്യക്ഷത്തിൽ എന്തെങ്കിലും പ്രമാദമോ പിശകോ റിവ്യൂ ഹർജിക്കാർക്ക് കാണിക്കുവാൻ സാധിച്ചിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം.

14. ഇനി റിവ്യൂ സ്വീകരിക്കുന്നതിനുവേണ്ടി ഹർജിക്കാർ അവലംബിച്ചിട്ടുള്ള കാരണങ്ങളെ ഓരോന്നായി ഞങ്ങൾ പരിചിന്തനം ചെയ്യാം.

15. കാരണം 1.

വാദികളെ ട്രസ്റ്റികളായി തിരഞ്ഞെടുത്ത യോഗം നിയമാനുസൃതം വിളിച്ചു കൂട്ടിയ ഒരു യോഗമല്ലെന്നു പ്രതികൾ വാദിച്ചു. ഈ വാദം താഴെ കാണിക്കുന്ന രണ്ടുകാരണങ്ങളെ അടിസ്ഥാനപ്പെടുത്തി ആയിരുന്നു, (1) ഈ യോഗത്തിലേക്കു മലങ്കരയുള്ള എല്ലാ യാക്കോബായ സുറിയാനിപ്പള്ളികളെയും ക്ഷണിക്കപ്പെട്ടിരുന്നില്ല. (2) അധികാരമുള്ള ആളുകളാൽ വിളിച്ചു കൂട്ടപ്പെട്ട ഒരു യോഗമല്ലായിരുന്നു അതു്.

ഈ രണ്ടു വാദങ്ങളും കീഴ്ക്കോടതി സ്വീകരിച്ചു് യോഗം നിയമാനുസൃതം വിളിച്ചു കൂട്ടിയതല്ല എന്നു തീരുമാനിച്ചു. എന്നാൽ ജസ്റ്റിസ് നോക്സ് ഈ രണ്ടു കാരണങ്ങളെപ്പറ്റിയും പരിചിന്തനം ചെയ്ത ശേഷം കീഴ്ക്കോടതിയുടെ തീരുമാനം തെറ്റാണെന്ന് വിധിച്ചു (P. 739) അഭിജ്ഞനായ ജഡ്ജിയുടെ അഭിപ്രായത്തിൽ പ്രതികളും അനുയായികളും സഭ വിട്ടു പോയിട്ടുള്ളവരാകയാൽ, പ്രതിഭാഗത്തുള്ള പള്ളികൾക്കു യോഗത്തെ സംബന്ധിച്ചുള്ള നോട്ടീസയക്കേണ്ട ആവശ്യം ഇല്ല എന്നായിരുന്നു. എന്നാൽ വാദിഭാഗത്തുള്ള എല്ലാ പള്ളികൾക്കും നോട്ടീസയച്ചിരുന്നോ എന്ന വസ്തുതയെപ്പറ്റി അഭിജ്ഞനായ ജഡ്ജി പരിചിന്തനം ചെയ്തില്ല. യോഗത്തിന്റെ സാധുതയെപ്പറ്റി പ്രതിയുടെ തർക്കം, പ്രതിഭാഗത്തുള്ള പള്ളികൾക്ക് നോട്ടീസയച്ചിരുന്നില്ല എന്നതു മാത്രമാണെന്നുള്ള സങ്കല്പത്തിന്മേലാണ്

ജസ്ററീസ് സത്യനേശൻവിധി എഴുതിയിട്ടുള്ളതു്(P.206) പ്രതികൾ സഭയ്ക്കു ഇതരന്മാരായി തീർന്നു എന്നും അന്യായപട്ടിക വസ്തുക്കൾ നിയമ വിരുദ്ധമായി അവർ കൈവശം വച്ചു കൊണ്ടിരിക്കുകയാണെന്നും തീരുമാനിക്കുകയാണെങ്കിൽ പോലും വാദികൾക്കു വസ്തുക്കൾ കൈവശം കിട്ടണമെങ്കിൽ നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റികളാണെന്നു സ്ഥാപിക്കണം. ഈ അതിപ്രധാനമായ വാദമുഖത്തെപ്പററി ഭൂരിപക്ഷ ജഡ്ജിമാർ പരിചിന്തനം ചെയ്തില്ല. ഇതു റിപ്പോർട്ടിൽ പ്രഥമദൃഷ്ട്യാ ഉള്ള ഒരു തെററാണെന്നാണ് വാദം.

16. വാദികളെ ട്രസ്ററികളായി തിരഞ്ഞെടുത്തയോഗത്തെപ്പററി രണ്ടു ആക്ഷേപങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിൽ ആദ്യത്തെ ആക്ഷേപം, കരിങ്ങാശ്ര യോഗം സംബന്ധിച്ച് പാത്രിയർക്കീസ് ഭാഗത്തുള്ള എല്ലാ പള്ളികൾക്കും നോട്ടീസ് അയച്ചിരുന്നോ എന്ന സംഗതിയെ പററി ഭൂരിപക്ഷ ജഡ്ജിമാർ ചർച്ച ചെയ്യുന്നതിനു വിട്ടുപോയി എന്നുള്ളതാണ്. പ്രതികളും അവരുടെ അനുയായികളും യോഗദിവസിക്കു മുമ്പായി സഭ വിട്ടുപോയി എന്നും, പാത്രിയർക്കീസ് കക്ഷിയുടെ മാത്രമായിട്ടുള്ള ഒരു യോഗമാണ് കരിങ്ങാശ്ര കൂടിയതു് എന്നും ഉള്ള അടിസ്ഥാനത്തിലാണ് അവർ വിധിന്യായങ്ങൾ എഴുതിയതു്. പാത്രിയർക്കീസ് പക്ഷത്തുള്ള എല്ലാ പള്ളികൾക്കും നോട്ടീസയച്ചില്ല എന്നു കീഴ്ക്കോടതി തീരുമാനിച്ചിട്ടില്ല. ഭൂരിപക്ഷം പള്ളികളും ഖണ്ഡിതമായി പ്രതികളുടെ പക്ഷത്താണെന്നും, ആ പള്ളികൾക്കു നോട്ടീസയച്ചിട്ടില്ലെന്നും മാത്രമാണ് ജില്ലാ ജഡ്ജിയുടെ തീരുമാനം. അദ്ദേഹത്തിൻെറ വിധിന്യായത്തിൽ 101-ാം വകുപ്പിൽ താഴെ കാണിച്ചിട്ടുള്ള പ്രകാരം പറയുന്നു.

“എം. ഡി. സെമ്മിനാരി യോഗത്തിലേക്ക് 291 പള്ളികൾ പ്രതിനിധികളെ അയച്ചിരുന്നതായി 64 അക്കം പ്രമാണം തെളിയിക്കുന്നു. 210 പള്ളികൾ (കരിങ്ങാശ്ര യോഗത്തിലേക്ക് പ്രതിനിധികളെ അയച്ചിരുന്നതായി B. അക്കം (കരിങ്ങാശ്ര യോഗ നടപടി) കാണിക്കുന്നു. ഈ കേസ്സിൽ ഇരു ഭാഗക്കാരും ഹാജരാക്കിയിട്ടുള്ള സമ്മതപത്ര

ങ്ങളിൽ നിന്നും 56 പള്ളികൾ ഇരു യോഗങ്ങളിലേക്കും പ്രതിപുരുഷന്മാരെ അയച്ചിരുന്നതായി കാണാം. ഈ 56 പള്ളികളെ ഒഴിച്ചാൽ 235 പള്ളികൾ എം. ഡി. സിമ്മനാരി യോഗത്തിലേക്ക് പ്രതിനിധികളെ അയച്ചിരുന്നു എന്നും യോഗത്തിൽ സംബന്ധിച്ചിരുന്നു എന്നും സ്പഷ്ടമാണ്. എന്നാൽ കരിങ്ങാശ്ര യോഗത്തിൽ 154 പള്ളികളിലെ പ്രതിനിധികൾ മാത്രമേ സംബന്ധിച്ചിരുന്നുള്ളു. 272 അക്കം ലിസ്റ്റിൽ 149 പള്ളികൾ പൂർണ്ണമായി വാദിഭാഗത്തുണ്ടെന്നു കാണിച്ചിരിക്കുന്നു. ഇതു് മേൽ പ്രസ്താവിച്ച 154 എന്ന എണ്ണത്തോടു ഏറെക്കുറെ യോജിക്കുന്നുണ്ടു്.”

ജില്ലാ ജഡ്ജിയുടെ വിധി ന്യായത്തിൽ മേൽ ഉദ്ധരിച്ച ഭാഗത്തിൽ നിന്നും അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ പോലും പാത്രിയർക്കീസ് പക്ഷത്തുള്ള എല്ലാ പള്ളികളേയും കരിങ്ങാശ്ര യോഗത്തിൽ പ്രതിനിധീകരിച്ചിരുന്നു എന്നു കാണാവുന്നതാണ്. പക്ഷേ അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, ഇരു ഭാഗത്തും കൂടി ആകെയുള്ള പള്ളികളുടെ എണ്ണം കണക്കാക്കി നോക്കിയാൽ കരിങ്ങാശ്ര യോഗത്തിൽ പ്രതിനിധീകരിച്ച പള്ളികൾ ന്യൂനപക്ഷമാണ്. എന്നാൽ പ്രതികളും അനുയായികളും സഭയ്ക്കു ഇതരന്മാരാണെന്നു തീരുമാനിക്കുന്ന പക്ഷം ഇതു അസംഗതമാണെന്നു അദ്ദേഹം സമ്മതിക്കുന്നു. അദ്ദേഹത്തിൻെറ ജഡ്ജിമെൻറിൽ 153-ാം വകുപ്പിൽ ഇപ്രകാരമാണ് പറയുന്നതു്.

“പ്രതികളും അനുയായികളും ശീശ്മക്കാരും ആണെന്നും അവർക്കു സഭയിലുള്ള അംഗത്വം നഷ്ടപ്പെട്ടു പോയി എന്നും അവർ സഭയ്ക്കു ഇതരന്മാരാണെന്നും തീരുമാനിക്കുന്ന പക്ഷം ഭൂരിപക്ഷം പള്ളികളും ഭൂരിപക്ഷം ആളുകളും ഏതു പക്ഷത്താണുള്ളതെന്ന പ്രശ്നത്തിനു വലിയ പ്രാധാന്യം ഇല്ലായിരിക്കാം. ഏതെങ്കിലും ഒരു കക്ഷിയ്ക്കു സഭയിലുള്ള അംഗത്വം നഷ്ടപ്പെടുകയും, സഭയിൽ നിന്നു വേർപെടുകയും ചെയ്യുന്ന പക്ഷം അവർക്കു ഭൂരിപക്ഷത്തിൻെറയാണോ ന്യൂനപക്ഷത്തിൻെറയാണോ പിൻതുണയുള്ളതു് എന്ന വസ്തുതയ്ക്കു യാതൊരു പ്രസക്തിയും ഇല്ല. അതു് അസംഗതവുമാണ്.” പാത്രിയർക്കീസിൻെറ പക്ഷത്തുള്ള പള്ളിപ്രതിനിധികളുടെ ഒരു യോഗം എന്ന നിലയിൽ കരിങ്ങാശ്ര യോഗ

ത്തെപ്പററി താഴെ കാണിക്കും പ്രകാരമാണ് ജില്ലാ ജഡ്ജി പ്രസ്താവിക്കുന്നത്.

"പാത്രിയർക്കീസന്മാരായ അബ്ദുള്ളാ രണ്ടാമൻ, ഏലിയാസ്, അപ്രേം എന്നിവരോടു ചേർന്ന് നിൽക്കുന്നവരുടെയും വാദികളുടേയും മാത്രമായിട്ടുള്ള ഒരു യോഗമായിരുന്നു കരിങ്ങാച്ര യോഗം എന്ന് വാദി ഭാഗം അഡ്വക്കേറ്റ് അവസാനമായി വാദിച്ചു. ആ യോഗം അവരുടെതായിരുന്നു എന്നു തന്നെയല്ല അവരുടെ യോഗമായിട്ടു മാത്രമേ അവകാശപ്പെടുന്നുള്ളു. അപ്രകാരം മാത്രമേ ഉദ്ദേശവും ഉണ്ടായിരുന്നുള്ളു: മലങ്കര യാക്കോബായ സഭ എന്നറിയപ്പെടുന്നതു വാദി ഭാഗക്കാരെയാണെന്നും, പ്രതികളും അനുയായികളും വേദ വിപരീതികളും ശീശ്മക്കാരും ആണെന്നും അവർ സഭ വിട്ടു പോയിട്ടുള്ളവരും സഭയിൽ ഉണ്ടായിരുന്ന അംഗത്വം നഷ്ടപ്പെട്ടിട്ടുള്ളവരാണെന്നും കരിങ്ങാച്ര യോഗത്തിൽ സംബന്ധിക്കുന്നതിനോ ക്ഷണിക്കപ്പെടുന്നതിനോ അവകാശമില്ലെന്നും അദ്ദേഹം വാദിച്ചു. കൂടാതെ വാദി പക്ഷത്തുള്ള ആളുകളിൽ ആരും ആ യോഗത്തിന്റെ പ്രാതിനിധ്യ സ്വഭാവത്തെപ്പററി ചോദ്യം ചെയ്തിട്ടില്ലാത്തതുകൊണ്ട്, ആ യോഗവും അതിലെ നടപടികളും മലങ്കര യാക്കോബായ സഭയെ ബാധിക്കുന്നതാണ് എന്നും വാദിച്ചു. ഈ വാദം അനുസരിച്ചു പ്രതികളും അനുയായികളും സഭയ്ക്കു ഇതരന്മാരാണെന്ന് തീരുമാനിക്കുകയാണെങ്കിൽ മാത്രമേ കരിങ്ങാച്ര യോഗം മലങ്കര സഭയെ ബന്ധിക്കുകയുള്ളു എന്ന് വാദി ഭാഗം തന്നെ സമ്മതിക്കുന്നതായി കാണാം. 14 മുതൽ 17 വരെയും 19 മുതൽ 25 വരെയും ഉള്ള വാദമുഖങ്ങൾ ചർച്ച ചെയ്ത അവസരത്തിൽ വാദികളോ പ്രതികളോ മലങ്കര സഭ വിട്ടു വേർപിരിഞ്ഞുപോയിട്ടില്ലെന്നും, അവരുടെ സഭയിലുള്ള അംഗത്വം നഷ്ടപ്പെട്ടിട്ടില്ലെന്നും സഭ വക ഭരണത്തിലും വസ്തുക്കളിലും അവർക്കുള്ള അവകാശം നഷ്ടപ്പെട്ടില്ലെന്നും ഞാൻ തീരുമാനിച്ചു കഴിഞ്ഞു. എല്ലാ പള്ളികൾക്കും നോട്ടീസയച്ചിട്ടില്ലെന്നും, അയക്കുന്നതിന് ഇടയില്ലെന്നും സ്പഷ്ടമാണ്. വാദികളുടെ ഭാഗത്തു പരിപൂർണ്ണമായി നിൽക്കുന്ന പള്ളികൾക്കും അവർക്കു ഗുണപക്ഷം ലഭിക്കുമെന്ന വിശ്വാസം ഉള്ള പള്ളികൾക്കും മാത്രമേ നോട്ടീസയച്ചിട്ടുള്ളു."

(P. P. 141 142). 142-ം 143-ം വശങ്ങളിൽ യോഗം വിളിച്ചുകൂട്ടിയതിനെപ്പററിയും യോഗനടപടികളെപ്പററിയും ജില്ലാ ജഡ്ജി താഴെ കാണിക്കുന്നപ്രകാരം പറഞ്ഞിരിക്കുന്നു.

"വിവിധപള്ളികൾ, യോഗത്തെപ്പററിയുള്ള നോട്ടീസ് ലഭിച്ചതനുസരിച്ചു, ശരിയായ ഒപ്പോടുകൂടിയ സമ്മതപത്രത്തോടുകൂടി പ്രതിനിധികളെ അയച്ചുവെന്നും, നോട്ടീസുകൾ പള്ളികളിൽ പ്രസിദ്ധംചെയ്തു പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന് യോഗം കൂടി എന്നും, കരിങ്ങാച്ര വെച്ചു കൂടിയ യോഗത്തിൽ B ആക്കത്തിൽ കാണിച്ചിട്ടുള്ള പ്രമേയങ്ങൾ എല്ലാംശരിയായി അവതരിപ്പിക്കപ്പെടുകയും, പിന്താങ്ങുകയും പാസ്സാക്കുകയും ചെയ്തിട്ടുള്ളതാണെന്നും, യോഗത്തിന്റെ നടപടി (മിനിട്ട്സ്) എഴുതിയശേഷം വായിച്ചു എന്നും അവർ അതിൽ ഒപ്പിട്ടു എന്നുംമുൻ പ്രസ്താവിച്ച സാക്ഷികൾ തെളിയിക്കുന്നു. ഒന്നാംവാദിയെ മലങ്കര മെത്രാപ്പോലീത്തായായും 2-ം 3-ം വാദികളെ ട്രസ്റ്റികളായും തിരഞ്ഞെടുക്കപ്പെട്ടു എന്നും ഈ സാക്ഷികൾ തെളിയിക്കുന്നു."

അപ്പീൽ പ്രതികൾ അപ്പീലിൽ ആക്ഷേപിക്കാത്ത ജില്ലാജഡ്ജിയുടെ ഈ തീരുമാനത്തിന്റെ വെളിച്ചത്തിൽ കരിങ്ങാച്രയോഗത്തിന് വാദിഭാഗം പള്ളികൾക്ക് എല്ലാം നോട്ടീസ് അയച്ചിരുന്നോ എന്ന പ്രശ്നത്തെപ്പററി ഉഭയപക്ഷജഡ്ജിമാർ പരിചിന്തനം ചെയ്തില്ല എന്നുള്ള വാദത്തിന് അടിസ്ഥാനമില്ല. പ്രതികളുടെ ഭാഗത്തുള്ള പള്ളികൾക്ക് നോട്ടീസയച്ചിരുന്നില്ല എന്നുള്ള ഏകവാദം മാത്രമേ കരിങ്ങാച്ര യോഗത്തെപ്പററി പുറപ്പെടുവിച്ചിരുന്നുള്ളു എന്നു മൂന്നു ജഡ്ജിമാരുടേയും വിധിന്യായത്തിൽ നിന്നും പ്രസ്പഷ്ടമാകുന്നുണ്ട്. ആയതിനാൽ ഈ വാദത്തിന് യാതൊരു പ്രസക്തിയുമില്ല.

17. കരിങ്ങാച്ര യോഗത്തെപ്പററി, അതു വിളിച്ചുകൂട്ടിയവർക്ക് അപ്രകാരം ചെയ്യുന്നതിന് അധികാരമില്ലാത്തവരായിരുന്നു എന്നുകൂടി ഒരു തർക്കം പ്രതിഭാഗത്തുനിന്നും ഉന്നയിച്ചിരുന്നു. എങ്കിലും പ്രതിപക്ഷത്തുള്ള പള്ളികൾക്ക് നോട്ടീസയച്ചില്ല എന്നൊരു തർക്കം മാത്രമേ ആ യോഗത്തിന്റെ സാധുതയെപ്പററി ഉന്നയിച്ചിട്ടുള്ളു എന്ന സങ്കല്പത്തി

ലാണ് ജസ്റ്റീസ് സത്യനേശൻ വിധി എഴുതിയിട്ടുള്ളതു് എന്നുള്ളതാണ് റവ്യൂഹർജിക്കാരുടെ മറെറാരുവാദം. പ്രതികളുടെ പത്രിക 20-ാം വകുപ്പിൽ കരിങ്ങാച്ര യോഗം വിളിച്ചുകൂട്ടിയവർക്കു ആയതിനു് അധികാരമില്ലാത്തവരാണെന്നു് ഒരു തർക്കം പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണ്. എന്നാൽ അപ്രകാരം അവർക്കു അധികാരം ഇല്ലാത്തതു് എന്തുകൊണ്ടാണെന്നോ, മററാർക്കാണ് അതിനു് അധികാരം ഉള്ളതു് എന്നോ പ്രസ്താവിച്ചിട്ടില്ല. യോഗം വിളിച്ചുകൂട്ടിയവർക്കു അധികാരം ഇല്ല എന്നുമാത്രം ഒരു പ്രസ്താവന പത്രികയിൽ ഉണ്ടെങ്കിലും വാദപ്രതിവാദരേഖയിൽ (Pleadings) ഇതിനെപ്പററി യാതൊരു പ്രസ്താവനയും ഇല്ല. വാദപ്രാതിവാദരേഖയിൽ 87 മുതൽ 92 വരെ വകുപ്പുകൾ യോഗത്തിന്റെ സാധുതയെ പററിയുള്ളവയാണ്. എല്ലാ പള്ളികൾക്കും നോട്ടീസ്സയച്ചിരുന്നില്ലെന്നും, എല്ലാ പള്ളിപ്രതിനിധികളും കൂടിയുള്ള ഒരു യോഗം ആയിരുന്നില്ല എന്നുമായിരുന്നു യോഗത്തെപ്പററി ഉന്നയിച്ച തർക്കം. യോഗം ശരിയായും, നിയമാനുസൃതമായും വിളിച്ചുകൂട്ടിയതോ, നടത്തപ്പെട്ടതോ അല്ല എന്നു മാത്രമേ 91-ാം പ്ളീഡിംഗ്സ് പറയുന്നുള്ളു. യോഗം നിയമാനുസൃതം വിളിച്ചുകൂട്ടുകയോ, നടത്തപ്പെടുകയോ ചെയ്തിട്ടുണ്ടോ എന്നും, അതു മലങ്കരെയുള്ള യാക്കോബായ പള്ളിപ്രതിനിധികളുടെ ഒരു യോഗം ആയിരുന്നുവോ എന്നും മാത്രമേ കരിങ്ങാച്ര യോഗത്തെപ്പററി കേസ്സിൽ ഏർപ്പെടുത്തിയിട്ടുള്ള 1 ബി വാദമുഖത്തിൽ രേഖപ്പെടുത്തിയിട്ടുള്ളു. യോഗം വിളിച്ചുകൂട്ടിയവർക്കു അപ്രകാരം ചെയ്യുന്നതിനു അധികാരം ഉണ്ടോ എന്നുള്ള പ്രശ്നത്തെപ്പററി പ്രത്യേക വാദമുഖം ഏർപ്പെടുത്തിയിട്ടില്ല. എം. ഡി. സെമിനാരിയോഗം വിളിച്ചുകൂട്ടിയവർക്കു് അപ്രകാരം ചെയ്യുന്നതിനു് അധികാരം ഇല്ല എന്നു വാദികളും ഒരു തർക്കം അന്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. അപ്രകാരം അധികാരം ഇല്ലാത്തതു എന്തുകൊണ്ടാണെന്നു് അവരും പറഞ്ഞിട്ടില്ല. ഓരോ ഭാഗക്കാരും അപരകക്ഷി സഭക്കു് ഇതരന്മാരാണെന്നുള്ള അവരുടെ വാദം ആണ് ഈ തർക്കത്തിന്റെ അടിസ്ഥാനം എന്നു് ഈ കേസ്സിലെ വാദപ്രതിവാദരേഖയിൽ നിന്നും കാണ്മാൻ സാധിക്കും. ആയതുകൊണ്ടു് ഇരുഭാഗ

ക്കാരും വിളിച്ചുകൂട്ടിയിട്ടുള്ള യോഗങ്ങൾ അധികാരം ഉള്ളവരാണോ വിളിച്ചുകൂട്ടിയിട്ടുള്ളതു് എന്ന പ്രശ്നം വാദിഭാഗക്കാരോ പ്രതിഭാഗക്കാരോ സഭ വിട്ടുപോയിട്ടുള്ളവരാണോ എന്നുള്ള പ്രശ്നത്തെയാണ് യഥാർത്ഥത്തിൽ ആശ്രയിച്ചിരിക്കുന്നതു്. ഈ പ്രശ്നം ജില്ലാജഡ്ജി അദ്ദേഹത്തിന്റെ വിധിന്യായത്തിൽ 164-ാം വകുപ്പിൽ പ്രതിപാദിക്കുകയും കരിങ്ങാച്രയോഗം അധികാരം ഉള്ളവരാൽ വിളിച്ചുകൂട്ടിയിട്ടുള്ളതല്ല എന്നു തീരുമാനിക്കുകയും ചെയ്തു.

പ്രതികളും അനുയായികളും വാദികളെപ്പോലെ മലങ്കര സഭാംഗങ്ങളാണെന്നും, കരിങ്ങാച്രയോഗം വിളിച്ചുകൂട്ടിയ പാത്രിയർക്കീസ് ഭാഗത്തെ മെത്രാപ്പോലീത്തന്മാർക്കു് മലങ്കര അസ്സോസ്യേഷനേയൊ അതിന്റെ മാനേജിംഗ് കമ്മററിയേയോ പ്രതിനിധീകരിച്ചു് പ്രവർത്തിക്കുവാൻ അധികാരമില്ലാത്തതുകൊണ്ടു് യോഗം വിളിച്ചു കൂട്ടുന്നതിനും അവർക്കു് അധികാരമില്ലെന്നും ഉള്ള ജില്ലാജഡ്ജിയുടെ അഭിപ്രായമാണ് ഈ തീരുമാനത്തിനു് അടിസ്ഥാനം. എന്നാൽ ഈ മെത്രാപ്പോലീത്തന്മാർക്കു് അവരുടെ ഭാഗത്തെ ജനങ്ങളുടെ പ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടുന്നതിനു് അവർക്കധികാരമില്ലെന്നു് കീഴ്ക്കോടതി ജഡ്ജി തീരുമാനിച്ചിട്ടില്ല. നേരെ മറിച്ചു്, പാത്രിയർക്കീസ് ഭാഗത്തെ യോഗം എന്ന നിലയിൽ കരിങ്ങാച്രയോഗം നിയമാനുസൃതം വിളിച്ചുകൂട്ടിയതും നടത്തപ്പെട്ടതും ആണെന്നാണ് ജില്ലാജഡ്ജിയുടെ പോലും അഭിപ്രായം എന്നുമേൽ ഉദ്ധരിച്ചിട്ടുള്ള അദ്ദേഹത്തിന്റെ തീരുമാനങ്ങളിൽനിന്നും അഭിപ്രായങ്ങളിൽ നിന്നും സ്പഷ്ടമാകുന്നുണ്ടു്.

18. വാദികളെ ട്രസ്റ്റികളായി തിരഞ്ഞെടുത്ത യോഗം പാത്രിയർക്കീസ് കക്ഷിയിലുള്ള പള്ളിപ്രതിനിധികളുടെ മാത്രം ഒരു യോഗമായിരുന്നുവെന്നും ആ യോഗത്തിൽ ഒന്നാം പ്രതിയുടെ അനുയായികളെ ഒഴിച്ചു നിർത്തിയിരുന്നു എന്നും വാദിഭാഗത്തുനിന്നും അപ്പീൽ വാദസമയത്തു സമ്മതിച്ചിരുന്നു എന്നു് അപ്പീൽ ജഡ്ജ്മെൻറിൽ നിന്നും കാണുന്നു. ഒന്നാം പ്രതിയുടെ അനുയായികളുമായി സമ്പർക്കം നടത്തരുതെന്നും അവരെ സഭക്കു് ഇതരന്മാരായി കരുതണമെന്നും "Z"

[illegible] മുഖാന്തിരം പാത്രിയർക്കീസ് അദ്ദേഹത്തി
[illegible] ളെ ഉൽബോധിപ്പിച്ചിരുന്നു. കരിങ്ങാച്ര
[illegible] മുമ്പുതന്നെ ഒന്നാം പ്രതിയും അനയായികളും
[illegible] സമുദായത്തിൽനിന്നും സ്വയം വേർ
[illegible] അവർക്കായി ഒരു പുതിയ സഭ രൂപവൽ
[illegible] ചെയ്തു എന്നു ജസ്റ്റീസന്മാരായ നോക്സും,
[illegible] തീരുമാനിച്ചു. കരിങ്ങാച്ര യോഗത്തിന്റെ
[illegible] തീരുമാനം, പ്രതികളും അനയായിക
[illegible] മുമ്പായി സഭ വിട്ടുപോയിട്ടുണ്ടോ എ
[illegible] പ്രശ്നത്തെയാണ് യഥാർത്ഥത്തിൽ ആശ്രയിച്ചിരിക്കുന്ന
[illegible] എന്നാണ് അവരുടെ അഭിപ്രായം. 739-ാം പാറ്റു
ജസ്റ്റിസ് നോക്സ് ഇപ്രകാരം പ്രസ്താവിക്കുന്നു.
"പുതിയ ഭരണഘടനയുടെ സ്വീകരണം മൂലം പ്രതി
കൾ പാത്രിയർക്കീസിനെ നിഷേധിക്കുന്നു എന്നുള്ള മുൻസ
ബ്ജഡ്ജിന്റെ തീരുമാനം അനുസ്സരിച്ചും, കരിങ്ങാച്രയോ
ഗത്തിനു ഉദ്ദേശം എട്ടു മാസങ്ങൾക്കുമുമ്പുതന്നെ 1934-ൽ ഈ
ഭരണഘടന സ്വീകരിച്ചു കഴിഞ്ഞിരുന്നു എന്നും ഓർക്കു
മ്പോൾ പാത്രിയർക്കീസിന്റെ കല്പന ഇല്ലാതിരുന്നെങ്കിൽ
കൂടെയും, അവരെ ക്ഷണിക്കാതിരുന്ന നടപടി നീതീകരി
ക്കാവുന്നതാണ്. അതുകൊണ്ട് ആ യോഗം സഭയിലെ ഒരു
ന്യൂനപക്ഷത്തിന്റെ യോഗമായിരുന്നു എന്നും അധികാരമുള്ള
വരാൽ വിളിച്ചുകൂട്ടപ്പെട്ടതല്ലെന്നും (ജ. 164 167 പാരാ) ഉ
ള്ള കീഴ്ക്കോടതി തീരുമാനം തെററാണ്." യോഗത്തിയ
തിക്കു മുമ്പായി പ്രതികളും അനയായികളും സഭ വിട്ടുപോയി
ട്ടുണ്ടെങ്കിൽ അവർക്കു നോട്ടീസയക്കുന്ന പ്രശ്നം ഉദിക്കുന്നേ
യില്ല. അതുപോലെ തന്നെ, മലങ്കരഅസ്സോസ്യേഷനെ പ്രതി
നിധീകരിച്ച് യോഗം വിളിച്ചുകൂട്ടുന്നതിന് ഒന്നാം വാദിക്കും
മററു മെത്രാപ്പോലീത്തന്മാർക്കും അധികാരം ഉണ്ടോ എന്ന
പ്രശ്നത്തിനും പ്രാധാന്യം കുറഞ്ഞുപോകുന്നു. പ്രതികൾ
സഭയ്ക്കു ഇതരന്മാരാകുകയാൽ കരിങ്ങാച്ര യോഗം പാത്രിയർ
ക്കീസ് ഭാഗത്തെ മാത്രമായുള്ള ഒരു യോഗമാണെങ്കിൽ തന്നെ
ആ യോഗം വിളിച്ചുകൂട്ടിയ മെത്രാപ്പോലീത്തന്മാക്ക് അ
തിനു അധികാരമില്ലായിരുന്നു എന്നൊരു വാദം അ
പ്പീൽ പ്രതിഭാഗത്തുനിന്നും ഉന്നയിച്ചിരുന്നില്ല എന്നുള്ള

തു മൂന്നുജഡ്ജിമാരുടെയും വിധിന്യായങ്ങളിൽ നി
ന്നും പ്രസ്പഷ്ടമാകുന്നുണ്ട്. കീഴ്ക്കോടതി പോലും അ
പ്രകാരം തീരുമാനിച്ചിട്ടും ഇല്ല. അഭിജ്ഞനായ ജഡ്ജി
യുടെ അഭിപ്രായത്തിൽ യോഗം വിളിച്ചു കൂട്ടിയവർക്കു ആ
യതിനു അധികാരമുണ്ടോ എന്നതിനെപ്പററി പ്രതിപാദി
ക്കേണ്ട ആവശ്യമേ ഇല്ല. ഒന്നാം പ്രതിയും അനയായികളും
സഭ വിട്ടുപോയിട്ടുണ്ടോ എന്നു കക്ഷികൾ തമ്മിലുള്ള യ
ഥാർത്ഥ തർക്കത്തെപ്പററി അവരുടെ തീരുമാനത്തിൽ നിന്നും
ഉള്ള അനുമാനം മാത്രമാണ് യോഗത്തിന്റെ സാധുതയെ
പ്പററി ജസ്റ്റീസന്മാരായ നോക്സിന്റെയും സത്യനേശന്റെ
യും തീരുമാനം. ഇപ്രകാരമാണ് ഈ അപ്പീൽ വാദിച്ചിട്ടു
ള്ളതു എന്നു ചീഫ് ജസ്റ്റീസ് കൃഷ്ണസ്വാമി അയ്യരുടെ വി
ധിന്യായത്തിൽ നിന്നും കാണാവുന്നതാണ്. അദ്ദേഹം
844-ാം വശത്തു ഇപ്രകാരം പറയുന്നു. "ഒന്നാം പ്രതിയും
അനയായികളും സഭയ്ക്കു ഇതരന്മാരായിട്ടില്ലെങ്കിൽ വാദിക
ളെ നിയമാനുസൃതം ട്രസ്റ്റികളായി തിരഞ്ഞെടുത്തിട്ടില്ലെന്നു
ള്ളതു അവിതർക്കിതമാണ്." വാദികളെ ട്രസ്റ്റികളായി തി
രഞ്ഞെടുത്തതിനെപ്പററി ഇത്ര മാത്രമേ അദ്ദേഹത്തിനു പറ
യുവാനുള്ളു. വാദികൾക്കു സഭയെ പ്രതിനിധീകരിച്ചു അ
ന്യായ പട്ടികവസ്തുക്കൾ കൈവശം കിട്ടുന്നതിനു അവകാ
ശം ഇല്ലെന്നു അദ്ദേഹം തീരുമാനിച്ചതു അദ്ദേഹത്തിന്റെ
അഭിപ്രായത്തിൽ ഒന്നാംപ്രതിയും അനയായികളും സഭ
വേർപെട്ടു പോയിട്ടില്ല എന്ന ഏക കാരണത്താലാണ്.

19. മേൽ പ്രസ്താവിച്ച പ്രകാരം, പ്രതിഭാഗക്കാരു
ടെ പള്ളികൾക്കു നോട്ടീസയച്ചില്ല എന്നു മാത്രമേ കരി
ങ്ങാച്ര യോഗത്തിന്റെ സാധുതയെപ്പററി അപ്പീൽ പ്രതി
ഭാഗത്തിനു വേണ്ടി വാദിച്ചിട്ടുള്ളു. പ്രതികളും അനയായി
കളും സഭയ്ക്കു ഇതരന്മാരായിത്തീർന്നിരുന്നതു കൊണ്ടു
യോഗത്തിലേക്കു ക്ഷണിക്കപ്പെട്ടവാൻ അവർക്കു അവകാശ
മില്ല എന്നായിരുന്നു ഭൂരിപക്ഷ ജഡ്ജിമാരുടെ തീരുമാനം.
ഒരു ന്യൂനപക്ഷത്തിന്റെ യോഗമായിരുന്നു എന്നും അധികാ
രമുള്ളവരാൽ വിളിച്ചു കൂട്ടപ്പെട്ടതല്ലെന്നും ഉള്ള കീഴ്ക്കോടതി
യുടെ അഭിപ്രായം തെററാണെന്നു ജസ്റ്റിസ് നോക്സ് അ
ദ്ദേഹത്തിന്റെ തീരുമാനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ

തീരുമാനം രേഖപ്പെടുത്തിയതിൽ കൂടുതലായി, യോഗം വിളിച്ചുകൂട്ടിയവർക്ക് അപ്രകാരം ചെയ്യുന്നതിനുള്ള അധികാരത്തെപ്പററി പ്രതിപാദിക്കേണ്ട ആവശ്യം ഉണ്ടെന്നു അഭിജ്ഞനായ ജഡ്ജിക്കു് തോന്നിയില്ല. ഈ കേസ്സിനെപ്പററി അദ്ദേഹം എടുത്തിരുന്ന അഭിപ്രായം അനുസരിച്ചും, ഈ പ്രശ്നം ഇരു ഭാഗക്കാരും വീക്ഷിച്ച രീതിയനുസരിച്ചും, അതേപ്പററി പ്രതിപാദിക്കേണ്ട ആവശ്യം അഭിജ്ഞനായ ജഡ്ജിക്കില്ലായിരുന്നു. ഈ കാരണത്താൽ തന്നെ അഭിജ്ഞരായ മററു ജഡ്ജിമാരും ഈ പ്രശ്നത്തെപ്പററി പ്രതിപാദിച്ചിട്ടില്ല. യോഗം വിളിച്ചുകൂട്ടിയവർക്കു് അധികാരമില്ല എന്നുള്ള കീഴ്ക്കോടതി തീരുമാനം തെററാണെന്നു് മാത്രം ജസ്റ്റീസ് നോക്സ് പ്രസ്താവിച്ചതിൽ നിന്നും, ഈ പ്രശ്നത്തെപ്പററി അപ്പീലിൽ വാദിച്ചു എന്നു് അനുമാനിക്കാവുന്നതല്ല. അഭിജ്ഞനായ ജഡ്ജി ഈ പ്രശ്നം പ്രതിപാദിച്ചിട്ടേയില്ല. ചീഫ് ജസ്റ്റീസും ഇതേപ്പററി യാതൊന്നും പ്രതിപാദിച്ചിട്ടില്ല. നോട്ടീസിനെപ്പററി മാത്രമേ വാദിച്ചിട്ടുള്ളു എന്നുള്ളതു് രണ്ടു ജഡ്ജിമാരുടെയും വിധിന്യായങ്ങളിൽ നിന്നും സ്പഷ്ടമാണു്. യോഗത്തെപ്പററി ജസ്റ്റീസ് സത്യനേശൻ ഇപ്രകാരം പറയുന്നു.

"ഒന്നാം പ്രതിയുടെ നിയന്ത്രണത്തിലുള്ള ഇടവകകൾക്കു് ക്ഷണം അയക്കപ്പെട്ടിട്ടില്ല എന്നുള്ള ഏക ന്യൂനത മാത്രമേ ചൂണ്ടിക്കാണിക്കുന്നുള്ളു. ഇതിനുള്ള സംക്ഷിപ്തമായ സമാധാനം ഒരു പുതിയ സഭയുടെ അംഗങ്ങളായി തീരുന്നതിനാൽ അവർക്കു ക്ഷണത്തിനുള്ള അവകാശം നശിച്ചു പോയിരുന്നു എന്നും അവരെ ഉൾപ്പെടുത്താത്തതിനുള്ള ശരിയായ നടപടിയാണെന്നും ഉള്ളതാണു്."

ഇതിൽ നിന്നും, ഒന്നാം പ്രതിയുടെ നിയന്ത്രണത്തിലുള്ള ഇടവകകൾക്കു് നോട്ടീസയച്ചിരുന്നില്ല എന്നു് ഒരു ആരോപണം മാത്രമേ പ്രതിഭാഗത്തു നിന്നും യോഗത്തിന്റെ സാധുതയെപ്പററി ഉന്നയിച്ചിട്ടുള്ളയെന്നു് ജസ്റ്റീസ് സത്യനേശൻ ധരിച്ചുപോയി എന്നും യോഗം വിളിച്ചുകൂട്ടിയവർക്കു് ആയതിനധികാരമില്ലായിരുന്നു എന്നു കൂടി ഒരു ആരോപണം പ്രതിഭാഗത്തുനിന്നും ഉന്നയിച്ചിരുന്നതിനെപ്പററി അദ്ദേഹം

ത്തിനു് അറിവില്ലായിരുന്നു എന്നും ഹർജിക്കാർക്കു വേണ്ടി വാദിച്ചു. "ചൂണ്ടിക്കാണിക്കപ്പെട്ട ന്യൂനത" എന്നതിന്റെ അർത്ഥം വാദസമയത്തു ചൂണ്ടിക്കാണിച്ച ന്യൂനത എന്നു് ആണെന്നും അല്ലാതെ പത്രികയിൽ പ്രസ്താവിച്ചിട്ടുള്ള ന്യൂനത അല്ലെന്നും സ്പഷ്ടമാണു്. യോഗം വിളിച്ചുകൂട്ടിയവർക്കു ആയതിനുള്ള അധികാരത്തെപ്പററി കീഴ്ക്കോടതിയിൽ ഉന്നയിച്ച വാദത്തെപ്പററി ജസ്റ്റീസ് നോക്സ് അദ്ദേഹത്തിന്റെ വിധിന്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. കീഴ്ക്കോടതി ജഡ്ജ്മെൻറിൽ ഇതിനെപ്പററി പരാമർശിക്കുന്ന ഭാഗം കൂടി അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ജസ്റ്റീസ് നോക്സിന്റെ വിധിന്യായങ്ങളോടു് യോജിച്ചുകൊണ്ടു് ജസ്റ്റീസ് സത്യനേശൻ കേസ്സിന്റെ ചില വശങ്ങളെപ്പററി മാത്രമേ പരാമർശിച്ചിട്ടുള്ളു. ജസ്റ്റീസ് നോക്സ് പറഞ്ഞിട്ടുള്ളതിനും പുറമേ വളരെ കുറച്ചു മാത്രമേ തനിക്കു പറയുവാനുള്ളു എന്നദ്ദേഹം ഒരു ഭാഗത്തു പ്രസ്താവിച്ചിട്ടുണ്ടു്. കരിങ്ങാച്ചിറ യോഗത്തെപ്പററി ജസ്റ്റീസ് നോക്സ് അദ്ദേഹത്തിന്റെ വിധിന്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഭാഗം ജസ്റ്റീസ് സത്യനേശൻ വായിച്ചിട്ടില്ല എന്നു് അനുമാനിക്കുന്നതിനു് യാതൊരു കാരണവുമില്ല. അതുപോലെ തന്നെ കരിങ്ങാച്ചിറ യോഗത്തെപ്പററി പത്രികയിൽ പ്രതികൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളെപ്പററിയും അദ്ദേഹത്തിനു് അറിവില്ലായിരുന്നു എന്നു പറയുന്നതിനടിസ്ഥാനമില്ല. അഭിജ്ഞരായ രണ്ടു സഹജഡ്ജിമാരുടെയും വിധിന്യായങ്ങൾ പാരായണം ചെയ്തതിനു് ശേഷം ജസ്റ്റീസ് നോക്സ് അദ്ദേഹത്തിന്റെ വിധിന്യായത്തിൽ ഒരു വിശദീകരണം എന്നനിലയിൽ കുറെ വാക്കുകൾ കൂടി എഴുതിച്ചേർത്തിട്ടുണ്ടു് എന്നു് അദ്ദേഹത്തിന്റെ വിധിന്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടു് എന്നുള്ളതു് പരമാർത്ഥമാണു്. ഇപ്രകാരം വിശദീകരണാർത്ഥം കൂട്ടിച്ചേർത്ത വാക്കുകൾ, റൈറ്റപ്പ് ചെയ്തിട്ടുള്ള അസ്സൽ ജഡ്ജ്മെൻറിൽ അദ്ദേഹത്തിന്റെ സ്വന്തം കൈപ്പടയിലാണു്. കരിങ്ങാച്ചിറ യോഗത്തെപ്പററി ജില്ലാ ജഡ്ജിയുടെ തീരുമാനത്തെപ്പററി ജസ്റ്റീസ് നോക്സ് പരാമർശിച്ചിട്ടുള്ളതു ഈ റൈറ്റപ്പ് ചെയ്തിട്ടുള്ള ഭാഗത്താണു്. ആയതുകൊണ്ടു് ഈ ഭാഗം അവസാനം കൂട്ടിച്ചേർത്തിട്ടുള്ളതല്ലെന്നു്

സ്[illegible] [illegible]ത്തിൽ, കേസ്സിൻെറ ഈ ഭാഗത്തെ സംബന്ധിച്ച് [illegible] ഉണ്ടായിരുന്ന തർക്കത്തെപ്പററി ജസ്റ്റിസ് സത്യവ്രത[illegible] ഏതെങ്കിലും തെററിദ്ധാരണ ഉണ്ടായ[illegible], ഏതെങ്കിലും പ്രാധാന്യം അർഹിക്കുന്ന വാദമുഖത്തെപ്പററി [illegible]രായ ജഡ്ജിമാർ പരിചിന്തനം ചെയ്യുന്നതിന് [illegible]പോയി എന്നോ തീരുമാനിക്കുന്നതിന് ഏതെങ്കിലും [illegible] ഞങ്ങൾക്കു തോന്നുന്നില്ല. ആയതിനാൽ [illegible] ഭാഗത്തെ സംബന്ധിച്ച് ഉന്നയിച്ചിട്ടുള്ള [illegible] ആക്ഷേപത്തിനു യാതൊരു അടിസ്ഥാന[illegible] ഇല്ല.

20. [illegible]ളുടെ ഉടമ്പടിവ്യവസ്ഥ[illegible] [illegible]ദികൾ അവരുടെ സ്വന്തനിലയിൽ കൂടിയാണ് ഈ വ്യവഹാരം ബോധിപ്പിച്ചിട്ടുള്ളതെന്നും, മലങ്കര യാക്കോബായ സുറിയാനി സഭയെ പ്രതിനിധീകരിച്ച് അന്യായം ബോധിപ്പിക്കുന്നതിന് കോടതിയുടെ അധികാരം വാങ്ങിയിട്ടുണ്ടെന്നും കൂടി ഈ പത്രത്തിൽ പ്രസ്താവിക്കേണ്ടതുണ്ട്. പ്രതികൾ സഭയ്ക്കു ഇതരന്മാരാണെങ്കിൽ, അന്യായ പട്ടിക വസ്തുക്കൾ വാദികൾ കൈവശപ്പെടുത്തിയതി[illegible]നെ പ്പററി ആക്ഷേപം പുറപ്പെടുവിക്കുവാൻ അർഹതയുള്ളവർ സഭയ്ക്കുള്ളിൽ ഇപ്പോഴും നിൽക്കുന്നവർ മാത്രമാണ്. സഭയ്ക്കുവേണ്ടി വസ്തുക്കൾ വാദികൾ കൈവശപ്പെടുത്തി എടുക്കുന്നതിന്, സഭയിലെ യാതൊരു അംഗവും മുമ്പോട്ടു വന്ന് ആക്ഷേപിച്ചിട്ടില്ല. പ്രതികൾ ഭസ്സിൻെറ ഉടമ്പടിവ്യവസ്ഥ[illegible]ല്ലാ എന്ന് തീരുമാനിച്ചിരിക്കുന്ന [illegible] ഭാഗത്തെപ്പററിയുള്ള പ്രതികളുടെ തർക്കം കൊണ്ടുതന്നെ അന്യായം തള്ളാവുന്നതാണെന്നുള്ള മി. എൻജിനിയറുടെ വാദത്തിന് യാതൊരു പ്രസക്തിയുമില്ല. ആയതുകൊണ്ട് [illegible] നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ട ഭസ്സികളല്ലെന്ന് തീരുമാനിക്കുകയാണെങ്കിൽ തന്നെ, അന്യായ പട്ടിക വസ്തുക്കൾ പ്രതികളിൽ നിന്നും സഭയ്ക്കു വേണ്ടി വാദികൾക്ക് കൈവശപ്പെടുത്തികൊടുക്കുന്നതിന് കോടതിക്കു യാതൊരു തടസ്സവുമില്ല. വാദികൾ അവരുടെ വ്യക്തിപരമായ നിലയിൽ കൂടി വ്യവഹാരപ്പെട്ടിട്ടുണ്ട് എന്നുള്ള സംഗതി ജസ്റ്റിസ് [illegible]ക്

സ് 686-ാം വകുപ്പും ചീഫ് ജസ്ററീസ് 806-ാം വകുപ്പും പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രശ്നത്തെപ്പററി പരിചിന്തനം ചെയ്യേണ്ട ആവശ്യം ഉണ്ടെന്ന് അവർക്ക് തോന്നിയില്ല. ഏതു നിലയിലും റിവ്യൂ ഹർജി ഭാഗത്തു നിന്നും ഉന്നയിച്ചിട്ടുള്ള ഒന്നാമത്തെ കാരണത്തെ സംബന്ധിച്ചിടത്തോളം റിക്കാർട്ടിൽ പ്രഥമദൃഷ്ട്യാ യാതൊരു തെററോ പിശകോ ഇല്ല.

21. കാരണം നമ്പർ. 2.

വാദികളും അവരുടെ അനുയായികളും സഭ വിട്ടുപോയിട്ടുള്ളവരാണെന്ന പ്രതികൾ അവരുടെ പത്രികയിൽ ഒരു തർക്കം പുറപ്പെടുവിച്ചിരുന്നു. പാത്രിയർക്കീസിന് സഭാ [illegible] ലൗകീകാധികാരം ഉണ്ടെന്നും, പാത്രിയർക്കീസിനുമാത്രമേ [illegible] കൂദാശചെയ്യുന്നതിനു അധികാരമുള്ളു എന്നും, സഭയുടെ [illegible] 1088-ൽ അസ്സൽ 94-ാം നമ്പറിലെ [illegible] [illegible] കാതോലിക്കാ സ്ഥാപനം നിയമാനുസരണം സ്ഥാപിച്ചിട്ടുള്ളത[illegible], ഒരു മെത്രാപ്പോലീത്താ [illegible] അംഗത്തെ മുടക്കുന്നതിനോ പാത്രിയർക്കീസിന് തനിച്ച് അധികാരമുണ്ടെന്നും, പ്രാർത്ഥനകളിൽ വ്യത്യാസം വരുത്തി എന്നും, മാർ ഗീവറുഗീസ് ദിവന്നാസ്യോസിൻെറ സ്ഥാനവും അധികാരവും നിഷേധിച്ചു എന്നും, ഭസ്സിൻെറ വ്യവസ്ഥകളെ ലംഘിച്ചെന്നും ഉള്ള കാരണങ്ങളാലാണ് വാദികൾ സഭക്ക് ഇതരന്മാരാണെന്ന് പ്രതികൾ തർക്കിച്ചത്. ഈ തർക്കത്തെ സംബന്ധിച്ചുള്ളതാണ് 19-ം 20-ം വാദമുഖങ്ങൾ. ഈ പായിൻറുകൾ പ്രതികൾക്ക് ദോഷമായി ജില്ലാജഡ്ജി തീരുമാനിച്ചു. അപ്പീലിൽ പ്രതികൾ ഈ തീരുമാനത്തെ എതിർത്ത് ആക്ഷേപം ബോധിപ്പിച്ചു. എന്നാൽ [illegible] ഈ ആക്ഷേപത്തെ ആശ്രയിക്കാതെ ഇരുകക്ഷികളും സഭാംഗങ്ങളിലുള്ളവരാണെന്നുള്ള [illegible]ത്തിൽ വാദിച്ചു. ഈ സമ്മതത്തിൻെറ വ്യാപ്തിയെപററി [illegible] ജഡ്ജിമാർ തെററിദ്ധരിച്ചു പ്രതികൾക്ക് എതിരായി [illegible] ഉന്നയിക്കപ്പെട്ടിട്ടുള്ള കാരണങ്ങളിൽ [illegible] ഇതരന്മാരായിട്ടില്ല. എന്നു

തുപോലെ തന്നെ വാദികൾക്കു് എതിരായി ഉന്നയിച്ചിട്ടുള്ള കാരണങ്ങളാൽ അവരും സഭക്കിതരന്മാരായിട്ടില്ല എന്നു മാത്രമേ അപ്പീൽ പ്രതിഭാഗത്തെ അഭിഭാഷകൻ സമ്മതിച്ചിട്ടുള്ളു. വാദികൾ സഭക്കിതരന്മാരായി പോയി എന്നു പറയുന്നതിനു കാരണമായി പറഞ്ഞിട്ടുള്ള അവരുടെ പ്രവൃത്തികൾ അവർ ചെയ്തിട്ടില്ല എന്നു ഈ സമ്മതം മൂലം അവർ ഉപേക്ഷിച്ചിട്ടില്ല. ഒന്നായിട്ടുള്ള ഈ സമ്മതത്തെ വിഭാഗിച്ചു് പ്രതികൾക്കു് പ്രതികൂലമായഭാഗം സ്വീകരിക്കുകയും അവർക്കു് അനുകൂലമായ ഭാഗം നിഷേധിക്കുകയും ചെയ്തതിൽ ഭൂരിപക്ഷ ജഡ്ജിമാർക്കു തെററു പററിയിരിക്കുന്നു. അവർ ഒന്നുകിൽ ആ സമ്മതം മുഴുവനും ഒന്നായി സ്വീകരിക്കുകയോ അല്ലാത്തപക്ഷം അതിനെ അടിസ്ഥാനപ്പെടുത്തി യാതൊരു തീരുമാനവും ചെയ്യാതിരിക്കുകയോ ചെയ്യേണ്ടതായിരുന്നു. ഈ സമ്മതത്തിന്റെ അടിസ്ഥാനത്തിൽ, ജസ്റ്റീസ് സത്യനേശൻ, അനധികൃതമായ സങ്കല്പങ്ങൾ രൂപവൽക്കരിക്കയും, പ്രധാനപ്പെട്ട വാദമുഖങ്ങൾ പ്രതികൾക്കു് എതിരായി തീരുമാനിക്കുകയും ചെയ്തു. ഇതു് റിക്കാർട്ടിന്മേൽ പ്രഥമദൃഷ്ട്യാ ഉള്ള ഒരു തെററാണെന്നു് വാദിച്ചു.

21. വാദികൾ സഭക്കു് ഇതരന്മാരാണോ എന്ന പ്രശ്നത്തെപററി ജില്ലാജഡ്ജിയുടെ തീരുമാനം അദ്ദേഹത്തിന്റെ വിധിന്യായം 133-ാം പാരായിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. അതു് താഴെ കാണിച്ചിട്ടുള്ള പ്രകാരമാണു്.

"വാദികളും അവരുടെ അനുയായികളും സഭക്കു് ഇതരന്മാരാണെന്നോ, വ്യത്യസ്തമായ ഒരു സഭ രൂപവൽക്കരിച്ചെന്നോ, മലങ്കര സഭയിൽനിന്നും വേർപെട്ടെന്നോ, ട്രസ്റ്റികളാകുന്നതിനുള്ള അവകാശമോ, ട്രസ്റ്റ്സ്വത്തുക്കളുടെ ഗുണാനുഭവസ്ഥന്മാരാകുന്നതിനുള്ള അവകാശമോ അവർക്കു നഷ്ടപ്പെട്ടെന്നോ പറയാവുന്നതല്ല. ....ആകയാൽ മലങ്കര സഭയിലെ അംഗങ്ങൾ എന്ന നിലയിലും ട്രസ്ററിന്റെ ഗുണാനുഭവസ്ഥന്മാർ എന്ന നിലയിലും സഭാവസ്തുക്കളിന്മേൽ അവർക്കുള്ള അവകാശങ്ങൾ നഷ്ടപ്പെട്ടിട്ടില്ല. നഷ്ടപ്പെട്ടു എന്നു പരിഗണിക്കപ്പെടാവുന്നതുമല്ല. ഈ തീരുമാനത്തിനെതിരായി അപ്പീൽ പ്രതികൾ ആക്ഷേപം ബോധിപ്പിച്ചിരുന്നു എ-

ങ്കിലും അതേപററി വാദം നടത്തിയില്ലെന്നു് റവ്യു ഹർജി ഭാഗത്തെ അഭിജ്ഞനായ അഭിഭാഷകൻ സമ്മതിക്കുന്നു. ജില്ലാജഡ്ജിയുടെ തീരുമാനത്തെ അസ്ഥിരപ്പെടുത്തുന്നതിനു് യാതൊരു പരിശ്രമവും നടത്തിയില്ലാ എന്നാണു് ഇതിന്റെ അർത്ഥം. ആയതുകൊണ്ടു് അപ്പീൽ പ്രതിഭാഗം അഭിഭാഷകന്റെ സമ്മതംകൂടാതെ തന്നെ ജില്ലാജഡ്ജിയുടെ തീരുമാനം നിലനിൽക്കേണ്ടതാണു്. ഈ തീരുമാനത്തെ സംബന്ധിച്ചിടത്തോളം, അപ്പീൽ പ്രതിഭാഗം അഭിഭാഷകൻ കോടതിയിൽ ബോധിപ്പിച്ച സമ്മതത്തിന്റെ വ്യാപ്തി എത്രമാത്രമുണ്ടെന്നു്, കക്ഷികൾ തമ്മിൽ ശക്തിയായ തർക്കം ഉണ്ടെങ്കിലും, ഇവിടെ പരിചിന്തനം ചെയ്യേണ്ട ആവശ്യമില്ല. ഈ പ്രശ്നത്തെപ്പററി ജസ്ററീസ് നോക്സ് 700-ാം വശത്തു് പറയുന്നതു് ഇപ്രകാരമാണു്.

"വാദികൾ സഭക്കു് ഇതരന്മാരായില്ല എന്നുള്ള തീരുമാനത്തിനു് എതിരായി പ്രതിഭാഗം അഡ്വക്കേററു് ഈ കോടതിയിൽ വാദിച്ചില്ല. എന്നുതന്നെയല്ല, മുകളിൽ പ്രസ്താവിച്ചതുപോലെ, ഇരുഭാഗക്കാരും സഭയിൽതന്നെ നിൽക്കുന്നു എന്നുള്ള അടിസ്ഥാനത്തിന്മേൽ ആണു് അദ്ദേഹം വാദിച്ചിട്ടുള്ളതു്." പിന്നീടു് 737-ാം വശത്തു് അഭിജ്ഞനായ ജഡ്ജി ഇപ്രകാരം പറയുന്നു.

"പൊതുവായ തീരുമാനത്തെ എതിർത്തുകൊണ്ടു് അപ്പീൽ പ്രതിഭാഗക്കാർ അപ്പീൽ മെമ്മോറാണ്ഡം (10-ം 11-ം കാരണങ്ങൾ) ബോധിപ്പിച്ചു എങ്കിലും വാദസമയത്തു് ഈ തീരുമാനത്തെ ആക്ഷേപിച്ചില്ല. മുമ്പു് പ്രസ്താവിച്ചതുപോലെ ഇരുഭാഗക്കാരും സഭയുടെ അംഗങ്ങളാണെന്ന നിലയിലാണു് അപ്പീൽ വാദിച്ചതു്."

ഈ പ്രശ്നത്തെപ്പററി ജസ്ററീസ് സത്യനേശൻ പറയുന്നതു് ഇപ്രകാരമാണു്.

"വാദികളോ പ്രതികളോ സഭയിൽ നിന്നും പോയിട്ടില്ലെന്നു് കീഴ്ക്കോടതി തീരുമാനിച്ചു. എന്നാൽ വാദികളും, അവരെ അനുകൂലിക്കുന്നവരും സഭയിൽനിന്നും മനസ്സാലെ പുറത്തുപോയിരിക്കുന്നു എന്ന വാദം (No. 11) പ്രതി

കൾ അവരുടെ ക്രാസ്സ് അപ്പീലിൽ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ വാദസമയത്തു വാദികൾ സഭയിൽനിന്നും പിരിഞ്ഞുപോയിട്ടില്ലെന്നും മററാരെയുംപോലെ വാദികളും പുരാതന യാക്കോബായ സുറിയാനി സഭാംഗങ്ങളാണെന്നും പ്രതിഭാഗം അഭിഭാഷകൻ നീതിപൂർവ്വം സമ്മതിക്കുകയുണ്ടായി." (P. 753)

ഈ സമ്മതത്തിൻെറ അടിസ്ഥാനത്തിൽ, അഭിജ്ഞനായ ജഡ്ജി ചില നിഗമനങ്ങൾ എടുത്തിട്ടുണ്ട് എന്നുള്ളതു പരമാർത്ഥമാണ്. പാത്രിയർക്കീസ് സഭയുടെ ഇതരനല്ലാ എന്നും, ട്രസ്ററികളുടെ, ട്രസ്ററി വസ്തുക്കളിന്മേൽ ഉള്ള ഭരണത്തിന്മേൽ പാത്രിയർക്കീസ്സിനു ആത്മീയ മേൽനോട്ടം ഉണ്ടെന്നു വാദിക്കുന്നതുമൂലം വാദികൾ സഭ വിട്ടുപോയിട്ടില്ലെന്നും, പാത്രിയർക്കീസിനു മാത്രമേ മൂറോൻ കൂദാശ ചെയ്യുന്നതിനു അധികാരമുള്ളു എന്നും, ബി. പി. അക്കം കാനോനാണ് സഭയുടെ ശരിയായ കാനോൻ എന്നും, കാതോലിക്കാസ്ഥാപനം ന്യായമായി സ്ഥാപിച്ചിട്ടില്ലെന്നും, ഈ സമ്മതം മൂലം അർത്ഥമാകുന്നു എന്നു അദ്ദേഹം പ്രസ്താവിക്കുന്നു. ഈ നിഗമനങ്ങൾ ശരിയോ, തെററോ ആയിരിക്കാം. ഈ റവ്യൂ ഹർജി സംഗതിക്കു ഈ പ്രശ്നത്തെപ്പററി പരിഗണിക്കേണ്ട ആവശ്യമില്ല. പക്ഷെ, മേൽ പ്രസ്താവിച്ചിട്ടുള്ള പ്രശ്നങ്ങളെപ്പററി അഭിജ്ഞനായ ജഡ്ജി രേഖപ്പെടുത്തിയിട്ടുള്ള തീരുമാനങ്ങൾ അപ്പീൽ പ്രതിഭാഗം അഭിഭാഷകൻെറ സമ്മതത്തെ അടിസ്ഥാനപ്പെടുത്തി മാത്രം ചെയ്തിട്ടുള്ളതല്ല എന്നുള്ളതു പ്രസ്താവിക്കേണ്ടതാണ്. കേസ്സിലെ തെളിവിനെ അടിസ്ഥാനപ്പെടുത്തി ഈ പ്രശ്നങ്ങളെപ്പററി അദ്ദേഹം സവിസ്തരം പ്രതിപാദിക്കുകയും, അദ്ദേഹത്തിൻെറ സ്വന്തം തീരുമാനങ്ങളിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. പ്രതിഭാഗത്തുനിന്നും ഉണ്ടായ സമ്മതത്തെപ്പററിയോ അതിൻെറ വ്യാപ്തിയെപ്പററിയോ അഭിജ്ഞരായ ജഡ്ജിമാർക്കു യാതൊരു തെററിദ്ധാരണയും ഇല്ലായിരുന്നു. വാദികളും പ്രതികളും സഭാംഗങ്ങളാണെന്നു അഭിഭാഷകൻ വാദിച്ചു. വാദികളെപ്പററി ജില്ലാ ജഡ്ജി

ചെയ്ത തീരുമാനം അസ്ഥിരപ്പെടുത്തുന്നതിനു ശ്രമിച്ചില്ല. ആയതുകൊണ്ടു ആ തീരുമാനം നിലനിന്നു. പ്രതികളെ സംബന്ധിച്ച് കീഴ്ക്കോടതി ചെയ്ത തീരുമാനം അഭിജ്ഞരായ ജഡ്ജിമാർ, അവർ പറയുന്ന കാരണങ്ങളാൽ അസ്ഥിരപ്പെടുത്തി. പ്രതികൾ സഭയുടെ ഇതരന്മാരാണോ എന്നതിനെപ്പററി സാരാംശത്തിൽ പ്രവേശിച്ച് പരിചിന്തനം ചെയ്യുകയും തീരുമാനം രേഖപ്പെടുത്തുകയും ചെയ്തു. അഭിജ്ഞരായ ജഡ്ജിമാർ ഈ പ്രശ്നം തീരുമാനിച്ച വിധത്തെപ്പററി യാതൊരു കുററവും ഞങ്ങൾ കാണുന്നില്ല. പ്രതിഭാഗം അഭിഭാഷകൻ കോടതിയിൽ ബോധിപ്പിച്ച സമ്മതം, പ്രതികൾ തന്നെ കീഴ്ക്കോടതിയിൽ സമ്മതിച്ചിട്ടുള്ളതിൽ കൂടുതലായി ഒന്നും ഇല്ലെന്നും കൂടി ഓർക്കേണ്ടതാണ്. ജില്ലാ ജഡ്ജി അദ്ദേഹത്തിൻെറ വിധിന്യായം 111-ാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു.

"വാദികൾക്കും അവരുടെ അനുയായികൾക്കും ട്രസ്ററു ഭരണത്തിലും അതിൻെറ അനുഭവത്തിലും ഉള്ള അവകാശത്തെ നഷ്ടപ്പെട്ടതായി പ്രതികളോ മാർ ഗീവറുഗീസ് ദീവന്നാസ്യോസോ പെരുമാറിയിട്ടില്ലെന്നും, അവരെ ഒഴിച്ചു നിറുത്തുന്നതിനു പ്രതികൾ ഒരിക്കലും ശ്രമിച്ചിട്ടില്ലെന്നും പ്രതികൾ സമ്മതിക്കുന്നു. (പ്രതിഭാഗം 28-ാം സാക്ഷി കാതോലിക്കോസും സമ്മതിക്കുന്നു.)"

ഈ സാഹചര്യത്തിൽ, അപ്പീൽ പ്രതിഭാഗം അഭിഭാഷകൻെറ സമ്മതത്തിൽ ഭൂരിപക്ഷ ജഡ്ജിമാർ എന്തെങ്കിലും തെററു പററി പ്രവർത്തിച്ചിട്ടില്ലെന്നു സ്പഷ്ടമാണ്. ആകയാൽ റവ്യൂ ഹർജിയിൽ ഉന്നയിച്ചിട്ടുള്ള ഈ കാരണത്തിനു യാതൊരു അടിസ്ഥാനവും ഇല്ല.

22. കാരണം നമ്പർ. 3.

ഈ കേസ്സിലെ തർക്കങ്ങൾ ഫ്റീ ചർച്ച് കേസ്സിൽ പ്രഖ്യാപിക്കപ്പെട്ട തത്വങ്ങൾക്കു വിധേയമാണെന്നു ഈ കോടതിയിൽ വാദസമയത്തു സമ്മതിച്ചു എന്ന അടിസ്ഥാന

ത്തിലാണ് ജസ്റ്റീസ് നോക്സ് അദ്ദേഹത്തിന്റെ വിധിന്യായം എഴുതിയിട്ടുള്ളത്. അദ്ദേഹം 699-ാം വശത്തു ഇപ്രകാരം പറയുന്നു.

“ഈ കേസ്സിലെ വാദമുഖങ്ങൾ Free Church of Scotland V. over town എന്ന വിധിയിൽ അടങ്ങിയിരിക്കുന്ന തത്വങ്ങൾക്കു വിധേയമാണെന്നു ഈ കോടതിയിയിലെ വാദത്തിൽ സമ്മതിക്കപ്പെട്ടിട്ടുണ്ടു”

ഇതു ഒരു തെററാണ്. അപ്രകാരം ഒരു സമ്മതം വാദസമയത്തു ഉണ്ടായിട്ടില്ല. 45 T. L. R. 116-ൽ ഈ കേസ്സ് നിരാകരിക്കപ്പെടാതെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. എന്നു കൂടി അഭിജ്ഞനായ ജഡ്ജി പ്രസ്താവിച്ചിരിക്കുന്നു. ഇതും പിശകാണ്. 45. T. L. R 116 കേസ്സിൽ ഫ്റീ ചർച്ച് കേസ്സ് സ്വീകരിച്ചിട്ടില്ല. ഫ്റീ ചർച്ച് കേസിലെ തത്വങ്ങൾ ഈ കേസ്സിൽ മാത്രം ബാധകമാകുമെന്നുള്ളതിനെപ്പററി അഭിജ്ഞനായ ജഡ്ജിക്കു തെററിദ്ധാരണകൾ ഉണ്ടായിരുന്നു. ഈ തെററിദ്ധാരണകൾ അദ്ദേഹത്തിന്റെ വിധിയെ സാരമായി സ്പർശിച്ചിട്ടുണ്ട്.

23. റിവ്യൂ ഹർജിഭാഗത്തു നിന്നും ഉന്നയിച്ചിട്ടുള്ള ഈ വാദം ശരിയായി മനസിലാക്കുന്നതിന് ഫ്റീ ചർച്ച് കേസ്സിൽ പ്രഖ്യാപിക്കപ്പെട്ട തത്വങ്ങൾ എന്തെല്ലാമാണെന്നു മനസ്സിലാക്കേണ്ടതു അത്യാവശ്യമാണ്. സ്കോട്ട്ലണ്ടിലെ വ്യവസ്ഥാപിത സഭയിൽ നിന്നും വേർപെട്ടു 1843-ൽ സ്ഥാപിതമായിട്ടുള്ളതാണ് ഫ്റീ ചർച്ച് ഓഫ് സ്കോട്ട്ലന്റ്. ആത്മീയകാര്യങ്ങളിൽ രാഷ്ട്രത്തിന്റെ ഇടപെടലിനെ അവർ എതിർത്തു. എങ്കിലും വ്യവസ്ഥാപിത തത്വത്തിൽ അതായതു സഭയെ സ്ഥാപിക്കുകയും അതിനു വേണ്ടി സ്റ്റേറ്റ് സൃഷ്ടിക്കുകയും ചെയ്യേണ്ട ചുമതല രാഷ്ട്രത്തിനാണെന്നുള്ളതിൽ അവർക്കുള്ളവിശ്വാസം തുടർന്നു. വെസ്റ്റ് മിനിസ്റ്റർ വിശ്വാസ പ്രഖ്യാപനത്തിലും അവർ വിശ്വസിച്ചു. 1900-ൽ യുണൈറ്റഡ് ഫ്റീ ചർച്ച് ഓഫ് സ്കോട്ട്ലൻഡ് എന്ന പേരിൽ യുണൈറ്റഡ് പ്രെസ്ബിറ്റീരിയൻ സഭയും ഫ്റീ ചർച്ചും കൂടി യോജിച്ചു.

ഈ പുതിയ സഭ വ്യവസ്ഥാപിത തത്വത്തെ എതിർത്തു. കൂടാതെ വെസ്റ്റ് മിനിസ്റ്റർ വിശ്വാസ പ്രഖ്യാപനം ചില വ്യവസ്ഥകൾക്കധീനമായി മാത്രം അവർ സ്വീകരിച്ചു. ഫ്റീ ചർച്ച് സഭയിലെ ഒരു ന്യൂനപക്ഷം ആളുകൾ ഈ ഐക്യത്തിനെ എതിർത്തു. ഈ ന്യൂനപക്ഷത്തിനെ പ്രതിനിധീകരിച്ച് സഭയുടെ സ്റ്റേറ്റ് വസ്തുക്കൾക്ക് വേണ്ടി വ്യവഹാരം ബോധിപ്പിച്ചു, സ്റ്റേറ്റിന്റെ ആദ്യ ഉദ്ദേശത്തിൽ ഉള്ള മൌലികമായ തത്വത്തിൽ വ്യതിചലനം ഉണ്ടായാൽ, അപ്രകാരം വ്യതിചലിച്ചവർ പുതിയ ഒരു സ്റ്റേറ്റ് രൂപവൽക്കരിച്ചതായി പരിഗണിക്കണമെന്നും, സ്റ്റേറ്റിന്റെ ആദ്യ ഉദ്ദേശത്തെ തുടർന്നു സ്വീകരിക്കുന്നവർ, അവർ ന്യൂനപക്ഷമാണെങ്കിൽ തന്നെയും, അവർ മാത്രമേ സ്റ്റേറ്റിന്റെ ഗുണാനുഭവസ്ഥർ ആയിരിക്കുകയുള്ളു എന്നും, പ്രഭുസഭ തീരുമാനിച്ചു. ഒരു തത്വം മൌലിക തത്വമാണോ അല്ലയോ എന്ന പ്രശ്നം, ആ തത്വം സ്റ്റേറ്റ് ആദ്യം രൂപവൽക്കരിച്ച ആളുകൾ ഒരു മൌലിക തത്വമായി പരിഗണിച്ചിരുന്നോ എന്ന പ്രശ്നത്തെ ആശ്രയിച്ചാണിരിക്കുന്നതു. വ്യവസ്ഥാപിത തത്വ വിശ്വാസത്തിൽ ഉണ്ടായ വ്യതിചലനം മൌലിക തത്വത്തിലുള്ള ഒരു വ്യതിചലനമായി തീരുമാനിച്ചു. ആയതുകൊണ്ട്, ഐക്യത്തിനു വിസമ്മതിച്ചു നിന്ന ന്യൂനപക്ഷം യഥാർത്ഥ ഫ്റീ ചർച്ച് ഓഫ് സ്കോട്ട്ലൻഡ് സഭയായി തുടരുന്നതായി പരിഗണിക്കണമെന്നും, അവർ മാത്രം സ്റ്റേറ്റിന്റെ ഗുണാനുഭവസ്ഥരാണെന്നും തീരുമാനിച്ചു. ഈ കേസ്സിൽ പ്രഭുസഭ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള തത്വങ്ങൾ ആക്ഷേപരഹിതങ്ങളാണെന്നു റിവ്യൂ ഹർജിക്കാരുടെ അഭിജ്ഞനായ അഭിഭാഷകൻ സമ്മതിച്ചു. ഫ്റീ ചർച്ച് കേസ്സിൽ സ്ഥാപിക്കപ്പെടുന്ന തത്വങ്ങൾ തെററാണെന്നോ സ്വീകാര്യയോഗ്യമല്ലെന്നോ പ്രതിഭാഗം അഭിഭാഷകൻ അപ്പീലിൽ തർക്കിച്ചിരുന്നു എന്നു അദ്ദേഹം വാദിച്ചില്ല.. വാദികൾ സഭയ്ക്കു ഇതരന്മാരാണെന്നു സ്ഥാപിക്കുന്നതിനു വേണ്ടി ചീഫ് ജസ്റ്റീസ് കൃഷ്ണസ്വാമി അയ്യരും ഈ കേസ്സിനെ ആശ്രയിച്ചു. 840-ാം വശത്തു അദ്ദേഹം ഇപ്രകാരം പറയുന്നു.

“ഫ്റീചർച്ച് കേസിൽ അധിഷ്ഠിതമായിട്ടുള്ള തത്വ

ങ്ങൾ വച്ചു നോക്കുമ്പോൾ, പുരാതന സഭയിൽ നിന്നു പാത്രിയർക്കീസും അദ്ദേഹത്തിന്റെ കക്ഷിയും വേർപെട്ടുപോയി എന്നു് സിദ്ധിക്കുന്നതാണ്"

ഫ്റീ ചർച്ച് കേസ്സിൽ പ്രഖ്യാപിക്കപ്പെട്ട തത്വങ്ങൾ പ്രതികളെ സംബന്ധിച്ചിടത്തോളം ഈ കേസ്സിലെ വസ്തുതകൾക്ക് അനുയോജ്യമല്ലെന്നു് ആയിരുന്നു. പ്രതികൾക്കുവേണ്ടി അവരുടെ അഭിഭാഷകൻ വാദിച്ചതു് മറുവിധത്തിൽ പറയുകയാണെങ്കിൽ ട്രസ്ററിന്റെ സ്ഥാപനോദ്ദേശത്തിൽ ഉള്ള മൗലിക തത്വങ്ങളിൽ ഒന്നിൽനിന്നും പ്രതികളും അവരുടെ അനുയായികളും വ്യതിചലിച്ചിട്ടില്ലെന്നു് അദ്ദേഹം വാദിച്ചു. ഫ്റീചർച്ച് കേസ്സിൽ സ്ഥാപിതമായ തത്വങ്ങൾ ഈ കേസ്സിലെ വസ്തുതകളിൽ എത്രമാത്രം സ്വീകാര്യമാണെന്നുള്ളതിനേപ്പററിയായിരുന്നു അപ്പീലിൽ ഉണ്ടായിരുന്ന വാദം. അതു് അപ്രകാരമായിരുന്നു എന്നുള്ളതു് മൂന്നു ജഡ്ജിമാരുടെയും വിധിന്യായത്തിൽ നിന്നും സ്പഷ്ടമാണ്. ചീഫ്ജസ്ററീസ് കൃഷ്ണസ്വാമി അയ്യർ 846-ാം വശത്തു് ഇപ്രകാരം പറയുന്നു.

"ഇതു് ഈ കേസ്സിൽ വാദത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള തത്വങ്ങളെ, അതായതു് ഈ കേസ്സിൽ ഫ്റീചർച്ച് കേസ്സ് വിധി ആപ്തമാണെന്നുള്ള വാദത്തിനേ നിഷേധിക്കുകതന്നെയാണ്."

ഫ്റീചർച്ച് കേസിൽ പ്രസ്തുത സഭ സ്ഥാപിച്ചിട്ടുള്ള തത്വങ്ങൾക്ക് വിധേയമാണ് ഈ കേസ് എന്നു് വാദസമയത്തു് സമ്മതിക്കപ്പെട്ടു എന്നു് ജസ്ററീസ് നോക്സ് പറയുന്നതിന്റെ അർത്ഥവും ഇതുതന്നെയാണെന്നാണ് ഞങ്ങൾക്ക് തോന്നുന്നതു്. ഫ്റീ ചർച്ച് കേസിൽ സ്ഥാപിതമായ തത്വങ്ങൾ ഈ കേസിലെ വസ്തുതകൾക്ക് ആപ്തമാണെന്നും, പ്രതികളും അനുയായികളും സഭ വിട്ടുപോയിട്ടുള്ളവരാണെന്നും പ്രതിഭാഗം അഭിഭാഷകൻ സമ്മതിച്ചതായിട്ട് അഭിജ്ഞനായ ജഡ്ജി ധരിച്ചിരുന്നതായി തീരുമാനിക്കുന്നതു് അബദ്ധമാണ്. ഈ സമ്മതത്തിന്റെ അർത്ഥം അപ്രകാരം ആയിരുന്നു എന്നു് അഭിജ്ഞനായ ജഡ്ജിക്കു് ധാരണ ഉണ്ടായിരുന്നെങ്കിൽ പിന്നീട് യാതൊരു സംഗതിയെപ്പററിയും പ്രതിപാദിക്കാതെ തന്നെ ഈ സമ്മതത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അനുവദിച്ചു് വിധിക്കേണ്ടതായിട്ടേ ഉണ്ടായിരുന്നുള്ളൂ. അപ്രകാരം അദ്ദേഹത്തിന് യാതൊരു ധാരണയും ഉണ്ടായിരുന്ന എന്നു് സ്പഷ്ടമാണ്.

24. 45 T. L. R. കേസിൽ ഫ്റീചർച്ച് കേസ് നിരാകരിക്കാതെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെന്നുള്ള അഭിജ്ഞനായ ജഡ്ജിയുടെ പ്രസ്താവനയെപ്പററി പറയുകയാണെങ്കിൽ, ഞങ്ങളുടെ അഭിപ്രായത്തിൽ ആ പ്രസ്താവന ഒരു വിധത്തിലും തെററല്ല. അദ്ദേഹത്തിന്റെ പ്രസ്താവന ഇതാണ്.

"സാങ്കേതികമായി നോക്കുന്നപക്ഷം ഈ വിധി ഈ കോടതിയെ ബാധിക്കുന്നതല്ല. എന്നാൽ വ്യവസ്ഥപ്പെട്ടിട്ടുള്ള നിയമങ്ങളുടേയും ചട്ടങ്ങളുടേയും അഭാവത്തിൽ, നീതി, ന്യായം, സന്മനസ്സാക്ഷി ഈ തത്വങ്ങളെ ആസ്പദമാക്കി ഈ വിധി വളരെ ബഹുമാനം അർഹിക്കുന്ന ഒന്നായിട്ടത്രെ ഗണിക്കപ്പെടുന്നതു്. ഈ വിധി ഇതിനുമുമ്പ് 45 T. L. R. 187 മുതൽ 189 വരെയും 251-ാം വശങ്ങളിൽ നിരാകരിക്കപ്പെടാതെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്." Page (699)

ഫ്റീചർച്ച് കേസിലെ തത്വങ്ങളെപ്പററി ചീഫ് ജസ്റ്റിസ് ചാററ്ഫീൽഡ് ആ കേസ്സിൽ പ്രതിപാദിച്ചു എങ്കിലും, ആ തത്വങ്ങളെ നിഷേധിച്ചു് യാതൊരു പ്രസ്താവനയും ചെയ്തിട്ടില്ല. ആ തത്വങ്ങൾ 45 T. L. R. കേസിലെ വസ്തുതകൾക്ക് ആപ്തമല്ലെന്നു മാത്രമേ അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളൂ. അദ്ദേഹത്തിന്റെ വാക്കുകൾ താഴെ ഉദ്ധരിക്കുന്നു.

"വേദവിപരീതം മൂലമോ, വൈദിക കുററവും ചെയ്തതു മൂലമോ അല്ല കോടതി ട്രസ്റ്റികളെ നീക്കം ചെയ്തതു്. ട്രസ്റ്റിന്റെ ലക്ഷ്യത്തിൽനിന്നോ, ഉദ്ദേശത്തിൽനിന്നോ, ട്രസ്റ്റുവസ്തുക്കളെ വ്യതിചലിപ്പിക്കാതിരിക്കുന്നതിനായി മാത്രമാണ് കോടതി ഇടപെട്ടതു്. എന്നാൽ ഇവിടത്തെ കേസ് വളരെ വ്യത്യസ്ഥമാണ്."

ജസ്ററീസ് പരമേശ്വരൻപിള്ള പ്രസ്താവിച്ചിട്ടുള്ളത് താഴെ കാണുന്ന പ്രകാരമാണ്.

"മി. സി. പി. രാമസ്വാമി അയ്യർ വാദത്തിൽ ആശ്രയിച്ച ഫ്റിചർച്ച് കേസിന് ഈ കേസിന്റെ വസ്തുതകളും ആയി യാതൊരു സാമ്യവുമില്ല."

മാർ ഗീവറുഗീസ് ദിവന്നാസ്യോസ്, മെത്രാപ്പോലീത്തൻ സ്ററിസ്ഥാനത്തുനിന്നും നീക്കം ചെയ്യപ്പെടത്തക്ക എന്തെങ്കിലും വൈദികകുററം ചെയ്തിട്ടുണ്ടോ എന്നുള്ളതായിരുന്ന 45 T. L. R. കേസിലെ പ്രശ്നം. സഭയുടെ മൌലിക തത്വങ്ങളിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയതുമൂലം അദ്ദേഹവും അനുയായികളും സഭയ്ക്ക് ഇതരന്മാരായിത്തീർന്നിട്ടുണ്ടോ എന്ന പ്രശ്നം ആ കേസിൽ ഉണ്ടായിരുന്നില്ല. ആയതുകൊണ്ടാണ് ഫ്റിചർച്ച് കേസിലെ തത്വങ്ങൾ ആ കേസിൽ ആപ്ലമല്ലെന്ന തീരുമാനിച്ചത്. ഇതിൽ നിന്നും 45 T. L. R. കേസിൽ ഫ്റിചർച്ച് കേസിലെ തത്വങ്ങൾ നിരാകരിക്കപ്പെടാതെ പ്രസ്താവിക്കപ്പെട്ടില്ല എന്നാകുന്നില്ല. ആയതുകൊണ്ട് മേൽപ്രസ്താവിക്കപ്പെട്ട ജസ്ററിസ് നോക്സിന്റെ പ്രസ്താവനയിൽ യാതൊരു പിശകുമില്ല. മേൽകാരണങ്ങളാൽ റിവ്യു ഹരജി ഭാഗത്തുനിന്നും ഉന്നയിച്ചിട്ടുള്ള 3-ാമത്തെ കാരണത്തിനും യാതൊരു കഴമ്പും ഇല്ലെന്ന് ഞങ്ങൾ തീരുമാനിക്കുന്നു.

25. കാരണം. 4.

പത്രിക 45-ഉം 46-ഉം വകുപ്പുകളിൽ പ്രതികൾ ഉന്നയിച്ചിട്ടുള്ള തർക്കം ജസ്ററീസ് നോക്സ് തെററായി ധരിച്ചു. വാദികൾ ഉൾപ്പെടുന്ന ഒരു സഭയുടെ സ്ററികളായിട്ടാണ് പ്രതികൾ സ്ററി വസ്തുക്കൾ കൈവശം വെച്ചുകൊണ്ടിരിക്കുന്നതെന്നാണ് പ്രതികളുടെ കേസ് എന്ന് അദ്ദേഹം ധരിക്കുകയും ആ അടിസ്ഥാനത്തിൽ വിധി ന്യായം എഴുതുകയും ചെയ്തു. പത്രിക 45-ഉം 46-ഉം വകുപ്പുകളിൽ ഉന്നയിച്ച തർക്കങ്ങൾ ഒരു alternative plea ആയിരുന്നു. അന്നാമം 2 മുതൽ 40 വരെ വകുപ്പുകളിൽ പ്രസ്താവിക്കുന്ന

കാരണങ്ങളാൽ ഒന്നാം പ്രതിയും അനുയായികളും സഭയ്ക്ക് ഇതരന്മാരായിത്തീർന്ന എന്ന വാദികൾ വാദിച്ചു. പത്രിക 36-ഉം 38-ഉം വകുപ്പുകളിൽ വാദികളുടെ ഈ വാദം പ്രതികൾ നിഷേധിക്കുകയും പത്രിക 45-ാം വകുപ്പിൽ വാദികൾ അവരുടെ പ്രവൃത്തികൾമൂലം സഭയുടെ അംഗത്വം നഷ്ടപ്പെടുത്തിഎന്നും സ്ററിന്റെ ഗുണാനുഭവസ്ഥരല്ലെന്നും പ്രതികൾ തർക്കിച്ചു.

1085 മുതൽ സ്ററിവസ്തുക്കളുടെ ഏക അവകാശികൾ എന്ന നിലയിൽ അവയുടെ ഭരണം പ്രതികൾ നടത്തി വന്നതുകൊണ്ട്, വാദിക്ക് സ്ററിവസ്തുക്കളിൽ എന്തെങ്കിലും അവകാശം ഉണ്ടായിരുന്നെങ്കിൽതന്നെ അത് കാലഹരണം മൂലവും എതൃകൈവശം മൂലം നഷ്ടപ്പെട്ടുപോയിട്ടുണ്ട് എന്നൊരു തർക്കം പത്രിക 46-ാം വകുപ്പിൽ ഉന്നയിച്ചിട്ടുണ്ട്. ആദ്യ സ്ററിന്റെ ഗുണാനുഭവസ്ഥരായി പ്രതികൾ ഈ തർക്കം മൂലം സമ്മതിച്ചു എന്ന ബഹുമാനപ്പെട്ട ജഡ്ജി തെററായി സങ്കല്പിച്ചു.

26. ഈ സംഗതിയെപ്പററി ജസ്ററീസ് നോക്സിന്റെ വിധിന്യായത്തിൽ 695-ഉം 700-ഉം വശങ്ങളിൽ പ്രതിപാദിക്കുന്നു. 695-ാം വശത്ത് അദ്ദേഹം ഇപ്രകാരം പറയുന്നു.

"സ്ററ്സ്വത്തുക്കൾ ഏവ എന്നതിനെപ്പററിയുള്ള തർക്കത്തിന് വിധേയമായി, മേൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, സ്ററ്സ്വത്തുക്കൾ പ്രതികളുടെ കൈവശമായിരുന്നു എന്നും, ഈ വ്യവഹാരത്തിനുമുമ്പുവരെ, അവ ഒന്നാം പ്രതിയുടെ നിയന്ത്രണത്തിൽ ഉള്ള മലങ്കര സഭയ്ക്കായി വിനിയോഗിക്കപ്പെട്ടു വന്നു എന്നും, പ്രതികളും അവരുടെ അനുയായികളും മാത്രമാണ് ഈ സ്ററിന്റെ ഗുണാനുഭവസ്ഥന്മാർ എന്നു കരുതപ്പെട്ടുപോന്നു എന്നും, വാദികൾക്കും അവരെ അനുകൂലിക്കുന്നവർക്കും അതിനവകാശമില്ലാത്തവരായി ഗണിക്കപ്പെട്ടു പോന്നു എന്നും സമ്മതിച്ചിട്ടുണ്ട്. (പത്രിക 24 മുതൽ 28 വരെയും, 40 മുതൽ 46 വരെയും ഖണ്ഡികകൾ) എതിർഭാഗക്കാർ സത്യസഭക്ക് ഇതരന്മാരും ശീശ്മക്കാരും എന്നുള്ള ഇരുഭാഗക്കാരും അന്യോന്യം വേദവിപരീതികളും ആണെന്ന് ഇരുഭാഗക്കാരും അന്യോന്യം

വാദിച്ചു. പ്രതികളും അവരോടു ചേർന്നു നിൽക്കുന്നവരും മുടക്കപ്പെട്ടവരാണെന്നുള്ള ഒരു ധ്വനി കീഴ്ക്കോടതിയിൽ ഉണ്ടായിരുന്നു. ഈ സൂചന തെററാണെന്നുള്ള കീഴ്ക്കോടതി വിധി ശരിയാണ്. ആ തീരുമാനം ഈ കോടതിയിൽ ആക്ഷേപിക്കപ്പെട്ടിട്ടില്ല."

700-ാം വശത്തു കീഴെ കാണിക്കുന്നതുപോലെ അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

എന്നാൽ പ്രതികളുടെ നില യഥാർത്ഥമായി ഗ്രഹിക്കണമെങ്കിൽ വാദികളോടുള്ള അവരുടെ മനോഭാവം എന്തെന്നു നോക്കണം. തങ്ങൾ യാതൊരു സഭയും നൂതനമായി സ്ഥാപിച്ചില്ലാ എന്നു പ്രതികൾ തർക്കിക്കുന്നുണ്ടെങ്കിലും (പത്രിക 38-ാം ഖണ്ഡിക) വാദികളും ഒന്നിലധികം പാത്രിയർക്കീസന്മാരും സഭക്കിതരന്മാരായി പോയി എന്നും (പത്രിക 34, 45, 49, 50 ഖണ്ഡികകൾ) ആദ്യ സ്റേററ് മാറിപ്പോയി എന്നും (47-ാം ഖണ്ഡിക) അവർ വാദിക്കുന്നുണ്ട്. ഈ തർക്കങ്ങളിൽ പാത്രിയർക്കീസന്മാരെ ഒഴിച്ചുള്ളവ 136-ാം ഖണ്ഡിക) കീഴ്ക്കോടതി നിരാകരിച്ചു. വാദികൾ സഭക്കിതരന്മാരായില്ല എന്ന തീരുമാനത്തിനു എതിരായി പ്രതിഭാഗം അഡ്വക്കേററ് ഈ കോടതിയിൽ വാദിച്ചില്ലാ എന്നുതന്നെയല്ല മുകളിൽ പ്രസ്താവിച്ചതുപോലെ ഇരുഭാഗക്കാരും സഭയിൽ തന്നെ നിൽക്കുന്നു എന്നുള്ള അടിസ്ഥാനത്തിന്മേൽ ആണ് അദ്ദേഹം വാദിച്ചിട്ടുള്ളത്."

ഈ ഖണ്ഡികകളിൽ, ഇരുഭാഗക്കാരുടെയും വാദങ്ങൾ എന്താണെന്നും സ്റേററിനെ സംബന്ധിച്ച് അവരുടെ നില എന്താണെന്നും മാത്രമേ അഭിജ്ഞനായ ജഡ്ജി ചെയ്തിട്ടുള്ളു; പ്രതികളും അനുയായികളും സഭയ്ക്കു ഇതരന്മാരായിട്ടുണ്ടോ എന്നുള്ള പ്രശ്നം പ്രതികൾ അവരുടെ പത്രികയിൽ പ്രസ്താവിച്ചിട്ടുള്ള തർക്കങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ല അഭിജ്ഞനായ ജഡ്ജി തീരുമാനിച്ചിട്ടുള്ളത്. ഭരണഘടനയെ അടിസ്ഥാനപ്പെടുത്തിയാണ് ആ തീരുമാനം ചെയ്തിട്ടുള്ളത്. ഏ. എം. അക്കം ... 790-ാം വശംമുതൽ ഈ പ്രശ്നമാണ് അദ്ദേഹം പ്രതിപാദിക്കുന്നതു്. പ്രതികളുടെ തർക്കത്തെ

പററി അഭിജ്ഞനായ ജഡ്ജിക്കു എന്തെങ്കിലും തെററു പററിയതായി ഞങ്ങൾക്കു തോന്നുന്നില്ല. വാദികളേയും അനുയായികളേയും പററി പത്രിക 45-ാം ഖണ്ഡികയിൽ പ്രതികൾ പറയുന്നതു് ഇപ്രകാരമാണ്.

"അവർ സ്വമനസ്സാലെ സഭയിൽനിന്നു വേർപെട്ടു പോകുകയും മലങ്കരസഭയുടെ അടിസ്ഥാനത്തിനും ഉദ്ദേശത്തിനു് വിപരീതമായി പ്രവർത്തിച്ചും വരുന്നു. തന്മൂലം വാദികൾ സഭയുടെ അംഗത്വവും, സ്റേറ്റ് വസ്തുക്കളുടെ ഗുണാനുഭവസ്ഥർ എന്ന അവകാശവും നഷ്ടപ്പെട്ടു."

പത്രിക 46-ാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു.

"അന്യായ പട്ടികയിൽ ചേർത്തിട്ടുള്ള സഭയുടെ വസ്തുക്കൾ പ്രതികൾ ഉപയോഗിക്കുകയും ഭരണം നടത്തുകയും ചെയ്യുന്നതും പള്ളികളിൽ കർമ്മങ്ങൾ നടത്തുന്നതും, പ്രതികൾ സഭാ വക വസ്തുക്കളുടെ ഏക ഗുണാനുഭവസ്ഥർ എന്ന വിശ്വാസത്തിലാണ്. വാദികളേയും അനുയായികളേയും സഭാ വസ്തുക്കളുടെ ഗുണാനുഭവസ്ഥരായി കരുതിയിട്ടില്ല. അവ വാദികൾ ഉപേക്ഷിക്കുകയും ചെയ്തു. വാദികളുടെ ഗുണത്തിനായി അന്യായ പട്ടിക വസ്തുക്കൾ കൈകാര്യം ചെയ്തിട്ടില്ല. ആയതുകൊണ്ട് സഭാ വസ്തുക്കളിൽ വാദികൾക്കും അനുയായികൾക്കും എന്തെങ്കിലും അവകാശം ഉണ്ടായിരുന്നെങ്കിൽ അതു കാലഹരണംകൊണ്ടും എതിർകൈവശം കൊണ്ടും നഷ്ടപ്പെട്ടു പോയിട്ടുള്ളതാകുന്നു."

695-ാം വശത്ത് അഭിജ്ഞനായ ജഡ്ജി പത്രികയിലെ 24 മുതൽ 26 വരെയും 40 മുതൽ 46 വരെയും ഖണ്ഡികകൾ പ്രത്യേകം എടുത്തുകാണിച്ചിട്ടുണ്ട്. അതു പോലെ 700-ാം വശത്തു 34, 38, 45, 47, 49, 50 ഈ ഖണ്ഡികകളേയും എടുത്തുകാണിച്ചിട്ടുണ്ട്. ആയതുകൊണ്ട് പത്രിക 45-ം 46-ം ഖണ്ഡികകളിൽ പ്രതിഭാഗത്തുനിന്നും പുറപ്പെടുവിച്ചിട്ടുള്ള തർക്കങ്ങളുടെ സ്വഭാവത്തെ പററി ജസ്റ്റീസ് നോക്സിനു യാതൊരു തെററിദ്ധാരണയും ഇല്ലായിരുന്നു എന്നു സ്പഷ്ടമാണ്. അതിനാൽ റിവ്യൂ ഹർജി ഭാഗത്തു നിന്നും ഉന്നയിച്ചിട്ടുള്ള ഈ കാരണത്തിനു യാതൊരു പ്രസക്തിയുമില്ല.

27. കാരണം 5.

അധികാരമുള്ള ഒരു വൈദീക കോടതിയുടെ തീരുമാനത്തിന്റെ അഭാവത്തിൽ, വൈദീക കുററങ്ങളെപ്പററി ചർച്ച ചെയ്യുന്നതിന് സിവിൽ കോടതിക്ക് അധികാരമില്ല എന്ന തക്കം പ്രതികൾ അവരുടെ പത്രികയിൽ ഉന്നയിച്ചിട്ടുണ്ട്. 18-ാം വാദമുഖം ഈ തക്കത്തിന് അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഈ പ്രശ്നം പ്രതികൾക്കെതിരായി ജില്ലാ ജഡ്ജി തീരുമാനിച്ചു. ഈ തീരുമാനത്തെ പ്രതികൾ ക്രാസപ്പീലിൽ എതിർത്തു. എന്നാൽ ഭൂരിപക്ഷ ജഡ്ജിമാർ ഈ പ്രശ്നത്തെപ്പററി പരിഗണിച്ചില്ല. ചീഫ് ജസ്റ്റീസ് കൃഷ്ണസ്വാമി അയ്യർ ഇതെപ്പററി 838-ാം വശത്തു പരാമർശിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രശ്നം പ്രതികൾക്കനുകൂലമായി 45 T. L. R. കേസ്സിൽ തീരുമാനിച്ചിട്ടുണ്ട്. ആയതുകൊണ്ട് ഇതു Resjudicate യാണ്".

28. പ്രതികൾക്കു ദോഷമായി ഭൂരിപക്ഷ ജഡ്ജിമാർ കേസ്സ് തീരുമാനിച്ചതു്, പ്രതികൾ എന്തെങ്കിലും വൈദീകകുററം ചെയ്തതു കൊണ്ടല്ല; പ്രത്യുത അവർ സ്വമനസ്സാലെ സഭ വേർ പെട്ടു പോകുകയും, എ. എം. അക്കം ഭരണഘടന സ്വീകരിച്ച് ഒരു പുതിയ സഭ രൂപവൽക്കരിക്കുകയും ചെയ്തതുകൊണ്ടാണ്. ഇതു ജസ്റ്റീസ് നോക്സിന്റെ വിധിന്യായം 698-ാം വശത്തുള്ള പ്രസ്താവന കൊണ്ടു് സ്പഷ്ടമാണ്. അതിപ്രകാരമാണ്.

അതുകൊണ്ട് ഇവിടെ ഇപ്പോൾ പരിഗണിക്കുവാനുള്ള പ്രശ്നം, പ്രതികളെ സഭയിൽ നിന്നും പുറം തള്ളിയോ എന്നല്ല, പിന്നെയോ അവർ സ്വമനസ്സാലെ അതിനു പുറത്തു പോയോ എന്നുള്ളതു മാത്രമാണ്. വേദവിപരീതത്തെപ്പററിയുള്ള വാദം കീഴ്ക്കോടതി ജഡ്ജിയുടെ ശ്രദ്ധയെ താൻ തീരുമാനിക്കേണ്ടിയിരുന്ന വാദമുഖങ്ങളിൽ നിന്നു വ്യതിചലിപ്പിച്ചിട്ടുള്ളതായി കാണുന്നുണ്ട്."

പിന്നിട് 699-ാം വശത്തു് അദ്ദേഹം, ഈ കേസ്സ് ഫ്റീ ചർച്ച് കേസ്സിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി വിധിക്കേണ്ടതാണെന്നു പറയുന്നു. ജസ്റ്റീസ് സത്യനേശൻ 754-ാം വശത്തു ഇപ്രകാരം പറയുന്നു.

"പ്രതികൾ പുരാതന സഭയിൽ നിന്നും വേർപെട്ടു പോയി വ്യത്യസ്ഥമായ ഒരു സഭ സ്ഥാപിച്ചോ എന്നുള്ളതാണ് പ്രശ്നം"

"മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എന്ന ഒരു നൂതന സഭയുടെ നില നിൽപ്പിനും ഗുണത്തിനും വേണ്ടി മലങ്കര യാക്കോബായ സഭ വകയായുള്ള ട്രസ്റ്റ് സ്വത്തുക്കളെ പ്രതികൾ വിനിയോഗിക്കുന്നു." എന്നു തെളിയിച്ചെങ്കിൽ മാത്രമേ വാദികൾ ഈ കേസ്സിൽ ജയിക്കുകയുള്ളു എന്ന് അഭിജ്ഞനായ ജഡ്ജി പ്രസ്പഷ്ടമാക്കുന്നുണ്ട്.

29. വേദവിപരീതത്തിനോ ശീശ്മക്കോ സഭയിൽ നിന്നും മുടക്കത്തക്ക പ്രവൃത്തികൾ പ്രതികൾ ചെയ്തിട്ടുണ്ടോ എന്നുള്ള പ്രശ്നം തീരുമാനിക്കേണ്ട ആവശ്യം ഈ സാഹചര്യത്തിൽ ഇല്ല. ആയതു കൊണ്ട് അധികാരമുള്ള വൈദീക കോടതിയുടെ തീരുമാനം കൂടാതെ, വൈദീക കുററങ്ങളെപ്പററി സിവിൽ കോടതിക്കു പരിഗണിക്കുന്നതിന് അധികാരമുണ്ടോ എന്നുള്ള പ്രശ്നവും തീരുമാനിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. കേസിലെ കക്ഷികളുടെ സിവിൽ അവകാശങ്ങളെപ്പററി വിധി കൽപ്പിക്കുന്നതിന് വേണ്ടി വൈദീക പ്രശ്നങ്ങൾ തീരുമാനിക്കുന്നതിന് സിവിൽ കോടതിക്കധികാരമുണ്ടെന്നായിരുന്നു ജില്ലാ ജഡ്ജിയുടെ വിധി. ഇതിന്മേൽ ക്രാസ്സ് അപ്പീൽ ബോധിപ്പിച്ചിരുന്നു എങ്കിലും അതേപ്പററി അപ്പീലിൽ വാദിച്ചതായി കാണുന്നില്ല. ഏതു നിലയിലും ഈ പ്രശ്നം തീരുമാനിക്കാതെ വിട്ടുകളഞ്ഞതു കൊണ്ട് ഭൂരിപക്ഷം ജഡ്ജിമാരും രേഖയിന്മേൽ പ്രഥമദൃഷ്ട്യാ എന്തെങ്കിലും തെററോ പിശകോ പററിയതായി ഞങ്ങൾക്കു തോന്നുന്നില്ല.

30. 45. T. L. R. കേസിലെ വിധി മൂലം ഈ പ്രശ്നം Resjudicate ആണെന്നുള്ള കൂട്ടതൽ തക്കം, ആദ്യത്തെ തക്കത്തെ പററിയുള്ള ഞങ്ങളുടെ തീരുമാനത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നായില്ല. മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ മുടക്കത്തക്കതായ വൈദീക കുററം അദ്ദേഹം ചെയ്തിട്ടുണ്ടോ എന്നുള്ളതായിരുന്നു 45 T. L. R. കേസിൽ തീരുമാനത്തിനു വന്ന പ്രശ്നം എന്നുള്ള സംഗതി ഇവിടെ

ഞങ്ങൾ പ്രസ്താവിക്കുന്നതു് സംഗതമായിരിക്കും. അധികാരമുള്ള വൈദീക കോടതിയുടെ തീരുമാനം കൂടാതെ വൈദീക കുററങ്ങളെ സംബന്ധിച്ച് സിവിൽ കോടതി ഇടപെടുകയില്ലെന്നായിരുന്നു ആ കേസിലെ ജഡ്ജിമാരുടെ അഭിപ്രായം. എന്നാൽ കക്ഷികളുടെ സിവിൽ അവകാശത്തെപ്പററി വിധി കൽപ്പിക്കുന്നതിനാവശ്യമായ വൈദീക പ്രശ്നങ്ങൾ തീരുമാനിക്കുന്നതിന് സിവിൽ കോടതിക്ക് അധികാരമുണ്ടോ എന്നുള്ള പ്രശ്നം ആ കേസിലെ അഭിജ്ഞരായ ജഡ്ജിമാർ പരിചിന്തനം ചെയ്തിട്ടില്ല. ഈ കേസിൻെറ നില വളരെ വ്യത്യസ്ഥമാണ്. ഇവിടുത്തെ പ്രശ്നം പ്രതികൾ എന്തെങ്കിലും വൈദീക കുററം ചെയ്തിട്ടുണ്ടോ എന്നുള്ളതല്ല; പിന്നെയോ അവർ മനസാലെ സഭ വേർപെട്ടു പോകുകയും, നൂതനമായ ഒരു സഭ രൂപവൽക്കരിക്കുകയും ചെയ്തോ എന്നുള്ളതാണ്, ഇതിനും പുറമേ വൈദീക കുററങ്ങളെപ്പററി തീരുമാനിക്കുന്നതിന് സിവിൽ കോടതിക്കു അധികാരമുണ്ടോ എന്ന പ്രശ്നത്തെപ്പററി 45 T. L. R. കേസ്സിൽ ഒരു വാദമുഖം ഏർപ്പെടുത്തിയിട്ടില്ലായിരുന്നു. കോടതിയുടെ അധികാര പ്രശ്നം വെറും ഒരു നിയമപ്രശ്നം മാത്രമാകയാൽ Resjudicate യുടെ ചട്ടങ്ങൾ ആയതിനെ ബാധിക്കുകയില്ലെന്ന് റിവ്യൂ എതിർ ഹർജിക്കാർക്കു വേണ്ടി വാദിക്കുകയുണ്ടായി. പക്ഷെ ഇതു് ഈ പ്രശ്നത്തിൻെറ സാരാംശത്തിലേക്ക് പ്രവേശിക്കുകയായിരിക്കും. കേസ്സിൻെറ ഈ പതനത്തിൽ അപ്രകാരം പ്രവേശിക്കേണ്ട ആവശ്യമില്ല. റിവ്യൂഹർജിഭാഗത്തെ ഈ തർക്കത്തിന് യാതൊരടിസ്ഥാനവും ഇല്ലെന്ന് ഞങ്ങൾക്ക് തോന്നുന്നു. ആയതുകൊ ഈ കാരണത്തിന് കഴമ്പില്ല.

31. കാരണം 6.

മലങ്കരയിൽ ഒരു കാതോലിക്കേററ് സ്ഥാപിച്ചതുകൊണ്ട് അതിനെ അനുകൂലിച്ചവർ പുരാതനസഭയ്ക്കു ഭിന്നരായിത്തീർന്നിട്ടില്ലെന്ന് 45 T. L. R. കേസ്സിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ എ. ഡി. [illegible] ഭരണഘടനയിൽ സ്ഥിരമായ ഒരു കാതോലിക്കേററിനുവേണ്ടി വ്യവസ്ഥപ്പെടുത്തിയി

ട്ടുള്ളതുകൊണ്ട് പ്രതികൾ സഭയ്ക്കു ഭിന്നന്മാരായിത്തീർന്നു എന്ന് ജസ്റ്റീസ് നോക്സ് തീരുമാനിച്ചു. മലങ്കരയിൽ കാതോലിക്കേററ് സ്ഥാപിച്ച അബ്ദുൾ മശിഹായുടെ 80 അക്കം കല്പനയുടെ ദുർവ്യാഖ്യാനമൂലം ആണ് ഇപ്രകാരം ഒരു തീരുമാനം ഉണ്ടായതു്. കല്പനയുടെ അസ്സലിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾ താഴെ ചേർക്കുന്നു.

"കാതോലിക്ക നിസ്സാതനാകുമ്പോൾ തൽസ്ഥാനത്തു ഒരു കാതോലിക്കായെ വാഴിക്കുവാൻ നിങ്ങളുടെ മെത്രാപ്പോലീത്തന്മാർക്ക് അനുവാദവും അധികാരവും ഉണ്ട്."

എന്നാൽ പരിഭാഷയിൽ "കാതോലിക്കാ" എന്ന വാക്കിന് മുമ്പായി "ഇപ്പോഴത്തെ" എന്ന വാക്കും കൂടി കൂട്ടിച്ചേർത്തിരിക്കുന്നു. ഇതു രേഖയിൽ പ്രഥമദൃഷ്ട്യാ ഉള്ള ഒരു പിശകാണ്. ഈ തെററ് അഭിജ്ഞനായ ജഡ്ജിയുടെ തീരുമാനത്തെ വളരെ ബാധിച്ചിട്ടുണ്ട്.

32. 80 അക്കം കല്പന മുഖാന്തിരം അബ്ദുൽമിശിഹാ മലങ്കരയിൽ പരമ്പരയായി ഒരു കാതോലിക്കേററ് സ്ഥാപിച്ചിട്ടുണ്ടോ എന്ന പ്രശ്നത്തെപ്പററി ജസ്റ്റീസ് നോക്സ് ക്ലിപ്തമായ ഒരു അഭിപ്രായം പറഞ്ഞിട്ടില്ല. അതേപ്പററി അദ്ദേഹത്തിൻെറ സംശയം അദ്ദേഹം വെളിപ്പെടുത്തുകയും, മാർ ഗീവറുഗീസ് ദിവന്നാസ്യോസ് ഇതെപ്പററി ബോധിപ്പിച്ചിട്ടുള്ള മൊഴി പരാമർശിക്കുകയും, (EX. EA. Page 1410), മാർ ഈവാനിയോസ്സിൻെറ മരണശേഷം 12 കൊല്ല കാലത്തേക്ക് അദ്ദേഹത്തിൻെറ പിൻഗാമിയായി ആരെയും വാഴിച്ചിട്ടില്ല എന്ന സംഗതിയെ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, കാതോലിക്കാസ്ഥാപനം പരമ്പരയായിട്ടുള്ളതാണ് എന്നുള്ള വാദത്തിന് 80 അക്കം കല്പനയിലെ വ്യവസ്ഥകൾ കുറെ സഹായകരമാണെന്നാണ് അഭിജ്ഞനായ ജഡ്ജിയുടെ അഭിപ്രായം. സകല അധികാരത്തോടുംകൂടിയുള്ള ഒരു കാതോലിക്കാ സ്ഥാപനത്തിനുവേണ്ടിയുണ്ടായിരുന്ന പ്രക്ഷോഭണത്തിൻെറ ഫലമായിട്ടാണ് കാതോലിക്കായെ അനുവദിച്ചിട്ടുള്ളതെന്നും ആയതുകൊണ്ട് പരമ്പരയായ കാതോലിക്കായെയാണ് അബ്ദുൽ മശിഹാ നൽകിയതെന്നും ഉള്ള പ്രതികളുടെ വാദത്തിന് അടിസ്ഥാനമു

ണ്ടെന്നാണ് അഭിജ്ഞനായ ജഡ്ജിയുടെ അഭിപ്രായം. 80 അക്കത്തിലെ വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം അഭിജ്ഞനായ ജഡ്ജിക്ക് യാതൊരു തെററും പററിയിട്ടില്ല. പരിഭാഷയിൽ ഉണ്ടായിട്ടുള്ള പിശക് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അതേപ്പററി 724-ാം വശത്ത് ഇപ്രകാരം പറയുന്നു.

"മുൻപ്രസ്താവിച്ചിട്ടുള്ള പരിഭാഷയിൽ "സ്ഥാനി" എന്ന പദത്തിന് മുമ്പ് "ഇപ്പോഴത്തെ" എന്ന പദപ്രയോഗത്തെ പ്രതികൾ ആക്ഷേപിക്കുന്നു. ഒരു പിൻഗാമിയെ വാഴിക്കുന്നതിനുള്ള അധികാരത്തിൽ പിൻഗാമികളെ പരമ്പരയായി വാഴിക്കുന്നതിനുള്ള അധികാരമാണ് അന്തർഭവിച്ചിരിക്കുന്നതെന്നു വ്യാഖ്യാനിക്കാമെന്നു വന്നാൽ, അങ്ങനെ ഒരു അവകാശം അനുവദിച്ചുകൊടുക്കുന്നതിന് പാത്രിയർക്കീസിന് അധികാരമുണ്ടോ എന്നുള്ള പ്രശ്നം തീരുമാനവിഷയമാക്കേണ്ടതാണ്."

ഈ പ്രസ്താവനയ്ക്കു ശേഷം കാനോൻ ചട്ടങ്ങളും കീഴ്നടപ്പും അനുസരിച്ച് പാത്രിയർക്കീസിന്റെ അംഗീകരണം കൂടാതെ കാതോലിക്കായെ അഭിഷേകം ചെയ്യാമോ എന്ന പ്രശ്നത്തെപ്പററി അഭിജ്ഞനായ ജഡ്ജി പ്രതിപാദിക്കുകയും താഴെ ഉദ്ധരിക്കുന്ന തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു, (Page 727)

"വാദിഭാഗക്കാർ ആശ്രയിക്കുന്ന കാനോൻ അംഗീകൃതമെന്നതിനാൽ, തെരഞ്ഞെടുക്കപ്പെട്ട കാതോലിക്കായ്ക്കു പാത്രിയർക്കീസിന്റെ അംഗീകരണം ലഭിച്ചിരിക്കേണ്ടതും, ഭരണം നടത്തുന്ന പാത്രിയർക്കീസിനെ അവഗണിച്ചുള്ള ഒരു സ്ഥാനാഭിഷേകം അനുവദിക്കുന്ന ഭരണഘടനയിലെ വ്യവസ്ഥ കീഴ്നടപ്പിൽനിന്നുള്ള സ്പഷ്ടമായ ഒരു വ്യതിയാനവുമാണ്."

രേഖയിൽ പ്രഥമദൃഷ്ടിയിലുള്ള എന്തെങ്കിലും തെററോ. പിശകോ നിമിത്തമാണ് ഇപ്രകാരം ഒരു തീരുമാനത്തിൽ അഭിജ്ഞനായ ജഡ്ജി എത്തിച്ചേർന്നതു് എന്നു ഞങ്ങൾക്കു തോന്നുന്നില്ല. (45 T. L. R.) കേസിലെ വിധി അദ്ദേഹ

ത്തിന്റെ ദൃഷ്ടിയിൽപ്പെടാതിരുന്നിട്ടില്ല. യഥാർത്ഥത്തിൽ 45 T. L. R. കേസിൽ കാതോലിക്കാ പ്രശ്നം സംബന്ധിച്ച് ഉണ്ടായിട്ടുള്ള തീരുമാനം Resjudicate ആണെന്ന് അദ്ദേഹം 726-ാം വശത്ത് പറയുന്നു. എന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ തീരുമാനത്തിന്റെ വ്യാപ്തി പരിമിതമാണ്. ആയതിന്റെ കാരണവും അദ്ദേഹം പറയുന്നുണ്ട്.

ആയതുകൊണ്ട് ഈ കാരണത്തിലും യാതൊരു കഴമ്പും ഇല്ലെന്ന് ഞങ്ങൾ തീരുമാനിക്കുന്നു.

33. കാരണം. 7.

മാർപാപ്പായ്ക്കുള്ള അധികാരത്തിന് സമമായി അന്ത്യോഖ്യാ പാത്രിയർക്കീസിന് അധികാരമുണ്ടെന്നുള്ള സങ്കല്പത്തിലാണ് ജസ്റ്റീസ് സത്യനേശൻ അദ്ദേഹത്തിന്റെ വിധിന്യായം എഴുതിയിട്ടുള്ളത്. വാദിഭാഗത്തുനിന്നും അപ്രകാരം ഒരു കേസ്സ് ഉന്നയിക്കുകയോ, ആ പ്രശ്നത്തെപ്പററി വാദം നടത്തുകയോ ചെയ്തിട്ടില്ല. ഇതിന് വിപരീതമായി 45 T. L. R. കേസിൽ തീരുമാനിച്ചിട്ടും ഉണ്ട്. ലൌകീകങ്ങളിൽ പാപ്പായ്ക്കു് അധികാരം ഉണ്ട്. എന്നാൽ പാത്രിയർക്കീസിന് മലങ്കര യാക്കോബായ സഭയിൽ ലൌകീക അധികാരം ഇല്ലെന്ന് D1 അക്കക്കേസ്സിലെ വിധിന്യായത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. അധികാരത്തെപ്പററിയുള്ള ഈ തെററായ ധാരണയിലാണ്, പാത്രിയർക്കീസിന്റെ നിയമാനുസൃതമായ അധികാരത്തെ എ. എം. അക്ക ഭരണഘടന നിഷേധിക്കുന്നു എന്നു അഭിജ്ഞനായ ജഡ്ജി തീരുമാനിച്ചത്. ഈ രേഖയിൽ പ്രത്യക്ഷത്തിലുള്ള ഒരു പിശകാണ്.

34. കാതോലിക്കാ സഭയിലെ കാനോൻ ചട്ടങ്ങൾ പ്രകാരം പാപ്പായ്ക്കുള്ള അധികാരങ്ങളെപ്പററി ജസ്റ്റീസ് സത്യനേശൻ അദ്ദേഹത്തിന്റെ വിധിന്യായത്തിൽ പരിചിന്തനം ചെയ്തിട്ടില്ല. യാക്കോബായ സഭയിലെ കാനോൻ ചട്ടങ്ങൾ പ്രകാരം പാത്രിയർക്കീസിനുള്ള അധികാരവും, പാപ്പായുടെ അധികാരവും തമ്മിൽ താരതമ്യം ചെയ്യുന്നതിന്

അദ്ദേഹം ശ്രമിച്ചിട്ടും ഇല്ല. കത്തോലിക്കാ[illegible] കാനോൻ ചട്ടങ്ങൾ പ്രകാരം [illegible]യ്ക്ക് സഭയിലെ ലൌകീകങ്ങളിൽ നിയന്ത്രണാധികാരം ഉണ്ട്. [illegible] യാക്കോബായ സഭയിലെ ലൌകീകങ്ങളിൽ പാത്രിയർക്കീസിന് അധികാരം ഉണ്ടെന്ന് ജസ്റ്റിസ് സത്യനേശൻ ഒരിടത്തും പറയുന്നില്ല. പാത്രിയർക്കീസിന് [illegible] അധികാരം ഉണ്ടെന്ന് വാദികൾക്കുപോലും വാദമില്ലെന്നുള്ള അടിസ്ഥാനത്തിലാണ് [illegible] അദ്ദേഹം വിധിന്യായം എഴുതിയിട്ടുള്ളത്. 759-ാം വശത്തു അദ്ദേഹം ഇപ്രകാരം പറയുന്നു.

"പുരാതനകാലത്ത് എന്തെല്ലാം നടന്നിരുന്നാലും മലങ്കര ദേസ്സ്‌സ്വത്തുക്കളുടെ ഉൾഭരണത്തിൽ ഇടപെടുന്നതിന് പാത്രിയർക്കീസിന് അധികാരമുണ്ടെന്ന് വാദികൾ സമർത്ഥിക്കുന്നില്ലെന്ന് വാദിഭാഗം അഭിഭാഷകനും ഒരു വിശദീകരണം നൽകുകയുണ്ടായി. വാദികളുടെ നില[illegible] ന്യായക്കാലത്തുതന്നെ വ്യക്തമാക്കിയിരുന്നതായി കാണുന്നു. സഭാസ്വത്തുക്കളുടെ ഉൾഭരണത്തിനോ അവയുടെ അധികാരണത്തിനോ [illegible] ആത്മീയ ശിക്ഷണനടപടിക്കുമപ്പുറമുള്ള അധികാരം പാത്രിയർക്കീസിനുണ്ടെങ്കിലും ഈ നിലയിൽ അദ്ദേഹം മലങ്കരസഭയുടെ വൈദികമേലദ്ധ്യക്ഷനാണെന്നും അവർ സമർത്ഥിക്കുന്നു. (Pleadings 124)"

പാപ്പായ്ക്കുള്ള അധികാരംതന്നെ പാത്രിയർക്കീസിനും ഉണ്ടെന്നോ, സഭയുടെ ലൌകീകങ്ങളിൽ പാത്രിയർക്കീസിന് അധികാരം ഉണ്ടെന്നോ, ഉള്ള ഒരു സങ്കല്പത്തിലല്ല അഭിജ്ഞനായ ജഡ്ജി അദ്ദേഹത്തിന്റെ വിധിന്യായം എഴുതിയിട്ടുള്ളത് എന്ന് ഇതിൽനിന്നും സ്പഷ്ടമാകുന്നുണ്ട്. യാക്കോബായ സഭയുടെ കാനോൻ നിയമം അനുസരിച്ചും, കോടതിവിധിയനുസരിച്ചും പാത്രിയർക്കീസിന്റെ അധികാരങ്ങളെ പ്പററി തീരുമാനിക്കണമെന്നുള്ള അടിസ്ഥാനത്തിലാണ് അദ്ദേഹം വിധിന്യായം എഴുതിയിട്ടുള്ളത്. "സഭാസ്വത്തുക്കളെ സംബന്ധിച്ച് യാക്കോബായ സഭയിലെ കാനോൻ നിയമങ്ങളും ചട്ടങ്ങളും കത്തോലിക്കാസഭയിലുള്ളതുപോലെ സ്പഷ്ടവും പൂർണ്ണവും ആണെന്ന് തോന്നുന്നില്ല"

എന്ന് അദ്ദേഹം 770-ാം വശത്തു പറയുന്നു. അതിനുശേഷം, യാക്കോബായ സഭയിലെ അംഗീകൃതകാനോൻ നിയമമനുസരിച്ച് പാത്രിയർക്കീസിന്റെ സ്ഥാനം എന്താണെന്ന് അദ്ദേഹം പരിചിന്തനം ചെയ്യുന്നു. 778-ാം വശത്ത് കോടതിവിധികളനുസരിച്ച് പാത്രിയർക്കീസിന്റെ സ്ഥാനം എന്താണെന്നുള്ളതിനെപ്പററി പരിചിന്തനം ചെയ്യുകയും DY അക്കവിധിയെ പരാമർശിക്കുകയും ചെയ്യുന്നു. DY അക്കകേസ്സിൽ താഴെ പറയുന്നപ്രകാരം തീരുമാനിച്ചിട്ടുള്ളതായി അദ്ദേഹം പറയുന്നു.

"പാത്രിയർക്കീസിന്റെ അധികാരം ഒരിക്കലും സഭയുടെ ലൌകീകങ്ങളുടെ ഭരണത്തിലേക്കു വ്യാപിച്ചിട്ടില്ല" "ലൌകീകങ്ങൾ സംബന്ധിച്ച് പാത്രിയർക്കീസിനുള്ള അധികാരത്തിന്റെ പ്രായോഗികവശത്തെ സംബന്ധിച്ച് ഈ നിർവചനം ശരിയാണെന്നു തോന്നുന്നു" എന്നുംകൂടി അദ്ദേഹം പറയുന്നു. "സഭയുടെ ആത്മീയഭരണം സംബന്ധിച്ചുള്ള പൊതുവായ മേൽനോട്ടം" എന്ന പാത്രിയർക്കീസിന്റെ അധികാരത്തെ DY അക്കവിധിയിൽ നിർവചനം ചെയ്തിട്ടുള്ളത് അദ്ദേഹം പിന്നീട് പരാമർശിക്കുകയും ആയതിനെ അംഗീകരിക്കുകയും ചെയ്യുന്നു. കത്തോലിക്കാ സഭയിൽ പാപ്പായ്ക്കുള്ള സ്ഥാനം പാത്രിയർക്കീസിനുള്ളതായി അദ്ദേഹം കരുതുന്നില്ലെന്നും എ. എം. അക്ക ഭരണഘടനയെപ്പററിയുള്ള അദ്ദേഹത്തിന്റെ തീരുമാനം അതുപോലെ എന്തെങ്കിലും സങ്കല്പത്തിന്മേലല്ലെന്നും, ഇതിൽനിന്നും, സ്പഷ്ടമാകുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം ഒരു വിധത്തിലും D Y അക്ക വിധിക്കെതിരല്ല. അതുപോലെ തന്നെ അദ്ദേഹത്തിന്റെ അഭിപ്രായം, 45 T. L. R. കേസ്സിലെ വിധിക്കും വിരുദ്ധമല്ല. ക്രമങ്ങളിലും, വ്യവസ്ഥകളിലും എത്രമാത്രം സാമ്യം ഉണ്ടെങ്കിലും, കാത്തോലിക്കാ സഭയിലെ കാനോൻ നിയമങ്ങൾ ഒന്നാം പ്രതിയായ മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ ബന്ധിക്കുന്നതല്ലെന്നു ആ കേസിൽ ചീഫ് ജസ്റ്റിസ് ചാററ് ഫീൽഡ് 141-ാം വശത്തു പ്രസ്താവിച്ചിട്ടുണ്ട്. ജസ്റ്റിസ് ജോസഫ് തളിയത്ത് 206-ാം വശത്തു ഇപ്രകാരം പറയുന്നു.

"റോമൻ കത്തോലിക്കാ സഭയുടെ കാനോൻ നിയമം അടിസ്ഥാനപ്പെടുത്തി തീരുമാനിച്ചിട്ടുള്ള ഒരു കേസാണ്. O'callaghan case 18 അക്കത്തിൽ ഇതിനനുരൂപമായി വ്യവസ്ഥങ്ങൾ കാണുന്നില്ല. ആയതു കൊണ്ട് ഈ കേസ് ഞങ്ങൾക്കു ഉപയോഗപ്രദമല്ല"

കത്തോലിക്കാ സഭയിലെ കാനോൻ നിയമം അടിസ്ഥാനപ്പെടുത്തി പാത്രിയർക്കീസിന്റെ അധികാരത്തെ നിർവചനം ചെയ്യുന്നതിന് ജസ്റ്റീസ് സത്യനേശൻ ഒരുമ്പെട്ടിട്ടില്ല. യഥാർത്ഥത്തിൽ ആ കാനോൻ നിയമം ഇവിടെ ബന്ധിക്കുന്നതല്ലെന്നുള്ള അടിസ്ഥാനത്തിലാണ് അദ്ദേഹം വിധിന്യായം എഴുതിയിട്ടുള്ളത്.

35. വളരെ വ്യത്യസ്ഥമായ ഒരു ഉദ്ദേശത്തിനു വേണ്ടിയാണ് അദ്ദേഹം കത്തോലിക്കാ സഭയെ പററിയും പാപ്പായുടെ സ്ഥാനത്തെപ്പററിയും പരാമർശിച്ചിട്ടുള്ളത്. മൌലീകതത്വങ്ങളിൽ ഉള്ള വ്യതിയാനം മൂലം മാത്രമേ അപ്രകാരം വ്യതിചലിക്കുന്നവർ സഭക്കു ഇതരന്മാരായി പുതിയ സഭ സ്ഥാപിച്ചതായി പരിഗണിക്കപ്പെടുകയുള്ളു എന്നു ഫ്റീ ചർച്ച് കേസിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുകൊണ്ട്, മലങ്കര യാക്കോബായ സഭയിൽ പാത്രിയർക്കീസിനുള്ള ആത്മീയ പരമാധികാരം സഭയുടെ ഒരു മൌലീക തത്വമാണോ എന്ന പ്രശ്നത്തെപ്പററി, ഫ്റീ ചർച്ച് കേസിലെ തത്വങ്ങൾ ഈ കേസിൽ ബാധകമാകുമോ എന്നു പ്രതിപാദിച്ച അവസരത്തിൽ, പരിചിന്തനം ചെയ്യേണ്ടി വന്നു. ഫ്റീ ചർച്ച് ഓഫ് സ്കോട്ട്ലൻഡ്, നവീകരണത്തിന് ശേഷമുള്ളതും, അപ്പോസ്തോലിക്ക് പിൻതുടർച്ചയിൽ വിശ്വസിക്കാത്തതും, പുരോഹിത വാഴ്ചയുള്ള ഭരണം ഇല്ലാത്തതുമായ ഒരു സഭയാണ്. എങ്കിലും വ്യവസ്ഥാപിത തത്വത്തിലേക്ക് തിരിച്ചു ചേരുന്നതിനുള്ള ആഗ്രഹം, ഈ സഭയുടെ ഒരു മൌലിക തത്വമായി പരിഗണിച്ചു. യാക്കോബായ സുറിയാനി സഭ, കത്തോലിക്കാ സഭയെപ്പോലെ നവീകരണത്തിന് മുമ്പുള്ളതും, അപ്പോസ്തോലിക പിൻതുടർച്ചയിൽ വിശ്വസിക്കുന്നതും, പാത്രിയർക്കീസ് തലവനായും അദ്ദേഹത്തിന്റെ കീഴിൽ മെത്രാപ്പോലീത്തന്മാരും അവരുടെ കീഴിൽ

പട്ടക്കാരും ഉള്ള പുരോഹിത വാഴ്ചയുള്ള ഭരണത്തോടു കൂടിയതുമായ ഒരു സഭയാണ്. അന്ത്യോഖ്യാ പാത്രിയർക്കീസ്, പാപ്പായെപ്പോലെ, വിശുദ്ധ പത്രോസിന്റെ പിൻഗാമിയാണെന്നവകാശപ്പെടുന്നു. യാക്കോബായ സഭയുടെയും കത്തോലിക്കാ സഭയുടെയും ഘടനകൾ തമ്മിൽ സാമ്യം ഉണ്ടെന്നും, പുരോഹിത വാഴ്ചയുള്ള ഒരു ഭരണത്തിന്റെ തലവനായ പാപ്പായെപ്പോലെ പാത്രിയർക്കീസും മറെറാരു പുരോഹിത വാഴ്ചയുള്ള സഭയുടെ തലവനാണെന്നും കാണിക്കുന്നതിനു വേണ്ടി അഭിജ്ഞനായ ജഡ്ജി യാക്കോബായ സഭയുടെ ചരിത്രത്തിലേക്കു കടക്കുകയും, അതിന്റെ ഘടനയും കത്തോലിക്കാ സഭയുടെയും ഘടനയും തമ്മിൽ താരതമ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ രണ്ടു സഭകളുടെയും ഘടനകൾ തമ്മിലുള്ള സാമ്യം 45 T. L. R. കേസിൽ ചീഫ് ജസ്റ്റീസ് ചാററ്ഫീൽഡ് മുമ്പ് പ്രസ്താവിച്ചിട്ടുള്ളതു പോലെ അംഗീകരിച്ചിട്ടുണ്ട്. രണ്ടു സഭകളിലെയും ഭരണഘടനകൾ തമ്മിലുള്ള സാമ്യം കൊണ്ടും വിശുദ്ധ പത്രോസിന്റെ സിംഹാസനത്തെ സംബന്ധിച്ചുള്ള പാത്രിയർക്കീസിന്റെ അവകാശവാദംമൂലവും കത്തോലിക്കാ സഭയിലെ കാനോൻ നിയമം കൂടി പരാമർശിക്കുന്നതായാൽ പാത്രിയർക്കീസിനു യാക്കോബായ സഭയിലുള്ള സ്ഥാനം ശരിയായി മനസിലാക്കുന്നതിന് സഹായിക്കണം എന്നാണ് ജസ്റ്റീസ് സത്യനേശന്റെ അഭിപ്രായം എന്നു അദ്ദേഹം സ്പഷ്ടമാക്കുന്നുണ്ട് (പേജ് 769) കേസിന്റെ തീരുമാനം യാക്കോബായ സഭയിലെ കാനോൻ നിയമങ്ങളും, കോടതി വിധികളും അടിസ്ഥാനപ്പെടുത്തി മാത്രം ആയിരുന്നതിനാൽ ഈ വ്യതിയാനം ഒരു പക്ഷേ ആവശ്യമില്ലാത്തതായിരിക്കാം. യാക്കോബായ സഭയുടെ ആത്മീക പരമാധികാരി പാത്രിയർക്കീസാണെന്നുള്ള സംഗതി പ്രതികൾ നിഷേധിക്കുന്നില്ല. വാദമുഖ രേഖയിൽ ഇതു സമ്മതിച്ചിട്ടുണ്ട്. മലങ്കര യാക്കോബായ സമുദായത്തിലെ വൈദിക മേലധികാരി പാത്രിയർക്കീസാണെന്നുള്ള ഉD Y അക്ക വിധിയിൽ അംഗീകരിച്ചിട്ടുണ്ട്. യാക്കോബായ സമുദായത്തിന്റെ നിയമാവലിയും, കാനോൻ നിയമങ്ങളും, കോടതി വിധികളും പരിചിന്തനം ചെയ്ത ശേഷം, പാത്രിയർക്കീസിനു മലങ്കര യാക്കോബായ സമുദായത്തിലുള്ള വൈ…

ക മേലധികാരം ആ സഭയുടെ ഒരു മൌലിക തത്വമാണെന്ന് അഭിജ്ഞനായ ജഡ്ജി തീരുമാനിച്ചു. ഈ പ്രശ്നത്തിന്റെ ചരിത്ര പരമായ വശത്തെപ്പററി പ്രതിപാദിച്ചതെന്തിനാണെന്ന് അദ്ദേഹം 768-ാം വശത്ത് താഴെ കാണിച്ചിട്ടുള്ള പ്രകാരം പറയുന്നു.

"ഞാൻ ഈ ഭാഗം ഇത്ര വിപുലമായി ചിന്തിക്കുന്നതിന്റെ ഉദ്ദേശം, വ്യവസ്ഥാപിത തത്വത്തിലേക്കുള്ള പുനരാഗമന സാദ്ധ്യത ഫ്റീ ചർച്ചിനെ സംബന്ധിച്ചിടത്തോളം ഒരു മൌലിക തത്വമാണെങ്കിൽ ഒരു പാത്രിയർക്കീസിന്റെ അധികാരത്തെ പരസ്യമായി ധിക്കരിക്കുന്ന ഒരു സഭാന്യൂനസംഖ്യാ പാത്രിയർക്കീസിനാൽ ഭരിക്കപ്പെടുന്ന യാക്കോബായ സഭയുടെ ഒരു വിശേഷമായിരിപ്പാൻ സാദ്ധ്യമല്ലെന്ന് ശക്തിയുക്തം പറയപ്പെടുന്നതാണെന്ന് സ്ഥാപിക്കുന്നതിലേക്കാണ്."

പാത്രിയർക്കീസിന്റെ ഈ ആത്മീക പരമാധികാരം മലങ്കര യാക്കോബായ സഭയുടെ ഒരു മൌലിക തത്വമാണെന്നും ചീഫ് ജസ്റ്റീസ് കൃഷ്ണസ്വാമി അയ്യരും സമ്മതിക്കുന്നുണ്ട്. 841-ാം വശത്ത് അദ്ദേഹം ഇപ്രകാരം പറയുന്നു.

"പാത്രിയർക്കീസ് സഭയിൽ നിന്നും പോകുന്ന പക്ഷം പുരാതനമായി ഉണ്ടായിരുന്ന മലങ്കര യാക്കോബായ സഭ എന്നൊന്ന് പിന്നെ ഉണ്ടായിരിക്കാവുന്നതല്ല......പാത്രിയർക്കീസ് പുരാതന യാക്കോബായ സഭയുടെ സാക്ഷാത്തായ ഒരു ഘടകമാകയാൽ കാതോലിക്കാ കക്ഷിക്കാർക്കു ആ പുരാതന യാക്കോബായ സഭ നഷ്ടീഭവിക്കുകയും അങ്ങിനെ ആ സഭ നാമാവശേഷമായി തീരുകയും ചെയ്തു."

ആരാണ് സഭ വേർപെട്ടു പോയിട്ടുള്ളതു എന്ന പ്രശ്നം ഒഴിച്ചാൽ, പാത്രിയർക്കീസിന്റെ പരമാധികാരം സഭയുടെ ഒരു മൌലിക തത്വമാണെന്ന് മൂന്നു ജഡ്ജിമാരും സമ്മതിക്കുന്നുണ്ട്. പാത്രിയർക്കീസിന്റെ അധികാരങ്ങളെപ്പററി ജസ്റ്റീസ് സത്യദേവന് യാതൊരു തെററായ ധാരണയും ഇല്ലായിരുന്നു എന്നും. അദ്ദേഹത്തിന്റെ തീരുമാനം എന്തെങ്കിലും തെററായ സങ്കല്പത്തിന്മേൽ അടിസ്ഥാനപ്പെടുത്തിയുള്ളതല്ലായിരുന്നു എന്നും സ്പഷ്ടമാണ്. ഈ വിഷയത്തെ

പ്പററിയുള്ള പ്രതിപാദനം എത്രയും പരിപൂർണ്ണമായിരിക്കണമെന്ന് അഭിജ്ഞനായ ജഡ്ജി ആഗ്രഹിച്ചതിനാൽ ആയതിലേക്ക് സഭാചരിത്രത്തിൽ അദ്ദേഹത്തിനുള്ള സ്വന്തം പാണ്ഡിത്യത്തെ കൂടി ആശ്രയിച്ചു. ഇതു വിധിന്യായം റദ്ദു ചെയ്യുന്നതിന് ഒരു കാരണമല്ല.

36. കാരണം. 8.

ഫ്റീ ചർച്ച് കേസിലെ തത്വങ്ങൾ ഈ കേസിന് ബാധകമാണെങ്കിൽ, പ്രതികൾ എ. എം. ആക്ടും ഭരണഘടന സ്വീകരിക്കുന്നതിനു മുമ്പായിട്ടു തന്നെ അവ വാദികളെ ബന്ധിക്കേണ്ടതാണ്. അവർ പാത്രിയർക്കീസിന് ലൌകീകങ്ങളിൽ അധികാരം ഉണ്ടെന്നും, പാത്രിയർക്കീസിന് മാത്രമേ മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനധികാരമുള്ളു എന്നും, മൂറോൻ കൂദാശ ചെയ്യുന്നതിന് പാത്രിയർക്കീസിനു മാത്രമേ അധികാരമുള്ളു എന്നും, ഇടവക വിഭജനം പാത്രിയർക്കീസ് തന്നെ നടത്തണമെന്നും, വാദിക്കുകയും, നിയമാനുസൃതം അഭിഷേകം ചെയ്തിട്ടുള്ള കാതോലിക്കോസിനെ അവർ അംഗീകരിക്കാതിരിക്കുകയും ചെയ്തതിനാൽ ഫ്റീ ചർച്ചു കേസിലെ തത്വങ്ങൾ അവരെ ബാധിക്കുന്നതാണ്. ഈ പ്രശ്നങ്ങളെ സംബന്ധിച്ച് കീഴ്ക്കോടതിയുടെ തീരുമാനങ്ങൾ എല്ലാം വാദികൾക്കു പ്രതികൂലമായിട്ടാണ്. ആയതു കൊണ്ട് എ. എം. ആക്ട തീയതിക്കു മുമ്പായിട്ടു തന്നെ വാദികൾ സഭ വേർ പെട്ടു പോയിട്ടുള്ളവരാണെന്ന് പരിഗണിക്കേണ്ടതാണ്. കേസ്സിന്റെ ഈ വശത്തെപ്പററി അഭിജ്ഞരായ ജഡ്ജിമാർ പരിചിന്തനം ചെയ്യുന്നതിന് വിട്ടു പോയി. ഇത്രയും പ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നത്തെപ്പററി പരിചിന്തനം ചെയ്യാതിരുന്നതു രേഖയിന്മേൽ പ്രത്യക്ഷത്തിലുള്ള ഒരു പിശകാണ്

37. വാദികൾ സഭയ്ക്കു ഇതരന്മാരായി തീർന്നിട്ടില്ല എന്നുള്ള കീഴ്ക്കോടതിയുടെ തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് അപ്പീൽ പ്രതിഭാഗം അഭിഭാഷകൻ യാതൊരു പരിശ്രമവും നടത്തിയിട്ടില്ലെന്നും, വാദികൾ സഭക്ക് ഇതരന്മാരല്ലാ എന്ന് വാദസമയത്ത് സമ്മതിക്കപ്പെ

ട്ടുയെന്നും ഞങ്ങൾ ഇതിനകം തീരുമാനിച്ചു കഴിഞ്ഞു. ആയതു കൊണ്ടു് ഫ്റീ ചർച്ചു കേസ്സിലെ തത്വങ്ങൾ വാദികൾക്കു ബാധകമാകുമോ എന്ന പ്രശ്നത്തെപ്പററി പരിചിന്തനം ചെയ്യേണ്ട ആവശ്യം ഇല്ല. അതിനാൽ റവ്യൂ ഹർജി ഭാഗത്തു നിന്നും ഉന്നയിച്ചിട്ടുള്ള ഈ കാരണത്തിലും കഴമ്പൊന്നുമില്ല.

38. കാരണം 9.

പാത്രിയർക്കീസ്സന്മാരായ മാർഏലിയാസ്, മാർ അപ്രേം, എന്നിവർ ശരിയായ പാത്രിയർക്കീസ്സന്മാരാണെന്നു് വാദിക്കുന്ന വാദികൾ സഭയിലെ അംഗങ്ങൾ ആണെന്നുള്ള പ്രതികളുടെ സമ്മതത്തെ അടിസ്ഥാനപ്പെടുത്തിയാണ് ആ പാത്രിയർക്കീസന്മാർ നിയമാനുസൃതമായിട്ടുള്ള പാത്രിയർക്കീസന്മാരാണെന്നു് ജസ്റ്റീസ് സത്യനേശൻ സങ്കല്പിച്ചതു്. ഈ സങ്കല്പം തെററാണ്. ഈ തത്വം സ്വീകരിക്കുന്ന പക്ഷം കാതോലിക്കാ സ്ഥാപനം സൃഷ്ടിച്ച മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ, അദ്ദേഹത്തിന്റെ മുടക്ക് പാത്രിയർക്കീസിനാൽ തീർക്കപ്പെട്ട ശേഷം, സ്വീകരിച്ച വാദികൾ കാതോലിക്കാ സ്ഥാപനവും സ്വീകരിച്ചതായി പരിഗണിക്കണം.

39. റവ്യൂ ഹർജി ഭാഗത്തു നിന്നും ഉന്നയിച്ച 10-ാം കാരണത്തെപ്പററി പ്രതിപാദിച്ച അവസരത്തിൽ ഈ പ്രശ്നത്തെ സംബന്ധിച്ചു് ഞങ്ങൾ പരിചിന്തനം ചെയ്തിട്ടുണ്ടു്. മാർഏലിയാസ്, മാർ അപ്രേം എന്നിവരുടെ തിരഞ്ഞെടുപ്പിന്റെ സാധുതയെപ്പററി അഭിജ്ഞനായ ജഡ്ജി തീരുമാനിച്ചതു പ്രതികളുടെ സമ്മതത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയല്ലെന്നും, ആ സംഗതിയെപ്പററി കേസ്സിലുള്ള തെളിവിനെ അടിസ്ഥാനപ്പെടുത്തിയാണെന്നും ഞങ്ങൾ തീരുമാനിച്ചു. അഭിജ്ഞനായ ജഡ്ജിയുടെ നിഗമനം തെററാണെങ്കിൽ തന്നെ ആയതു് വിധിന്യായം റവ്യൂ ചെയ്യുന്നതിനു് ഒരു കാരണമല്ല.

ആയതു കൊണ്ടു് ഈ കാരണവും സ്വീകാര്യമല്ല.

40. കാരണം 10.

വേദ വിപരീതത്വത്തിനും ശീശ്മയ്ക്കും അടുത്ത പ്രവൃത്തികൾ പ്രതികൾ ചെയ്തിട്ടുണ്ടെങ്കിൽ തന്നെ, ആ പ്രവൃത്തികൾ കൊണ്ടുതന്നെ സഭയിലുള്ള അവരുടെ അംഗത്വം നഷ്ടപ്പെടുകയില്ല. അധികാരമുള്ള ഒരു വൈദീക കോടതി വിചാരണ നടത്തി ഈ പ്രവൃത്തികൾ മൂലം അവർ കുററക്കാരാണെന്നു് സ്ഥാപിക്കാതെ അവരെ സഭയ്ക്കു പുറം തള്ളപ്പെടാവുന്നതല്ല. ഈ സംഗതി പാത്രിയർക്കീസിന്റെ പ്രതിനിധിയായ വാദിഭാഗം 17-ാം സാക്ഷി സമ്മതിക്കുന്നുണ്ടു് ഡി. എ, അക്കവും ഇതിനെ അനുകൂലിക്കുന്നുണ്ടു്. ഭൂരിപക്ഷ ജഡ്ജിമാർ ഈ പ്രശ്നത്തെ പററി പരിചിന്തനം ചെയ്തില്ല. ഇതു് പ്രധാനപ്പെട്ട ഒരു പ്രശ്നത്തെ പററി പരിചിന്തനം ചെയ്യാതെ വിട്ടു പോയിട്ടുള്ളതാകയാൽ അതു് രേഖയിന്മേൽ പ്രത്യക്ഷത്തിലുള്ള ഒരു പ്രമാദമായി പരിഗണിക്കേണ്ടതാണ്.

41. വേദ വിപരീതത്വത്തിനും ശീശ്മയ്ക്കും അടുത്ത പ്രവൃത്തികൾ ചെയ്തുകൊണ്ടു് പ്രതികൾ സഭയ്ക്കു ഇതരന്മാരായി തീർന്നതായി ഭൂരിപക്ഷ ജഡ്ജിമാർ തീരുമാനിച്ചിട്ടില്ല. പ്രതികൾ സ്വമേധയാ സഭയിൽ നിന്നും വേർപെട്ടു, എം. എം. അക്ക ഭരണഘടന സ്വീകരിച്ചു് നൂതനമായ ഒരു സഭ രൂപവൽക്കരിച്ചു എന്നാണ് അവരുടെ തീരുമാനം. ഈ സാഹചര്യത്തിൽ വേദ വിപരീതത്വത്തിനും, ശീശ്മയ്ക്കും അടുത്ത പ്രവൃത്തികൾ പ്രതികൾ ചെയ്തിട്ടുണ്ടോ എന്നും അതു മൂലം അവർക്കു സഭയിലെ അംഗത്വം നഷ്ടപ്പെട്ടിട്ടുണ്ടോ എന്നുമുള്ള സംഗതികൾ പരിചിന്തനം ചെയ്യേണ്ട ആവശ്യം ഇല്ലായിരുന്നു. പ്രതികൾ എന്തെങ്കിലും വൈദീകകുററം ചെയ്തുമൂലം അവർ സഭയ്ക്കു ഇതരന്മാരായി തീർന്നു എന്നു് അഭിജ്ഞരായ ജഡ്ജിമാർ തീരുമാനിച്ചിട്ടില്ല. ഫ്റീ ചർച്ചു് കേസിലെ തത്വങ്ങൾ ഈ കേസിൽ ബാധകമാകുമോ എന്നും, എം. എം. അക്ക ഭരണഘടന സ്വീകരിച്ചതുകൊണ്ടു് പ്രതികളും അനുയായികളും സ്വമേധയാ സഭ വേർപെട്ടു പോയി നൂതനമായ ഒരു സഭ

ത്രപവൽക്കരിച്ചതായി പരിഗണിക്കാമോ എന്ന പ്രശ്നം മാത്രമേ അവർ പരിചിന്തനം ചെയ്തിട്ടുള്ളൂ. ഈ സാഹചര്യത്തിൽ പ്രതികളും അവരുടെ അനുയായികളും ചെയ്തതായി പറയുന്ന കുറ്റങ്ങളെ സംബന്ധിച്ച് ഒരു വൈദീക കോടതി വിചാരണ നടത്തിയിട്ടുണ്ടോ എന്നുള്ള പ്രശ്നം ഉദിക്കുന്നേയില്ല. ഈ സംഗതിയിൽ അഭിജ്ഞരായ ജഡ്ജിമാർക്ക് എന്തെങ്കിലും തെറ്റോ പിശകോ പറ്റിയിട്ടുള്ളതായി ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടില്ല. ഈ കേസിന്റെ ന്യായമായ തീരുമാനത്തിന് വേണ്ട ഏതെങ്കിലും പ്രശ്നത്തെപ്പറ്റി പരിഗണിക്കാതെ അവർ വിട്ടു കളഞ്ഞതായും ഞങ്ങൾ കാണുന്നില്ല. ആകയാൽ ഈ കാരണവും സ്വീകാര്യമല്ല.

42. കാരണം 11.

വേദ വിപരീത തത്വത്തിനും, ശീശ്മക്കും അടുത്ത പ്രവൃത്തികൾ പ്രതികളും അനുയായികളും ചെയ്തതായി അന്യായം 22 മുതൽ 26 വരെ ഖണ്ഡികകളിൽ പ്രസ്താവിക്കുകയും, ഈ സംഗതികളെപ്പറ്റി വാദമുഖങ്ങൾ ഏർപ്പെടുത്തുകയും, കീഴ്കോടതി തീരുമാനങ്ങൾ രേഖപ്പെടുത്തുകയും ആയതിന്മേൽ അപ്പീൽ ബോധിപ്പിക്കുകയും ചെയ്തിരുന്നു എങ്കിലും ഭൂരിപക്ഷ ജഡ്ജിമാർ ഈ സംഗതിയെപ്പറ്റി പരിഗണിക്കാതെ വിട്ടു കളഞ്ഞു. പ്രധാനമായ ഒരു വാദമുഖത്തെ സംബന്ധിച്ച് പരിചിന്തനം ചെയ്യാതെ വിടുകയായിരുന്നു ഇത്.

43. ഈ സംഗതിയെപ്പറ്റി ഞങ്ങൾ 10-ാം കാരണം പരിചിന്തനം ചെയ്ത അവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ വാദത്തിൽ യാതൊരു കഴമ്പും ഇല്ല.

44. കാരണം. 12.

എ. എം. അക്കഭരണഘടനയിൽ പാത്രിയക്കീസിന്റെ അധികാരത്തെ പ്രതികൾ നിഷേധിച്ചു എന്നുള്ള ഭൂരിപക്ഷ ജഡ്ജിമാരുടെ ധാരണ തെറ്റാണ്. എ. എം. അക്കത്തിൽ

പാത്രിയക്കീസിനെ "അന്ത്യോഖ്യായിലെ" പാത്രിയർക്കീസ് എന്ന് വിവരിക്കാതിരുന്നത് മനപ്പൂർവ്വമാണെന്നുള്ള സൂചന അടിസ്ഥാനരഹിതമാണ്. പാത്രിയക്കീസിനെ കാനോനികമായി തിരഞ്ഞെടുക്കപ്പെടണമെന്നും, അപ്രകാരം തിരഞ്ഞെടുക്കപ്പെടാത്ത പാത്രിയക്കീസിനെ സ്വീകരിക്കുന്നതിന് ബാദ്ധ്യസ്ഥരല്ലെന്നാണ് പ്രതിഭാഗം കേസ്സ്. പാത്രിയക്കീസന്മാരായ മാർ ഏലിയാസ്, മാർ അപ്രേം എന്നിവരുടെ തിരഞ്ഞെടുപ്പുകളിലേക്ക് മലങ്കരസഭക്ക് ക്ഷണനം ഇല്ലാതിരുന്നതുകൊണ്ട് അവരെ കാനോനികമായി തിരഞ്ഞെടുക്കപ്പെട്ട പാത്രിയക്കീസന്മാരല്ലെന്നും കൂടി പ്രതികൾ വാദിക്കുന്നുണ്ട്. 65 അക്കം അടിസ്ഥാനപ്പെടുത്തി, മാർ അപ്രേമിന്റെ തിരഞ്ഞെടുപ്പിന് മാർ ഗീവറുഗീസ് ദിവന്നാസ്യോസിനെ ക്ഷണിച്ചിരുന്നു എന്ന തീരുമാനിച്ചതിൽ അഭിജ്ഞരായ ജഡ്ജിമാർക്ക് തെറ്റിപ്പോയി. തിരഞ്ഞെടുപ്പുതീയതിക്ക് വളരെ മുമ്പായി അയച്ച ഒരു കത്താണ് അത്. ഈ പാത്രിയക്കീസന്മാരെ പ്രതികൾ സ്വീകരിക്കാത്തതുമൂലം പാത്രിയക്കീസിന്റെ അധികാരത്തെ നിഷേധിച്ചതായി പരിഗണിക്കാവുന്നതല്ല. എ. എം. അക്കത്തിൽ പാത്രിയർക്കീസിന്റെ അധികാരത്തെപ്പറ്റി നിർവചനം ചെയ്തിട്ടില്ല. കാനോൻ നിയമങ്ങൾ അനുസരിച്ച് പാത്രിയർക്കീസിനുള്ള അധികാരങ്ങൾ എ. എം. അക്കം എടുത്തുകളഞ്ഞിട്ടില്ല. കേസിന്റെ ഈ വശങ്ങളെപ്പറ്റി അഭിജ്ഞരായ ജഡ്ജിമാർ പരിഗണിക്കാതെ വിട്ടുകളഞ്ഞു. ഇതു രേഖയിന്മേൽ പ്രത്യക്ഷത്തിലുള്ള ഒരു പിശകാണ്.

45. ഈ കാരണത്തിൽ അടങ്ങിയിട്ടുള്ള പ്രശ്നങ്ങൾ പ്രത്യേകം പ്രത്യേകമായി പരിഗണിക്കാം. എ. എം. അക്കം ഏതുവിധത്തിലാണ് പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിക്കുന്നത് എന്ന് ജസ്റ്റീസന്മാരായ നോക്സും, സത്യനേശനും കാണിക്കുന്നുണ്ട്. ഞങ്ങൾ അത് സംഗ്രഹിച്ച് പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് ആവർത്തിക്കേണ്ട ആവശ്യമില്ല. അഭിജ്ഞരായ ജസ്ജിമാരുടെ തീരുമാനങ്ങൾ ശരിയാണോ അല്ലയോ എന്ന പ്രശ്നം ഈ റവ്യൂഹർജിസംഗതിയിൽ ഞങ്ങൾ പരിഗണിക്കേണ്ട ആവശ്യമില്ല

അവരുടെ തീരുമാനങ്ങൾ സങ്കല്പങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതല്ല. ഓരോ പ്രശ്നവും സുദീർഘമായി പ്രതിപാദിച്ചതിനുശേഷം മാത്രമാണ് അവരുടെ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. പാത്രിയർക്കീസിന്റെ വിവരണത്തിൽ "അന്ത്യോഖ്യ" എന്ന പദം വിട്ടുകളഞ്ഞതു് മനപൂർവ്വമാണെന്നുള്ള വാദിഭാഗത്തെ സൂചന കേവലം അടിസ്ഥാനരഹിതമല്ലെന്നാണ് പ്രതിഭാഗം 28-ാം സാക്ഷിയുടെ മൊഴി ചൂണ്ടിക്കാണിച്ചുകൊണ്ട് ജസ്റ്റീസ് നോക്സ് പറയുന്നതു്. എ. എം. അക്കത്തിൽ "അന്ത്യോഖ്യ" എന്ന പദം വിട്ടുകളഞ്ഞതു് ഒരു പിശകുമൂലം സംഭവിച്ചതല്ലെന്നു തീരുമാനിക്കുന്നതിന് ജസ്റ്റീസ് സത്യനേശൻ മററുകാരണങ്ങൾ പറയുന്നുണ്ട്. ഏതായാലും എ. എം. അക്കത്തിൽ പ്രസ്താവിച്ചിട്ടുള്ള പാത്രിയർക്കീസ് അന്ത്യോഖ്യാ പാത്രിയർക്കീസാണെന്നുള്ള സങ്കല്പത്തിലാണ് എ. എം. അക്കത്തിൽ പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിക്കുന്നുണ്ടോ എന്നുള്ള പ്രശ്നത്തെപ്പററി രണ്ടുജഡ്ജിമാരും പരിചിന്തനം ചെയ്തിട്ടുള്ളതു്. പാത്രിയർക്കീസ്സിനെ കാനോനികമായി തിരഞ്ഞെടുക്കപ്പെട്ടതോ എന്ന് അവർ പറയുന്നില്ല. 1915 ന് ശേഷം നിയമാനുസൃതമായും കാനോനികമായും ഒരു പാത്രിയർക്കീസിനെ അഭിഷേകം ചെയ്തിട്ടില്ലെന്നുള്ള പ്രതിഭാഗം തർക്കത്തെപ്പററി ജസ്റ്റീസ് നോക്സ് പ്രത്യേകം പരാമർശിക്കുന്നുണ്ട്. (P 706) പാത്രിയർക്കീസന്മാരുടെ തിരഞ്ഞെടുപ്പ്, അഭിഷേകം, സ്വീകരണം എന്നിവയെപ്പററിയുള്ള തെളിവുകൾ കൂടി പരാമർശിക്കേണ്ടതു് ആവശ്യമാണെന്ന് അദ്ദേഹം 707-ാം വശത്തു് പറയുകയും, അദ്ദേഹത്തിന്റെ തീരുമാനങ്ങൾ 709-ം 710-ം വശങ്ങളിൽ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. ട്രസ്റ്റ്വസ്തുക്കളുടെ ഗുണാനുഭവക്കാർ യഥാർത്ഥത്തിൽ ഭരണം നടത്തുന്ന (നിയമാനുസൃതം ആണെങ്കിലും അല്ലെങ്കിലും) ഏക പാത്രിയർക്കീസ്സിന്റെ കീഴിലുള്ള സഭയാണെന്ന് ഓർക്കുമ്പോൾ, പാത്രിയർക്കീസ്സിന്റെ തിരഞ്ഞെടുപ്പിന്റെ സാധുതയെപ്പററിയുള്ള തർക്കം വെറും ഒരു വാദവിഷയമായി മാത്രം അവശേഷിക്കുകയാണ് ചെയ്യുന്നതു" എന്നദ്ദേഹം പ്രസ്താവിക്കുന്നു.

ഇതു മററു സംഗതികളുടെ കൂട്ടത്തിലുള്ള ഒരു പ്രസ്താവനമാത്രമാണ്. പാത്രിയർക്കീസ്സന്മാരെ ശരിയായും നിയമാനുസ്സരണവും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതാണെന്ന് അഭിജ്ഞരായ ജഡ്ജിമാർ ഖണ്ഡിതമായി തീരുമാനിച്ചിട്ടുണ്ട്. മാർ ഏലിയാസിനേയും മാർ അപ്രേമിനേയും തിരഞ്ഞെടുക്കപ്പെട്ടതിനുള്ള തെളിവിനെപ്പററി രണ്ടു ജഡ്ജിമാരും പ്രതിപാദിച്ചിട്ടുണ്ട്. ഇതിനെപ്പററി പ്രതികൾ ഉന്നയിച്ചിട്ടുള്ള തർക്കത്തെപ്പററി 756-ാം വശത്തു ജസ്റ്റീസ് സത്യനേശൻ പരാമർശിക്കുന്നുണ്ട്, .796 ാം വശത്തു് അദ്ദേഹം ഇപ്രകാരം പറയുന്നു.

"ആയതിനാൽ, അന്ത്യോഖ്യയുടെയും കിഴക്കിന്റെയും യാക്കോബായ സഭയുടെ പാത്രിയർക്കീസന്മാരായി നിയമാനുസൃതമായും, കാനോനികമായും മാർ ഏലിയാസിനേയും മാർ അപ്രേമിനേയും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതാണെന്നുള്ളതു് സംശയരഹിതമാണ്.

ഈ പാത്രിയർക്കീസന്മാരുടെ തിരഞ്ഞെടുപ്പിന് മലങ്കരസഭയ്ക്കു് ക്ഷണനം ഉണ്ടായിരുന്നോ എന്ന് രണ്ടു ജഡ്ജിമാരും തീരുമാനിച്ചിട്ടുണ്ട്. (Nokes. J. at. P. P. 708, 710 and Sathianesan. J. at. P. P. 795 and 796) മാർ അപ്രേമിന്റെ തിരഞ്ഞെടുപ്പിന് മലങ്കര സഭയ്ക്കും ക്ഷണനം ഉണ്ടായിരുന്നോ എന്നുള്ള വസ്തുതയെപ്പററിയുള്ള തെളിവുകൾ പരാമർശിച്ച അവസരത്തിൽ മാർ ഗീവറുഗീസ് ദിവന്നാസ്സ്യോസിനെ ക്ഷണിച്ചിരിക്കുവാൻ ഇടയുണ്ടെന്ന് കാണിക്കുന്നതിനു ഒരു തെളിവായി 65 അക്കം എഴുത്തുകൂടി ചൂണ്ടിക്കാണിച്ചു എന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ യഥാർത്ഥത്തിൽ 65 അക്കം എഴുത്തു തിരഞ്ഞെടുപ്പിന് കുറെ മുമ്പു് അയച്ചിട്ടുള്ളതാണ്. ഇതു് വളരെ നിസ്സാരമായ ഒരു പിശകാണ്. ഈ പ്രശ്നത്തെപ്പററിയുള്ള മററു തെളിവുകളായ വാദിഭാഗം 17-ാം സാക്ഷിമൊഴി, പ്രതിഭാഗം 27-ാം സാക്ഷിമൊഴി CF അക്കം എന്നിവയെപ്പററി ജസ്റ്റീസ് നോക്സ് പരാമർശിക്കുന്നുണ്ട്. മാർ ഗീവറുഗീസ് ദിവന്നാസ്യോസിന് ക്ഷണനം കിട്ടിയിരിക്കാൻ സാദ്ധ്യതയുണ്ടെന്നുമാത്രമേ അഭിജ്ഞനായ ജഡ്ജി പറയുന്നുള്ളു. ക്ഷണനം അദ്ദേഹത്തിന്

കിട്ടിയിരിക്കാൻ വളരെ സാദ്ധ്യതയുണ്ടെന്നാണ് ജസ്റ്റീസ് സത്യനേശൻ പറയുന്നത്. അദ്ദേഹവും രണ്ടു പാത്രിയർക്കീസന്മാരുടെ തിരഞ്ഞെടുപ്പുകൾക്കും മലങ്കര സഭയ്ക്കു ക്ഷണനം ഉണ്ടായിരുന്ന എന്നുള്ളതിന്റെ തെളിവുകളെ പ്രതിപാദിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മാർ ഗീവറുഗീസ് ദിവന്നാസ്യോസ് അയച്ച 65 അക്കം എഴുത്തിന്റെ തീയതിയിൽ വന്നിട്ടുള്ള പ്രമാദം കേസിലെ തീരുമാനങ്ങളിൽ യാതൊന്നിനേയും ബാധിച്ചിട്ടില്ല. മാർ ഏലിയാസും മാർ അപ്രേമും നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ട പാത്രിയർക്കീസന്മാരാണെന്നുള്ള തീരുമാനത്തിന്റെ വെളിച്ചത്തിൽ, പ്രതികളും അനുയായികളും പാത്രിയക്കീസിന്റെ അധികാരത്തെ നിഷേധിച്ചു എന്നു പിന്നീടുള്ള തീരുമാനം തെററായ സങ്കല്പങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണെന്ന് പറയാവുന്നതല്ല. എ. എം. അക്കത്തിലെ എല്ലാ വ്യവസ്ഥകളും പരിശോധിച്ചതിനുശേഷം, ആ ഭരണഘടനയനുസരിച്ച പാത്രിയർക്കീസിന് യഥാർത്ഥമായ യാതൊരധികാരവും ബാക്കിയില്ലെന്നുള്ള അഭിജ്ഞരായ ജഡ്ജിമാരുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പാത്രിയക്കീസിന്റെ അധികാരങ്ങൾ എ. എം. അക്കത്തിൽ നിർവചിച്ചിട്ടില്ലെന്നുള്ള തക്കത്തിന് യാതൊരു കഴമ്പും ഇല്ല. മേൽപ്രസ്താവിച്ച കാരണങ്ങളാൽ റവ്യൂഹർജിഭാഗത്തുനിന്നും ഈ കാരണത്തിൽ ഉന്നയിച്ചിട്ടുള്ള എല്ലാ തക്കങ്ങളും നിലനിൽക്കത്തക്കതല്ലെന്നു ഞങ്ങൾ തീരുമാനിക്കുന്നു.

46. കാരണം. 13.

കക്ഷികൾ ഉന്നയിക്കപ്പെടാത്തതും, ഇരുകക്ഷികളുടേയും സമ്മതപ്രകാരം വാദത്തിൽനിന്നും ഒഴിവാക്കപ്പെട്ടതുമായ പ്രശ്നങ്ങളെപ്പററി ഭൂരിപക്ഷ ജഡ്ജിമാർ പരിചിന്തനം ചെയ്തു. പ്രതികളും അവരുടെ അനുയായികളും സഭ വേർപെട്ടു പോയിട്ടുള്ളവരാണെന്നുള്ള വാദിയുടെ വാദം അന്യായം 22-ം 26-ം ഖണ്ഡികകളിൽ പ്രസ്താവിച്ചിട്ടുള്ള കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു.

കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായായും 1-ാം പ്രതിയുടെ അവകാശം, അദ്ദേഹത്തിന്റെ മൂറോൻ കൂദാശ, പാത്രിയക്കീസിന്റെ കൈവയ്പ്പു കൂടാതെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനാഭിഷേകം കാതോലിക്കാസ്ഥാപനം സൃഷ്ടിക്കുക, റശീശാ പിരിക്കുക മുതലായ കാര്യങ്ങൾ ആണ് 22-ാം ഖണ്ഡികയിൽ പ്രസ്താവിച്ചിട്ടുള്ളത്. മൂറോൻ കൂദാശ, മെത്രാൻ സ്ഥാനാഭിഷേകം, സ്താത്തിക്കോൻ, ഇടവകവിഭജനം, റശീസാപിരിവ് എന്നിവയിൽ മലങ്കര യാക്കോബായ സഭക്ക് എതിരായ തത്വങ്ങളും വിശ്വാസങ്ങളും ഉൾക്കൊള്ളുന്ന ഒരു നൂതന സഭ രൂപവൽക്കരിച്ചതിനെപ്പററിയാണ് 26-ാം ഖണ്ഡിക. ഈ വാദങ്ങൾ എല്ലാം പ്രതികൾ നിഷേധിച്ചു. ഈ വാദങ്ങളെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടായിരുന്ന കേസ്സിലെ വാദമുഖരേഖ തയ്യാറാക്കിയിട്ടുള്ളത്. ഈ വാദങ്ങൾക്കുവേണ്ടി 11 മുതൽ 11(J) വരെയുള്ള വാദമുഖങ്ങൾ ഏർപ്പെടുത്തി. പാത്രിയക്കീസ് മലങ്കര യാക്കോബായ സഭയുടെ വൈദീക തലവനാണോ, അതോ ആത്മീകതലവൻ മാത്രമാണോ എന്നതിനെപ്പററിയാണ് 11-ാം വാദമുഖം. പാത്രിയക്കീസിന്റെ വൈദീകമോ, ആത്മീകമോ ആയ അധികാരത്തിന്റെ സ്വഭാവം, വ്യാപ്തി എന്നിവയേപ്പററിയാണ് 11 (a) വാദമുഖം. മെത്രാപ്പോലീത്തന്മാരുടെ അഭിഷേകം, കൈവയ്പ്, മൂറോൻകൂദാശ, ഇടവകവിഭജനം, മലങ്കര മെത്രാപ്പോലീത്തായുടെ തിരഞ്ഞെടുപ്പ്, അഭിഷേകം, റശീസാപിരിവ്, സഭാവസ്തുക്കളുടെ ദുർഭരണമോ, അപഹരണമോ ഉണ്ടാകുമ്പോൾ ആത്മീയശിക്ഷ നൽകുന്നതിനുള്ള അധികാരം എന്നിവയേപ്പററിയാണ്. 11 (b) മുതൽ 11 (J) വരെയുള്ള വാദമുഖങ്ങൾ. പാത്രിയക്കീസിന്റെ പൊതുവായ ആത്മീകവും വൈദീകവും ആയ അധികാരത്തെപ്പററിയുള്ള 11-ം 11-ം (a) വാദമുഖങ്ങൾ പരിചിന്തനം ചെയ്യേണ്ടയാവശ്യം ഇല്ലെന്നു ഇരുഭാഗക്കാരും സമ്മതിച്ചതിനാൽ കീഴ്കോടതി അവ തീരുമാനിച്ചില്ല. 11 (a) മുതൽ 11 (J) വരെയുള്ള വാദമുഖങ്ങളിൽ ഉൾപ്പെടുന്ന പ്രശ്നങ്ങൾ മാത്രമേ കീഴ്ക്കോടതി പരിചിന്തനം ചെയ്തിട്ടുള്ളു. എന്നാൽ ഭൂരിപക്ഷ ജഡ്ജിമാർ, ഇരുഭാഗക്കാരുടേയും സമ്മതത്തെ അടിസ്ഥാനപ്പെടുത്തി കീഴ്ക്കോടതി

പരിചിന്തനം ചെയ്യാതിരുന്നതും പാത്രിയർക്കീസിന്റെ അധികാരത്തെപ്പററിയുള്ളതുമായ വാദമുഖങ്ങളേ കൂടി അടിസ്ഥാനപ്പെടുത്തിയാണ് അവരുടെ തീരുമാനങ്ങൾ ചെയ്തിട്ടുള്ളതു ഇതു് രേഖയിന്മേൽ പ്രത്യക്ഷത്തിലുള്ള ഒരു തെററു് ആണ്.

47. ഈ തർക്കത്തിന്റെ പ്രതിവാദനീയത്വം മനസ്സിലാക്കുന്നതിനുവേണ്ടി, എ. എം. അക്കം പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിക്കുന്നു എന്നു തീരുമാനിക്കുന്നതിനു് ജഡ്ജിമാരായ നോക്സും, സത്യനേശനും ആശ്രയിക്കുന്ന കാരണങ്ങൾ പരിശോധിക്കേണ്ടതു് ആവശ്യമാണ്. അവയെപ്പററി ഞങ്ങൾ പ്രസ്താവിച്ചു കഴിഞ്ഞതാണ്. ജസ്ററീസ് നോക്സിന്റെ തീരുമാനം താഴെ പറയുന്നവയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.

(1) പാത്രിയർക്കീസിന്റെ അംഗീകാരംഇല്ലാതെ കാതോലിക്കായെ അഭിഷേകം ചെയ്തു.

(2) മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കു് തിരഞ്ഞെടുക്കപ്പെടുന്ന ആളിനെ [illegible] മതിക്കുന്നതിനുള്ള പാത്രിയർക്കീസിന്റെ അധി[illegible]ന്മൂലനം ചെയ്തു.

(3) കാതോലിക്ക[illegible]പ്പോലീത്തന്മാരെ വാഴിക്കുകയും സ്ഥാത്തിക്കോൻ കൊടുക്കുകയും ചെയ്തു.

(4) റശീസ്സാ പിരിക്കുന്നതിനുള്ള അവകാശം.

ജസ്റ്റീസ് സത്യനേശൻ ആശ്രയിക്കുന്ന കാരണങ്ങൾ.

(1) പാത്രിയർക്കീസിന്റെ അനുമതികൂടാതെ കാതോലിക്കായെ വാഴിച്ചു.

(2) കിഴക്കിന്റെ ഓർത്തഡോക്സ് സിറിയൻ സഭയുടെ പരമാദ്ധ്യക്ഷനായി കാതോലിക്കായെ നിയമിച്ചു.

(3) റശീസ്സാ പിരിക്കുന്നതിനുള്ള അവകാശം.

(4) മെത്രാപ്പോലീത്തന്മാരെ വാഴിക്കുക.

യഥാർത്ഥത്തിൽ രണ്ടു ജഡ്ജിമാരും താഴെപ്പറയുന്നവയിലാണ് ആശ്രയിച്ചിരിക്കുന്നതു്.

(1) കാതോലിക്കായുടെ അഭിഷേകവും അദ്ദേഹത്തിന്റെ അധികാരങ്ങളും

(2) മലങ്കര മെത്രാപ്പോലീത്തായുൾപ്പെടെയുള്ള മെത്രാപ്പോലീത്തന്മാരെ അഭിഷേകം ചെയ്യുക.

(3) റശീസാ പിരിക്കുന്നതിനുള്ള അവകാശം.

ഈ പ്രശ്നങ്ങൾ 11 (b), 11 (e), 11 (g), 11 (h), ഈ വാദമുഖങ്ങളിൽ ഉൾക്കൊള്ളുന്നതാണ്. 11 (b)യും 11 (e)യും വാദമുഖങ്ങൾ മെത്രാപ്പോലീത്തന്മാരുടെ അഭിഷേകം, കാതോലിക്കായുടെ അധികാരം എന്നിവയെപ്പററിയുള്ളതാണ്. വാദമുഖം 11 (g) മലങ്കര മെത്രാപ്പോലീത്തായുടെ അഭിഷേകത്തെപ്പററിയുള്ളതാകുന്നു. റശീസായെപ്പററിയുള്ള വാദമുഖം 11(h) ആണ്. ഈ വാദമുഖങ്ങൾ എല്ലാം കീഴ്ക്കോടതിയിൽ പരിചിന്തനം ചെയ്തിട്ടുള്ളതാണ്. കക്ഷികളുടെ സമ്മതപ്രകാരം കീഴ്ക്കോടതിയിൽ വിചാരണയിൽനിന്നും ഒഴിച്ചിട്ടുള്ള പ്രശ്നങ്ങളെപ്പററി അഭിജ്ഞരായ ജഡ്ജിമാർ പരിചിന്തനം ചെയ്തു എന്ന തർക്കത്തിനു് യാതൊരടിസ്ഥാനവും ഇല്ല. അഭിജ്ഞരായ ജഡ്ജിമാർ പരിഗണിച്ചിട്ടുള്ള പ്രശ്നങ്ങൾ മേൽ പ്രസ്താവിച്ച വാദമുഖങ്ങൾ, കൂടാതെ കേസിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ കീഴ്ക്കോടതി പരിചിന്തനം ചെയ്തിട്ടുള്ളതുമായ മററു വാദമുഖങ്ങളിലും ഉൾക്കൊണ്ടിട്ടുണ്ടു്. അവ 10 (h), 14, 15, 16 ഈ വാദമുഖങ്ങളാണ്. 10 (h) താഴെ കാണിച്ചിരിക്കുന്ന പ്രകാരമാണു്.

"കാതോലിക്കാ സ്ഥാപനത്തിന്റെ പുനരുദ്ധാരണശേഷം, പട്ടത്വം നൽകുക, മലങ്കരമെത്രാപ്പോലീത്തായെയും മലങ്കരെയുള്ള മററു മെത്രാന്മാരേയും നിയമിക്കുക എന്നിവയിൽ പാത്രിയർക്കീസിനു് എന്തെങ്കിലും അധികാരം ഉണ്ടായിരുന്നെങ്കിൽ അവ കാതോലിക്കായിൽനിക്ഷിപ്തമായിട്ടുണ്ടോ?"

14-ാം വാദമുഖം ഇതാണ്.

"താഴെ പറയുന്ന 1-ാം പ്രതിയുടെ പ്രവർത്തികൾ എല്ലാം, അല്ലെങ്കിൽ ഏതെങ്കിലും, പാത്രിയർക്കീസിന്റെ അധികാരത്തെ പ്രത്യക്ഷത്തിൽ നിഷേധിക്കുന്നതിനു് തുല്യമാണോ? അവ യാക്കോബായ സുറിയാനി സഭയുടെ വിശ്വാസത്തിനു് വിപരീതമാണോ? അവ വേദവിപരീതത്തിനു് തുല്യമാണോ? അവ മൂലം അവർ തനിയേ വേദവിപരീതികളാകുകയും സഭയ്ക്കു് ഇതരന്മാരാകുകയും ചെയ്തിട്ടുണ്ടോ?

(1) 1-ാം പ്രതി കാതോലിക്കോസാണെന്നുള്ള അവകാശവാദം

(2) അദ്ദേഹം മലങ്കര മെത്രാനാണെന്നുള്ള ...

(3) 1-ാം പ്രതിക്ക് മൂറോൻകൂദാശ ചെയ്യുന്നതിനധികാരമുണ്ടെന്നുള്ള വാദവും, അപ്രകാരം കൂദാശനടത്തി വരുന്നതും,

(4) 1-ാം പ്രതി റശീസാ പിരിച്ചെടുത്തതു്.

15-ാം വാദമുഖം ഇപ്രകാരമാണു്.

"15 (a) ഒന്നാം പ്രതിയും അദ്ദേഹത്തിന്റെ അനുയായികളും പുരാതന യാക്കോബായ സുറിയാനി സഭയിൽ നിന്നും സ്വമേധയാ വേർപെട്ടുപോയിട്ടുണ്ടോ?

(b) മലങ്കര ഓർത്തഡോക്സ് സഭ എന്ന നാമധേയത്തിൽ അവർ ഒരു പുതിയ സഭ രൂപവൽക്കരിച്ചിട്ടുണ്ടോ?

(c) മൂറോൻ കൂദാശ ചെയ്യുന്നതിനും, മേൽപട്ടക്കാരെ വാഴിക്കുന്നതിനും, സ്താത്തിക്കോൻ നൽകുന്നതിനും, ഇടവക വിഭജിക്കുന്നതിനും, റശീസാ പിരിക്കുന്നതിനും കാതോലിക്കായ്ക്കു് അധികാരം നൽകുന്നതായ ഒരു ഭരണഘടന പുതിയ സഭയ്ക്കു് അവർ അംഗീകരിച്ചിട്ടുണ്ടോ?

(d) ഈ അധികാരങ്ങളും അവകാശങ്ങളും പാത്രിയർക്കീസിനു് മാത്രമായിട്ടുള്ളവയല്ലേ.? ഈ അധികാരങ്ങൾ ഒന്നാം പ്രതിക്കുണ്ടെന്നു അവകാശപ്പെടുന്നതുമൂലം പാത്രിയർക്കീസിനെ നിഷേധിച്ചിട്ടുണ്ടോ?

(e) കാതോലിക്കാ സ്ഥാപനം ആദ്യമായിട്ടാണോ മലങ്കരയിൽ അവർ സ്ഥാപിച്ചതു്. മേൽ പ്രസ്താവിച്ച പ്രവൃത്തികൾ, തെളിയുന്നപക്ഷം, അവ വേദവിപരീതങ്ങളായി നടത്ത പ്രവൃത്തികളാണോ?

16-ാം വാദമുഖം ഇതാണു്.

"16 (a) പുരാതന യാക്കോബായ സുറിയാനി സഭയിലെ അംഗത്വം പ്രതികൾക്കു് നഷ്ടപ്പെട്ടിട്ടുണ്ടോ?

(b) സഭയുടെ ട്രസ്റ്റികളായോ മറ്റേതെങ്കിലും ഉദ്യോഗത്തിലോ ഇരിക്കുന്നതിനുള്ള പ്രതികളുടെ അവകാശം നഷ്ടപ്പെട്ടിട്ടുണ്ടോ?

(c) മലങ്കര യാക്കോബായ സമുദായത്തിന്റെ ട്രസ്റ്റ്വസ്തുക്കളുടെ ഗുണാനുഭവസ്ഥർ ആയിരിക്കുന്നതിനുള്ള അവരുടെ അവകാശം നഷ്ടപ്പെട്ടിട്ടുണ്ടോ?"

ഈ വാദമുഖങ്ങളിൽ ഏതെങ്കിലും ഒന്നിലെങ്കിലും ഉൾപ്പെടാത്ത യാതൊരു പ്രശ്നവും അഭിജ്ഞരായ ജഡ്ജിമാർ പരിചിന്തനം ചെയ്തിട്ടില്ല. മലങ്കരസഭയിൽ പാത്രിയർക്കീസിനുള്ള ഏതെല്ലാം അധികാരങ്ങളെപ്പറ്റിയും പൊതുവായും സമഗ്രമായും തീരുമാനിക്കേണ്ട ആവശ്യമില്ലെന്നു് മാത്രമാണു് കീഴ്ക്കോടതിയിൽ ഇരുഭാഗക്കാരും കൂടി സമ്മതിച്ചിട്ടുള്ളതു്. ജില്ലാജഡ്ജി അദ്ദേഹത്തിന്റെ വിധിന്യായം 60-ാം വകുപ്പിൽ ഇപ്രകാരമാണു് പറയുന്നതു്.

"മലങ്കര ഉൾപ്പെടെയുള്ള ആകമാന യാക്കോബായ സഭയുടെ ആത്മീകമോ, വൈദികമോ ആയ പരമാധികാരി എന്ന നിലയിൽ പാത്രിയർക്കീസിനു് മലങ്കരസഭയിൽ ഉള്ള എല്ലാ അധികാരാവകാശങ്ങളേയും പററി പരിപൂർണ്ണമായി നിർവ്വചനം ചെയ്യുകയോ, അവയെപ്പററി പൊതുവായും സമഗ്രമായും ചർച്ച ചെയ്യുകയോ, തീരുമാനം ചെയ്യുകയോ ചെയ്യേണ്ട ആവശ്യം ഈ കേസിനെ സംബന്ധിച്ചിടത്തോളം ഇല്ലെന്നു് ഇരുഭാഗം അഡ്വക്കേററന്മാരും പ്രസ്താവിച്ചു. അപ്രകാരം ചെയ്യുന്നതു് ഈ കോടതിയുടെ അധികാരവ്യാപ്തിയിൽ ഉൾപ്പെട്ടതല്ലെന്നു എനിക്കും തോന്നുന്നു."

ജഡ്ജിമാരായ നോക്സും, സത്യനേശനും "പാത്രിയർക്കീസിനു് മലങ്കര സഭയിൽ ഉള്ള എല്ലാ അധികാരാവകാശങ്ങളെപ്പററിയും പരിപൂർണ്ണമായി നിർവചനം ചെയ്യുകയോ, അവയെപ്പററി പൊതുവായും സമഗ്രമായും ചർച്ച ചെയ്യുകയോ തീരുമാനിക്കുകയോ" ചെയ്തിട്ടില്ല. കീഴ്ക്കോടതിയുടെ പരിശോധനക്കു് വിഷയമായ വാദമുഖങ്ങളിൽ ഉൾപ്പെട്ട പാത്രിയർക്കീസിന്റെ പ്രത്യേക അധികാരങ്ങളെപ്പററിയുള്ള പരിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണു് മുമ്പു് പ്രസ്താവിച്ചിട്ടുള്ളതുപോലെ അഭിജ്ഞനായ

ജഡ്ജി തീരുമാനം ചെയ്തിട്ടുള്ളതു്. ഈ അധികാരങ്ങൾ എം. എം. അക്ക ഭരണഘടനപ്രകാരം പരിമിതപ്പെടുത്തുകയോ ഉന്മൂലനം ചെയ്യുകയോ ചെയ്തു എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. പ്രതികളുടെ കക്ഷി സഭക്കു് ഇതരന്മാരായിത്തീർന്നു എന്നു തീരുമാനിക്കുന്നതിനു് കൂടുതലായി രണ്ടുകാരണങ്ങൾകൂടി ജസ്റ്റീസ് നോക്സ് 735-ാം വശത്തു് പ്രസ്താവിക്കുന്നുണ്ടു് എന്നുള്ളതു് പരമാർത്ഥമാണു് ആ രണ്ടു കാരണങ്ങൾ ഇവയാണു്.

(1) ഭരണം നടത്തുന്ന പാത്രിയർക്കീസിനെ പ്രതികൾ അംഗീകരിക്കുന്നില്ല.

(2) സഭയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള കാനോൻ അവർ നിഷേധിച്ചു.

ഈ രണ്ടു സംഗതികളും പാത്രിയർക്കീസിന്റെ അധികാരത്തെ സ്പർശിക്കുന്നവയല്ല. ഒന്നാമത്തെ പോയിന്റു് പാത്രിയർക്കീസന്മാരായ മാർ ഏലിയാസ്, മാർ അപ്രേം എന്നിവരെ നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ടവരാണോ എന്ന പ്രശ്നത്തെ സംബന്ധിച്ചാണു്. ഇതു 24-ം 25-ം വാദമുഖങ്ങളിൽ ഉൾക്കൊള്ളുന്നു. രണ്ടാമത്തെ പോയിന്റു് 13-ാം വാദമുഖത്തിൽ അടങ്ങിയിട്ടുള്ളതാണു്. ഈ വാദമുഖങ്ങളെപ്പററി കീഴ്ക്കോടതിയിൽ വിചാരണ നടന്നിട്ടുണ്ടു്. പാത്രിയർക്കീസ് സഭയുടെ ആത്മീക മേലധ്യക്ഷനാണെന്നും, വിശ്വാസ സംബന്ധമായ കാര്യങ്ങൾ തീരുമാനിക്കുന്നതിനുള്ള അധികാരം കാതോലിക്കാ അധ്യക്ഷനായുള്ള മലങ്കര സുന്നഹദോസിൽ നിക്ഷിപ്തമാക്കുന്നതിനു് എം. എം. അക്ക ഭരണഘടനയിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു എന്നും ജസ്റ്റീസ് നോക്സ് പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതും പരമാർത്ഥമാണു്. എന്നാൽ പാത്രിയർക്കീസ് സഭയുടെ ആത്മീക പരമാധികാരിയാണെന്നുള്ള വസ്തുത പ്രതികൾ നിഷേധിച്ചിട്ടില്ല. ഇതു അവർ വാദമുഖരേഖയിൽ സമ്മതിച്ചിട്ടുള്ളതു കൊണ്ടു് ആയതിനു് വാദമുഖം ഏർപ്പെടുത്തിയിട്ടില്ല. ആയതു കൊണ്ടു് ജസ്റ്റീസ് നോക്സിന്റെ ഈ പ്രസ്താവന, കക്ഷികളുടെ സമ്മതത്തിന്മേൽ കീഴ്ക്കോടതിയിലെ വിചാരണയിൽ നിന്നും ഒഴിവാക്കപ്പെട്ട ഏതെങ്കിലും

വാദമുഖത്തെപ്പററിയുള്ള ഒരു പരിചിന്തനമായി പരിഗണിക്കാവുന്നതല്ല. അഭിജ്ഞന്മാരായ ജഡ്ജിമാർ, കക്ഷികൾ ഉന്നയിക്കാത്ത വാദമുഖങ്ങളെപ്പററി പരിചിന്തനം ചെയ്തു എന്നും, കക്ഷികളുടെ സമ്മതപ്രകാരം കീഴ്ക്കോടതിയിൽ വിചാരണയിൽ നിന്നും ഒഴിവാക്കപ്പെട്ട വാദമുഖങ്ങൾ അവർ പരിഗണിച്ചു എന്നും ഉള്ള ആക്ഷേപത്തിനു് യാതൊരു അടിസ്ഥാനവും ഇല്ല. അതിനാൽ ഈ ആക്ഷേപവും ശരിയാകുന്നതല്ല.

47. കാരണം. 14.

കേസ്സിൽ പ്രധാനപ്പെട്ട തെളിവുകളെ പരിഗണിക്കാതെ വിട്ടുകളഞ്ഞതിന്റെ ഫലമായിട്ടാണു് അപ്രേം പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പിന്റെ സാധുതയെപ്പററി ജഡ്ജിമാരായ നോക്സും, സത്യനേശനും തീരുമാനം ചെയ്തതു്. പ്രതികളുടെ ഭാഗത്തുള്ള എല്ലാ മെത്രാപ്പോലീത്തന്മാരെയും തിരഞ്ഞെടുപ്പിനു് ക്ഷണിക്കപ്പെട്ടിരുന്നില്ല എന്നു് വാദികൾ തന്നെ സമ്മതിച്ചിട്ടുണ്ടു്. കാനോൻ നിയമം അനുസരിച്ചു് പാത്രിയർക്കീസ്സിന്റെ തിരഞ്ഞെടുപ്പിനു് എല്ലാ മെത്രാപ്പോലീത്തന്മാരേയും ക്ഷണിക്കപ്പെടേണ്ടതാണു്. വാദി ഭാഗം 17-ാം സാക്ഷി ഇതു സമ്മതിച്ചിട്ടുണ്ടു്. കീഴ് നടപ്പനുസരിച്ചു് തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു് സമ്മതം പ്രകടിപ്പിക്കുന്നതിനുള്ള ഒരവസരം നൽകേണ്ടതായിട്ടു ഉള്ള എന്നു ജസ്റ്റീസ് നോക്സ് സങ്കല്പിച്ചതിൽ അദ്ദേഹം തെററിപ്പോയി. 24-ാം വാദമുഖം ഈ പ്രശ്നത്തെപ്പററിയുള്ളതാണു്. ഇതു പ്രതികൾക്കനുകൂലമായി കീഴ്ക്കോടതി തീർച്ച ചെയ്തു. ഈ പ്രശ്നത്തെപ്പററി ഖണ്ഡിതമായ ഒരു തീരുമാനം ജസ്റ്റീസ് നോക്സ് രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തപ്പെട്ട തീരുമാനങ്ങൾ അവ്യക്തവും, അനിശ്ചിതവും ആണു്. ഇതു രേഖയിന്മേൽ പ്രത്യക്ഷത്തിലുള്ള ഒരു പ്രമാദമാണു്.

48. ഈ പ്രശ്നം 12-ാം കാരണത്തിൽ ഉൾക്കൊണ്ടിട്ടുണ്ടു്. ആ കാരണത്തെപ്പററി പരിഗണിച്ചപ്പോൾ ഏലിയാസ്, അപ്രേം എന്നീ പാത്രിയർക്കീസ്സന്മാരുടെ തിര

ഞ്ഞെടുപ്പിനെപ്പററി ഞങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ആയതുകൊണ്ട് ഈ പ്രശ്നത്തേപ്പററി വീണ്ടും സുദീർഘമായി പ്രതിപാദിക്കേണ്ടയാവശ്യം ഇല്ല. ഈ പ്രശ്നം ഉന്നയിച്ചിട്ടുള്ള 24-ാം വാദമുഖം ജസ്റ്റീസ് നോക്സ് അദ്ദേഹത്തിൻെറ പരിഗണനയിൽ നിന്നും വിട്ടു കളഞ്ഞിരുന്നില്ല. യഥാർത്ഥത്തിൽ 24-ാം വാദമുഖം തന്നെ അദ്ദേഹം 737-ാം വശത്ത് ഉദ്ധരിച്ചിട്ടുണ്ട്. ഈ പ്രശ്നത്തെപ്പററിയുള്ള കീഴ്ക്കോടതിയുടെ പ്രതിപാദനം അപര്യാപ്തമായിരുന്നു എന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. ഈ പ്രശ്നത്തെ സംബന്ധിച്ചുള്ള കാനോൻ നിയമങ്ങളോ, തെളിവിൽ ഹാജരാക്കപ്പെട്ട പ്രമാണങ്ങളോ, മൊഴികളോ കീഴ്ക്കോടതി പരിഗണിച്ചിട്ടില്ല. ഈ പ്രശ്നത്തിൻെറ നാനാ വശങ്ങളെപ്പററിയും അഭിജ്ഞനായ ജഡ്ജി പരിചിന്തനം ചെയ്യുകയും, മലങ്കര സഭ എന്നതു പട്ടക്കാരും (മേൽപ്പട്ടക്കാരെ കൂടാതെ) അത്മായക്കാരും ഉൾപ്പെട്ടതാണെങ്കിൽ ആ സഭയ്ക്കു പാത്രിയർക്കീസ്സിൻെറ തിരഞ്ഞെടുപ്പിൽ സംബന്ധിക്കുന്നതിന് അവകാശമില്ലെന്ന് തീരുമാനിച്ചു. മലങ്കര മെത്രാപ്പോലിത്തായ്ക്ക് തിരഞ്ഞെടുപ്പിൽ സംബന്ധിക്കുന്നതിന് അവകാശമുണ്ടെന്നും അദ്ദേഹം തീരുമാനിച്ചു. കേസിലെ തെളിവുകൾ പരിശോധിച്ച ശേഷം, തിരഞ്ഞെടുപ്പിൽ മലങ്കര സഭയുടെ സമ്മതം പ്രകടിപ്പിക്കുന്നതിന് അവസരം നൽകുക എന്നതു മാത്രമാണ് ഈ സംഗതിയിലുള്ള നടപടി എന്നും അദ്ദേഹം തീരുമാനിച്ചു. അപ്രേം പാത്രിയർക്കീസ്സിൻെറ തിരഞ്ഞെടുപ്പ് സംബന്ധിച്ച് മലങ്കരയ്ക്കു ക്ഷണനം അയച്ചിരുന്നു എന്നും, അദ്ദേഹത്തെ നിയമാനുസരണം തിരഞ്ഞെടുത്തിട്ടുള്ളതാണെന്നും അഭിജ്ഞനായ ജഡ്ജി വ്യക്തമായി തീരുമാനിച്ചു (P. 713) ആയതു കൊണ്ട് ഈ സംഗതിയിൽ അഭിജ്ഞനായ ജഡ്ജിയുടെ തീരുമാനം അവ്യക്തവും അനിശ്ചിതവും ആണെന്ന് പറയുന്നതെങ്ങിനെ എന്നു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നു. പാത്രിയർക്കീസിൻെറ തിരഞ്ഞെടുപ്പിൽ സംബന്ധിക്കുന്നതിന് മലങ്കര മെത്രാപ്പോലീത്തായ്ക്കു കാനോൻ നിയമപ്രകാരം അവകാശം ഉണ്ടെന്ന് യഥാർത്ഥത്തിൽ അദ്ദേഹം തീരുമാനം ചെയ്തിട്ടുണ്ട്. എന്നാൽ ഇതു സംബന്ധി

ച്ച് സഭയിലുള്ള കീഴ്നടപടിയെ സംബന്ധിച്ച് കേസിൽ ഹാജരാക്കിയിട്ടുള്ള പ്രമാണങ്ങളും, മൊഴിയും പരിശോധിച്ച ശേഷം, മലങ്കരസഭ സംബന്ധിക്കാതെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പാത്രിയർക്കീസന്മാരെ മലങ്കരയിൽ അംഗീകരിച്ചിട്ടുണ്ടെന്നുള്ള കാരണത്താലും, മാർ ഗീവർഗീസ് ദീവന്നാസ്യോസും, ഒന്നാം പ്രതിയും, മാർ ഏലിയാസ് മാർ അപ്രേം എന്നിവരെ നിയമാനുസരണമായ പാത്രിയർക്കീസന്മാരായി പെരുമാറിയിരുന്നതിനാലും, അഭിജ്ഞനായ ജഡ്ജി അവർ ശരിയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പാത്രിയർക്കീസന്മാരാണെന്നുള്ള തീരുമാനത്തിൽ എത്തിച്ചേർന്നു. മാർ അപ്രേമിൻെറ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം, ആയതിന് മലങ്കരക്ക് ക്ഷണനം യഥാർത്ഥത്തിൽ അയച്ചിരുന്നു എന്നുള്ള കൂട്ടതൽ വസ്തുത കൂടി ഉണ്ടെന്നാണ് അഭിജ്ഞനായ ജഡ്ജിയുടെ അഭിപ്രായം. ഈ നിലയിൽ, ഈ സംഗതിയിൽ ഉണ്ടായിട്ടുള്ള തീരുമാനത്തിന് രേഖയിന്മേൽ പ്രത്യക്ഷമായി എന്തെങ്കിലും പ്രമാദമോ പിശകോ ഉണ്ടായിട്ടുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല.

49. കാരണം 15.

ഹർജിക്കാരുടെ അഭിജ്ഞനായ അഭിഭാഷകൻെറ അവസാനത്തെ വാദം റശീസായേ സംബന്ധിച്ചായിരുന്നു. റശീസായിൽ പാത്രിയർക്കീസിനുള്ള അവകാശത്തെ നിഷേധിച്ചുകൊണ്ട് എ. എം. അക്ക ഭരണഘടനയിൽ ഉള്ള വ്യവസ്ഥ, കാനോൻ നിയമത്തിനും സഭയുടെ കീഴ്നടപ്പിനും എതിരാണെന്നും, അതു പാത്രിയർക്കീസിൻെറ അധികാര നിഷേധനം ആണെന്നും ജഡ്ജിമാരായ നോക്സും സത്യനേശനും തീരുമാനിച്ചു. എന്നാൽ റശീസാ സൌജന്യമായ ഒരു ദാനം മാത്രമാണ്. 1911-ൽ മാർ ദീവന്നാസ്യോസിൻെറ കക്ഷികൾ, പാത്രിയർക്കീസിന് റശീസാ കൊടുക്കുന്ന പതിവ് നിർത്തിവയ്ക്കുന്നതിന് തീരുമാനം ചെയ്തതായി തെളിവുണ്ട്. ആയതുകൊണ്ട് റശീസായെ സംബന്ധിച്ച് എ. എം. അക്കത്തിലുള്ള വ്യവസ്ഥ നൂതനമല്ല. ഏതു നിലയിലും ഇതു സഭയുടെ മൌലികതത്വങ്ങളിൽ ഉ

ശ്പ്പെടുന്നതല്ല. ആയതുകൊണ്ട്, എ. എം. അക്കം ഭരണഘടനയിൽ റശീസായെപ്പററിയുള്ള വ്യവസ്ഥ, ട്രസ്റ്റിന്റെ ആദ്യ ഉദ്ദേശത്തിൽ നിന്നും വ്യതിചലിക്കുന്നതിന് പര്യാപ്തമാണെന്നുള്ള തീരുമാനത്തിൽ അഭിജ്ഞരായ ജഡ്ജിമാർ തെററിപ്പോയി.

50. ഈ പ്രശ്നത്തെ സംബന്ധിച്ച് അഭിജ്ഞരായ ജഡ്ജിമാരുടെ തീരുമാനത്തിൽ, എന്തെങ്കിലും രേഖയിന്മേൽ പ്രത്യക്ഷത്തിലുള്ള തെറോ പിശകോ ഉള്ളതായി ഞങ്ങൾക്ക് തോന്നുന്നില്ല. റശീസാ സൌജന്യമായ ഒരു ദാനമാണെന്നും, അതു 1911-ൽ നിർത്തി വച്ചിരുന്നു എന്നും ഉള്ള പ്രതികളുടെ വാദം ജസ്റ്റീസ് നോക്സ് 783-ാം വശത്തു പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ കാനോൻ നിയമപ്രകാരവും സഭയുടെ കീഴ്നടപ്പനുസരിച്ചും, റശീസാ ലഭിക്കുന്നതിനു പാത്രിയർക്കീസിന് അവകാശം ഉണ്ടെന്ന് അദ്ദേഹം തീരുമാനിച്ചു. റശീസാ പാത്രിയർക്കീസിന്റെ അധികാരത്തിലുള്ളതാണെന്നുള്ള കാനോൻ വ്യവസ്ഥ അദ്ദേഹം ചൂണ്ടികാണിച്ചിട്ടുണ്ട്. പാത്രിയർക്കീസല്ലാതെ മററാരെങ്കിലും അതു കൈവശപ്പെടുത്തുന്നപക്ഷം, അത് നാലിരട്ടിയായി തിരിയെ ഏല്പിക്കുന്നതുവരെ അയാളെ സഭയിൽ നിന്നും പുറത്താക്കപ്പെടുമെന്നും കൂടി കാനോനിൽ വ്യവസ്ഥയുണ്ട്. സഭയുടെ കീഴ്നടപടിയേ കാണിക്കുന്ന പ്രമാണങ്ങളേയും അഭിജ്ഞനായ ജഡ്ജി പരാമർശിക്കുന്നുണ്ട്. ഈ സംഗതിയിൽ അദ്ദേഹം സ്വീകരിച്ച തീരുമാനം ഇതാണ്.

“ഈ സംഗതിയിൽ സഭയുടെ കാനോൻ ചട്ടങ്ങളിൽ നിന്നും, കീഴ്നടപടിയിൽനിന്നും പ്രസ്പഷ്ടമായ ഒരു വ്യതിചലനം കാണുന്നുണ്ട്. അതിനു മുമ്പേ വരുത്തികൂട്ടിയ ഒരു വ്യത്യാസത്തെ ഭരണഘടന സുസ്ഥിരമാക്കുക മാത്രമേ ചെയ്തിട്ടുള്ളു എന്നതുകൊണ്ട് അതിന്റെ ഫലത്തെ ദുർബലപ്പെടുത്തുന്നില്ല.”

എ. എം. അക്കത്തിലുള്ള ഈ വ്യവസ്ഥകൊണ്ടുമാത്രം ഒന്നാം പ്രതിയും അനുയായികളും സഭ വിട്ടുപോയതായി

പരിഗണിക്കണം എന്ന് അഭിജ്ഞരായ ജഡ്ജിമാർ തീരുമാനിച്ചിട്ടില്ല. അവർ സുദീർഘമായി പ്രതിപാദിച്ചിട്ടുള്ള എ. എം. അക്കത്തിലെ മററു വ്യവസ്ഥകളുടെ കൂട്ടത്തിൽ, റശീസായെ സംബന്ധിച്ചുള്ള ഈ വ്യവസ്ഥയും പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിക്കുന്നതാണെന്നുമാത്രമേ അഭിജ്ഞരായ ജഡ്ജിമാർ തീരുമാനിച്ചിട്ടുള്ളു. ആയതുകൊണ്ട് ഈ കാരണത്തിലും യാതൊരു കഴമ്പും ഇല്ല.

51. റവ്യൂ ഹർജിഭാഗക്കാർക്കുവേണ്ടി ഞങ്ങളുടെ മുമ്പാകെ ഉന്നയിക്കപ്പെട്ട എല്ലാ കാരണങ്ങളും ഞങ്ങൾ സുദീർഘമായി പരിചിന്തനം ചെയ്തശേഷം, ജഡ്ജ്മെന്റ് റവ്യൂ ചെയ്യത്തക്ക യാതൊരു കാരണവും കാണിച്ചിട്ടില്ലെന്ന് ഞങ്ങൾ തീരുമാനിക്കുന്നു. ആയതുകൊണ്ട് ഞങ്ങൾ റവ്യൂ ഹർജി ചിലവുസഹിതം തള്ളിയിരിക്കുന്നു.

സി. കൻഹിംഗാമൻ ചീഫ് ജസ്റ്റീസ്.

പ്രശസ്തരായ അഭിഭാഷകരുടെ വിലയേറിയ സഹായം ലഭിച്ചിട്ടും, കുഴപ്പങ്ങൾ കൊണ്ട് നിറഞ്ഞതും, മുമ്പുണ്ടായിരുന്ന തിരുവിതാംകൂർ ഹൈക്കോടതിയിൽ ദീർഘകാലം തുടന്നു കിടന്നിരുന്ന കാലഘട്ടത്തിൽ വികൃതമായ ഉപകഥകളിൽ നിന്നും പൂർണ്ണമായി മോചനം ലഭിച്ചിട്ടില്ലാത്തതുമായ ഈ കേസ് ഞങ്ങൾക്ക് വളരെ ഉൽക്കണ്ഠയും അസഹ്യതയും ഉളവാക്കിയിട്ടുണ്ട്. അഭിഭാഷകരുടെ സാമർത്ഥ്യം ഏറിയ വാദത്തിൽ ഞങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ട എല്ലാസംഗതമായ വശങ്ങളെപ്പററിയും ഞങ്ങൾ പ്രതിപാദിക്കേണ്ടി വന്നിട്ടുണ്ട്. ഈ റവ്യൂ ഹർജി ചിലവു സഹിതം തള്ളണമെന്നുള്ള എന്റെ അഭിജ്ഞനായ സഹോദരന്റെ തീരുമാനത്തോട് ഞാനും യോജിക്കുന്നു എന്നു മാത്രമേ എനിക്കു പറയുവാനുള്ളു.

ജസ്റ്റീസ്. പി. കെ. സുബ്രഹ്മണ്യ അയ്യർ.

ചീഫ് ജസ്റ്റീസ് പ്രസ്താവിച്ച എല്ലാ സംഗതികളേയും ഞാൻ പിൻതാങ്ങുകയും, ജഡ്ജ്മെന്റ് റവ്യൂ ചെയ്യണമെ

ന്നുള്ള ഈ അപേക്ഷ ചിലവു സഹിതം തള്ളണമെന്നുള്ള ഞങ്ങളുടെ സഹപ്രവർത്തകൻെറ തീരുമാനത്തോടു ഞാനും യോജിക്കുകയും ചെയ്യുന്നു.

21—12—51.

ഈ വിധി പ്രസ്താവിച്ചതിനു ശേഷം, ഇന്ത്യൻ ഭരണഘടന 133-ാം വകുപ്പനുസരിച്ച് സുപ്രീം കോർട്ടിൽ അപ്പീൽ ബോധിപ്പിക്കുന്നതിലേക്ക് സർട്ടിഫിക്കേററ് ലഭിക്കുന്നതിന് ഹർജിക്കാർക്കുവേണ്ടി മി. സൈമൺ അപേക്ഷിച്ചു. അപ്രകാരം ഒരു സർട്ടിഫിക്കേററ് കൊടുക്കുന്നതിന് യോഗ്യമായ ഒരു കേസ്സാണ് ഇതു എന്നു ഞങ്ങൾക്ക് ബോദ്ധ്യമില്ല.

(Sd.) C. Kunhiraman Chief Justice

(Sd.) P. K. Subramania Iyer Judge

(Sd.) Joseph Vithayathil Judge)

Printed at the Victory Press, & Sales Depot Kottayam.

വില്പനയ്ക്കു തയ്യാർ.

മലങ്കര സുറിയാനി സമുദായക്കേസ്

വിധി

(ചീഫ് ജസ്റ്റീസ് കൃഷ്ണസ്വാമി അയ്യങ്കാർ, ജസ്റ്റീസ് നോക്സ്, ജസ്റ്റീസ് സത്യനേശൻ എന്നിവർ പ്രസ്താവിച്ച മൂന്നു ജഡ്ജ്മെൻറുകളുടെയും മലയാള പരിഭാഷ)

മോഡേൺ ബുക്ക—സ്റ്റാൾ,
കോട്ടയം.